بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ    نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ    وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

വാല്യം 3

വാർഷിക വരിസംഖ്യ 500 രൂപ

# ബദർ

വീക്കിലി ഖാദിയാൻ

The weekly BADAR Qadian Malayalam

ലക്കം 14-15

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 ഏപ്രിൽ 05-12/ഹി:ശം:1397 ശഹാദത്ത് 05-12/ഹി:ഖ:1439 റജബ് 17-24


## അല്ലാഹുവിന്റെ വചനം

یٰۤاَیُّہَا الَّذِیۡنَ اٰمَنُوا اسۡتَعِیۡنُوۡا بِالصَّبۡرِ وَالصَّلٰوۃِ ؕ اِنَّ اللّٰہَ مَعَ الصّٰبِرِیۡنَ

(سورة البقرة:149)

*യാ അയ്യുഹല്ലദീന ആമനുസ്ത ഈനൂബിസ്സബ്രി വസ്സ്വലാത്ത് ഇന്നല്ലാഹ മഅസ്സാബിരീൻ*

വിശ്വസിച്ചവരേ! നിങ്ങൾ സഹനവും പ്രാർഥനയും വഴി സഹായം തേടുവിൻ! നിശ്ചയമായും അല്ലാഹു സഹനശീലരുടെ കൂടെയാകുന്നു(2:154)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**അല്ലാഹു ഈ ദുആ പഠിപ്പിക്കുകയും നമസ്കാരത്തിൽ അതെപ്പോഴും ചൊല്ലൽ നിർബന്ധമാക്കുകയും ചെയ്തു. ഇത് ചൊല്ലാതെ നമസ്കാരം ശരിയാകുകയില്ല ; ഗയ്‌രിൽ മഗ്‌ളൂബി അലയ്ഹിം അതായത് നമ്മൾ മുൻഅംഅലയ്ഹി (അനുഗ്രഹിക്കപ്പെട്ടവരിൽ) ആയതിനുശേഷം മഗ്‌ളൂബി അലയ്ഹിം(കോപിക്കപ്പെട്ടവരിൽ) ആകാൻ പാടില്ല. അതുകൊണ്ട് എപ്പോഴും അല്ലാഹുവിന്റെ പരാശ്രയരഹിതത്വത്തെ ഭയപ്പെട്ടുകൊണ്ടിരിക്കേണ്ടതാണ്.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

**ദൃഷ്ടാന്തം 126:** മീർ അബ്ബാസ് അലി എന്നു പേരുള്ള ഒരാൾ ലോധാനയിൽ ഉണ്ടായിരുന്നു. അയാൾ ബയ്അത്ത് ചെയ്തവരിൽപ്പെട്ടിരുന്നു. കുറച്ചുവർഷംവരെ അദ്ദേഹം ആത്മാർഥതയിൽ ഏതുവിധം അഭിവൃദ്ധിപ്പെട്ടുവെന്നാൽ, അദ്ദേഹത്തിന്റെ അപ്പോഴത്തെ അവസ്ഥയുടെ അടിസ്ഥാനത്തിൽ ഒരിക്കൽ ഇൽഹാമുണ്ടായി: **അസ്‌ലുഹാ ഥാബിത്തുൻ വ ഫർഉഹാഫിസ്സമാഉ.** ഈ ഇൽഹാമുകൊണ്ടുള്ള ഉദ്ദേശ്യം കേവലം അക്കാലത്ത് വിശ്വാസത്തിൽ അടിയുറച്ചുനിന്നിരുന്ന ആളായിരുന്നു അദ്ദേഹം എന്നാണ്. അപ്രകാരംതന്നെ അദ്ദേഹം അക്കാലത്ത് സുലക്ഷണങ്ങൾ പ്രകടിപ്പിക്കുകയും ചെയ്തു. എന്നെ കുറിച്ചല്ലാതെ മറ്റൊരു വിചാരവും അദ്ദേഹത്തിനുണ്ടായിരുന്നില്ല. എന്റെ എല്ലാ കത്തുകളും അങ്ങേയറ്റം അനുഗ്രഹമുള്ളതെന്ന് മനസ്സിലാക്കി തന്റെ കൈകൊണ്ട് അതിന്റെ കോപ്പി എഴുതാറുണ്ടായിരുന്നു; ആളുകളെ ഉപദേശിക്കുമായിരുന്നു. തീൻമേശയിലെ ഒരു റൊട്ടിക്കഷണമാണെങ്കിലും അനുഗ്രഹമെന്ന് മനസ്സിലാക്കി അതു തിന്നുമായിരുന്നു. ലുധിയാനയിൽനിന്ന് ആദ്യമായി അദ്ദേഹംതന്നെയാണ് ഖാദിയാനിൽ വന്നത്. അബ്ബാസ് അലി വഞ്ചിതനാകുമെന്നും പിന്തിരിഞ്ഞുപോകുമെന്നും അല്ലാഹുവിൽനിന്ന് ഒരിക്കൽ എനിക്ക് കാണിക്കപ്പെട്ടിരുന്നു. ആ എന്റെ കത്തും അദ്ദേഹം എന്റെ മൽഫൂളാത്തിൽ രേഖപ്പെടുത്തി. അതിനുശേഷം അദ്ദേഹവുമായി കൂടിക്കാഴ്ച ഉണ്ടായപ്പോൾ അദ്ദേഹം, തന്നെ സംബന്ധിച്ച് ഉണ്ടായ ആ ജാഗ്രദർനത്തിൽ തനിക്ക് അത്ഭുതം തോന്നിയെന്നും താൻ അങ്ങേയ്ക്കുവേണ്ടി മരിക്കാൻ തയ്യാറാണെന്നും എന്നോടു പറഞ്ഞു. ഞാൻ അദ്ദേഹത്തോട് പറഞ്ഞു: *'താങ്കൾക്ക് വിധിക്കപ്പെട്ടത് പൂർത്തിയാകുകതന്നെ ചെയ്യും.'* പിന്നീട് ഞാൻ മസീഹ് മൗഊദ് ആണെന്ന് വാദിച്ച സമയം വന്നു. ആ വാദം അദ്ദേഹത്തിന് അത്ര പിടിച്ചില്ല. ആദ്യമൊക്കെ മനസ്സിൽ അതുമിതുമൊക്കെ പറഞ്ഞുകൊണ്ടിരുന്നു. അതിനുശേഷം മൗലവി അബൂസഈദ് മുഹമ്മദു ഹുസയ്ൻ സാഹിബുമായി, എന്റെ ഭാഗത്തുനിന്ന് ലുധിയാനയിലുണ്ടായ വാദപ്രതിവാദത്തിന്റെ നേരത്ത്, ആ പരിപാടിക്ക് കുറച്ചു ദിവസം മുമ്പേ അദ്ദേഹത്തിന് എതിരാളികളുടെ സഹവാസത്തിലിരിക്കാൻ അവസരം കിട്ടിയപ്പോഴാണ് എഴുതപ്പെട്ട വിധി വെളിപ്പെട്ടത്. അദ്ദേഹം വ്യക്തമായ നിലയിൽ വിഘടിക്കപ്പെട്ടു. പിന്നീട് എങ്ങനെ തലതിരിഞ്ഞുപോയെന്നാൽ മനസ്സിലുണ്ടായിരുന്ന ദൃഢവിശ്വാസവും മുഖത്തുണ്ടായിരുന്ന വെളിച്ചവുമെല്ലാം പൊയ്പ്പോയി. മതപരിത്യാഗത്തിന്റെ ഇരുട്ട് പ്രകടമായി. മുർത്തദ്ദായതിനുശേഷം ഒരു ദിവസം ലുധിയാനയിൽ പീർ ഇഫ്തിഖാർ അഹ്മദ് സാഹിബിന്റെ വീട്ടിൽ വച്ച് എന്നെ കണ്ടു. അദ്ദേഹം പറഞ്ഞു: *'ഒരു മുറിയിൽ നമ്മൾ ഇരുവരും അടയ്ക്കപ്പെടുക. 10 ദിവസംവരെ അടച്ചമുറിയിൽ കഴിയുക. ആരാണോ വ്യാജവാദി അവൻ മരിക്കുന്നതായിരിക്കും; ഞാനും താങ്കളും തമ്മിലുള്ള മത്സരം ഇങ്ങനെ നടത്താവുന്നതാണ്'.'* ഞാൻ പറഞ്ഞു: 'മീർ സാഹിബേ! ശരീഅത്തിനു വിരുദ്ധമായ അത്തരം പരീക്ഷണങ്ങളുടെ ആവശ്യമെന്താണ്? ഒരു നബിയും അല്ലാഹുവിനെ പരീക്ഷിച്ചിട്ടില്ല. എന്നാൽ, എന്നേയും താങ്കളേയും അല്ലാഹു കണ്ടുകൊണ്ടിരിക്കുന്നു. വ്യാജവാദിയെ സത്യവാന്റെ മുമ്പിൽ നശിപ്പിക്കാൻ അവൻ സ്വയം സർവശക്തനാണ്. അല്ലാഹുവിന്റെ ദൃഷ്ടാന്തങ്ങൾ മഴപോലെ വർഷിച്ചുകൊണ്ടിരിക്കുന്നു. താങ്കൾ സത്യാന്വേഷിയാണെങ്കിൽ ഖാദിയാനിൽ എന്നോടൊപ്പം പോരുക.' തന്റെ ഭാര്യ രോഗിയാണെന്നും പോരാൻ പറ്റുകയില്ലെന്നും മറുപടി വന്നു. അല്ലെങ്കിൽ എവിടെയോ പോയിരിക്കുകയാണെന്ന് പറഞ്ഞതായി തോന്നുന്നു; ഓർമയില്ല. ഇനി അല്ലാഹുവിന്റെ തീരുമാനം കാത്തിരിക്കുക എന്ന് ഞാൻ പറഞ്ഞു. പിന്നീട് അതേവർഷം അദ്ദേഹം വഫാത്താകുകയും ചെയ്തു. ഒരു മുറിയിലും അടച്ചിരിക്കേണ്ട ആവശ്യം വന്നില്ല. അതുകൊണ്ട് ഇത് ഭയപ്പെടേണ്ട അവസരമാണ്; അവസാനം അബ്ബാസ് അലിയുടെ അന്ത്യമെങ്ങനെയുണ്ടായി. ഇത്രമാത്രം അഭിവൃദ്ധിപ്പെട്ടതിനുശേഷം ഒറ്റനിമിഷത്തിൽ അധഃപതനത്തിന്റെ കുഴിയിൽ ചെന്നുവീണു. അയാളുടെ അവസ്ഥകളിൽനിന്ന് അനുഭവപ്പെട്ടത് ഏതെങ്കിലും വ്യക്തിയെ സംബന്ധിച്ച് സന്തോഷകരമായ ഇൽഹാമുണ്ടാകുകയാണെങ്കിലും, ചില ഘട്ടങ്ങളിൽ സന്തോഷവും ഒരു പ്രത്യേക സമയത്തേക്കായിരിക്കുമെന്നാണ്.[1]

അതായത് ഒരാൾ സന്തോഷകരമായ പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുവോളം, അല്ലാഹു അവിശ്വാസികളുടെമേൽ എല്ലായിടത്തും കോപം പ്രകടിപ്പിക്കുന്നു. അവരിലാരെങ്കിലും മുഅ്മിൻ ആകുകയാണെങ്കിൽ ഉടനെ ആ കോപം കാരുണ്യത്തിലേക്ക് വഴിമാറുന്നു. ഇപ്രകാരം ചിലപ്പോൾ കാരുണ്യം, കോപത്തിലേക്കും വഴിമാറാറുണ്ട്. ഇക്കാരണത്താലാണ് ഹദീഥ് ശരീഫിൽ വന്നിട്ടുള്ളത്, ഒരാൾ സ്വർഗവാസികളുടെ കർമങ്ങൾ ചെയ്തുകൊണ്ടിരുന്നു; അവന്റേയും സ്വർഗത്തിന്റേയുമിടയിൽ ഒരു ചാൺ അകലം അവശേഷിക്കുന്നതുവരെ. യഥാർഥത്തിൽ നിയതി നിയമത്തിൽ അവൻ നരകാവകാശിയാണ്. അവസാനം നരകത്തിൽ ഇടപെടുന്ന എന്തെങ്കിലും കർമമോ വിശ്വാസമോ അവനിൽനിന്നുണ്ടാകുന്നു. ഇപ്രകാരം ഒരാൾ സ്വർഗാവകാശിയായിരിക്കുകയും നരകാവകാശിയുടെ കർമം ചെയ്യുകയും ചെയ്യുന്നു; എത്രത്തോളമെന്നാൽ അവന്റേയും നരകത്തിന്റേയുമിടയിൽ ഒരു ചാണിന്റെ അകലം അവശേഷിക്കുന്നു. യഥാർഥത്തിൽ നിയതിനിയമത്തിൽ അവൻ നരകാവകാശിയായിരിക്കും. അവസാനം നരകത്തിൽ ഇടപെടുന്നവിധത്തിലുള്ള എന്തെങ്കിലും കർമമോ വിശ്വാസമോ അവനിൽനിന്നുണ്ടാകുന്നു. ഇപ്രകാരം ഒരു വ്യക്തി സ്വർഗസ്ഥനായിരിക്കും. നരകവാസികളുടെ കർമം ചെയ്യുന്നു. എത്രത്തോളമെന്നാൽ, അവന്റേയും നരകത്തിന്റേയുമിടയിൽ കേവലം ഒരു ചാൺ അകലം അവശേഷിക്കുന്നു. അവസാനം അവന്റെ വിധി അതിജയിക്കുന്നു. പിന്നീട് അവൻ സൽകർമങ്ങൾ ചെയ്യാൻ തുടങ്ങുന്നു. അതിൽ അവന്റെ മരണം സംഭവിക്കുന്നു. അവൻ സ്വർഗത്തിൽ പ്രവേശിപ്പിക്കപ്പെടുന്നു. ഞാൻ ചെയ്ത ഈ പ്രവചനം സത്യമാണെന്നതിനുള്ള തെളിവ്, ഒരു എതിരാളിക്കും നിഷേധിക്കാൻ സാധ്യമല്ല. മീർ അബ്ബാസ് അലിയുടെ ആ ഗ്രന്ഥത്തിൽ അയാൾ തന്റെ കൈകൊണ്ട് എന്റെ പ്രവചനം എഴുതിയിരിക്കുന്നു. (അത് പുലർന്നു) ആ ഗ്രന്ഥം ഇപ്പോഴുമുണ്ട്. ഞാൻ അയാളുടെ മരണശേഷം അയാളെ ഒരിക്കൽ സ്വപ്നം കണ്ടു. കറുത്തവസ്ത്രം ധരിച്ചിരിക്കുന്നു; അത് കാലുമുതൽ തലവരെ കറുത്തതാണ്. എന്നിൽനിന്ന് ഏകദേശം നൂറു ചുവട് അകലെ നില്ക്കുന്നു. എന്നോട് സഹായമെന്നനിലയിൽ എന്തോ യാചിക്കുന്നുണ്ട്. ഞാൻ മറുപടി നല്കി. ഇപ്പോൾ സമയം കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ എനിക്കും താങ്കൾക്കുമിടയിൽ വളരെ അകലമുണ്ട്. അതുകൊണ്ട് എന്റെയടുത്ത് എത്തുക സാധ്യമല്ല.

**ദൃഷ്ടാന്തം 127:** സഹജ്റാം എന്നു പേരുള്ള ഒരു വ്യക്തി അമൃതസറിലെ കമ്മീഷണറിയിൽ മുഖ്യ ഉദ്യോഗസ്ഥനായിരുന്നു. ആദ്യം അയാൾ സിയാൽക്കോട്ടു ജില്ലയിൽ ഡപ്യൂട്ടി കമ്മീഷണറുടെ മുഖ്യ ഉദ്യോഗസ്ഥനായിരുന്നു. അയാൾ എന്നോട് എപ്പോഴും മതപരമായ ചർച്ച നടത്താറുണ്ടായിരുന്നു. ഇസ്‌ലാംമതത്തോടു സ്വാഭാവികമായി ഒരു പകയുണ്ടായിരുന്നു. എന്റെ ഒരു വലിയ സഹോദരനുണ്ടായിരുന്നു; തഹ്സീൽദാർ പരീക്ഷ കൊടുക്കുകയും പാസാകുകയും ചെയ്തു. അദ്ദേഹം ഖാദിയാനിൽ വീട്ടിലുണ്ടായിരുന്നു. ജോലി പ്രതീക്ഷിച്ച് കഴിയുകയായിരുന്നു. ഒരു ദിവസം ഞാൻ ഞങ്ങളുടെ മുകളിലത്തെ നിലയിലെ ജനലുകളും വാതിലുകളുമുള്ള മുറിയിലിരുന്ന് ഖുർആൻ ഓതുകയായിരുന്നു. ഞാൻ വിശുദ്ധഖുർആന്റെ രണ്ടാമത്തെ പേജ് മറിക്കാൻ നോക്കുമ്പോൾ, അതേ അവസ്ഥയിൽ എന്റെ കണ്ണ് ജാഗ്രദർശന സ്ഥിതിയിലായി. സഹജ്റാം കറുത്തവസ്ത്രം ധരിച്ചിരിക്കുന്നതായി ഞാൻ കണ്ടു. യാചിക്കുന്നവരെപോലെ പല്ല് കാണിച്ച് എന്റെ മുമ്പിൽ നില്ക്കുന്നു; എന്നിൽ കരുണ കാണിച്ചാലും എന്നു പറയുന്നതുപോലെ. ഞാൻ അയാളോടു പറഞ്ഞു. ഇപ്പോൾ കരുണ കാണിക്കേണ്ട സമയമല്ല; അതേസമയം ഇയാൾ മരിച്ചുപോയിരിക്കുന്നുവെന്ന് അല്ലാഹു എന്റെ മനസ്സിൽ തോന്നിപ്പിച്ചു. അപ്പോൾ വിവരമൊന്നും പുറത്തു വന്നിരുന്നില്ല. അതിനുശേഷം ഞാൻ താഴെവന്നു. എന്റെ സഹോദരനോടൊപ്പം 6,7 ആളുകൾ ഇരിപ്പുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ജോലിയെ സംബന്ധിച്ച് സംസാരിക്കുകയായിരുന്നു. ഞാൻ പറഞ്ഞു: പണ്ഡിറ്റ് സഹജ്റാം മരിക്കുകയാണെങ്കിൽ ആ സ്ഥാനവും നല്ലതാണ്. അവരെല്ലാവരും ഞാൻ പറഞ്ഞതുകേട്ട് കുലുങ്ങി കുലുങ്ങി ചിരിക്കാൻ തുടങ്ങി. നല്ല ആരോഗ്യവാനായ മനുഷ്യനെ കൊല്ലുന്നതെന്തിനാണെന്ന് ചോദിച്ചു. രണ്ടാമത്തേയോ മൂന്നാമത്തേയോ ദിവസം പറഞ്ഞ അതേ ദിവസം സഹജ് റാം അത്യാഹിതത്തിൽ മരണപ്പെട്ടു എന്ന വിവരം ലഭിച്ചു.

**1.** അതുകൊണ്ട് അല്ലാഹു ഈ ദുആ പഠിപ്പിക്കുകയും നമസ്കാരത്തിൽ അതെപ്പോഴും ചൊല്ലൽ നിർബന്ധമാക്കുകയും ചെയ്തു. ഇത് ചൊല്ലാതെ നമസ്കാരം ശരിയാകുകയില്ല; ഗയ്‌രിൽ മഗ്‌ളൂബി അലയ്ഹിം അതായത് നമ്മൾ മുൻഅംഅലയ്ഹി (അനുഗ്രഹിക്കപ്പെട്ടവരിൽ) ആയതിനുശേഷം മഗ്‌ളൂബി അലയ്ഹിം(കോപിക്കപ്പെട്ടവരിൽ) ആകാൻ പാടില്ല. അതുകൊണ്ട് എപ്പോഴും അല്ലാഹുവിന്റെ പരാശ്രയരഹിതത്വത്തെ ഭയപ്പെട്ടുകൊണ്ടിരിക്കേണ്ടതാണ്. (ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസായിൻ, വാല്യം 22, പേജ് 307)


പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്‌രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# 2017 യൂ കെ ജൽസ സാലാനയുടെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ തിരക്കുകൾ

**അഹ്മദിയ്യാ ജമാഅത്ത് മനുഷ്യകുലത്തിന് ഒരു മാതൃകയാണ്.**

**ഹുദൂറിന്റെ മഹത്വം കണക്കുകൂട്ടാൻ പറ്റുകയില്ല.**

**ഹുദൂറുമായി കാണുമ്പോൾ ഒരു ആത്മീയശക്തി പ്രദാനം ചെയ്യപ്പെടുന്നു.**

ലോകത്തിലെ വിവിധ രാഷ്ട്രങ്ങളിൽനിന്ന് ജൽസയിൽ പങ്കെടുക്കാനെത്തിയ സംഘങ്ങളുമായി ഹദ്റത്ത് അമീറുൽമുഅ്മിനീന്റെ കൂടിക്കാഴ്ചകൾ.

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

(തുടർച്ച)

**2017 ജൂലായ് 31 (തിങ്കളാഴ്ച)**

**സൈപ്രസ്(Cyprus)കാരുമായി കൂടിക്കാഴ്ച:**

സൈപ്രസിൽനിന്ന് അവിടത്തെ ജമാഅത്ത് സ്വദ്ർ Rami Shaher Jebrim Aljabari സാഹിബ്, അദ്ദേഹത്തിന്റെ ഭാര്യയുടേയും പൗത്രിയുടേയുമൊപ്പമാണ് വന്നിരുന്നത്.

ഹുദൂർ അയ്യദഹുല്ലാഹ് സ്വദ്ർ സാഹിബിന്റെ ഭാര്യയോടും പൗത്രിയോടും ചോദിച്ചു: ജൽസ എങ്ങനെയുണ്ടായിരുന്നു? അവർ രണ്ടുപേരും ആദ്യമാണ് യു.കെയിൽ വരുന്നത്; ആദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നതും. അവരിരുവരും പറഞ്ഞു: ജൽസയിൽ പങ്കെടുത്ത് ഞങ്ങൾക്കു വളരെ സന്തോഷമായി. ഇത് ഞങ്ങളുടെ ജീവിതത്തിലെ ആദ്യസംഭവമായിരുന്നു. ഞങ്ങൾ ആദ്യമായാണ് അഹ്മദിയ്യാ കമ്മ്യൂണിറ്റിയിലെ ഇത്രവലിയ ജനക്കൂട്ടം കണ്ടത്. വളരെ നല്ല അന്തരീക്ഷമായിരുന്നു. എല്ലായിടത്തും സമാധാനമുണ്ടായിരുന്നു. എല്ലാവരും സേവനത്തിൽ നിരതരായിരുന്നു. ഞങ്ങളെ വളരെ നല്ല നിലയിൽ ശ്രദ്ധിക്കുകയുണ്ടായി.

സൈപ്രസ് ജമാഅത്തിന്റെ സ്വദ്ർ സാഹിബ് പറഞ്ഞു: അദ്ദേഹം മുമ്പേ യു.കെയിൽ വന്ന് ഹുദൂറുമായി കൂടിക്കാഴ്ച നടത്തുകയും ഇവിടെ അതിഥി എന്ന നിലയിൽ താമസിക്കുകയും ചെയ്തു കഴിഞ്ഞിട്ടുള്ളയാളാണ്. പക്ഷേ, ആദ്യമായാണ് ജൽസയിൽ പങ്കെടുക്കുന്നത്. ആദ്യ അനുഭവമായിരുന്നു. അദ്ദേഹം പറഞ്ഞു: ഞങ്ങൾ ഇവിടെനിന്ന് വളരെയധികം പഠിച്ചു. ഹുദൂറിന്റെ പ്രഭാഷണങ്ങൾ ഞങ്ങളിൽ അഗാധമായ സ്വാധീനം ചെലുത്തി. മടങ്ങിച്ചെന്നാൽ ഞങ്ങളുടെ ചുറ്റുവട്ടത്തുള്ള ആളുകളോടു ജൽസയെക്കുറിച്ച് പറയുന്നതാണ്.

◆ സൈപ്രസ് സംഘത്തിന്റെ ഹുദൂറുമായുള്ള കൂടിക്കാഴ്ച 1.20ന് അവസാനിച്ചു. അവസാനം സംഘാംഗങ്ങൾ ഹുദൂറുമൊത്ത് ഫോട്ടോയുമെടുത്തു.

**ഇന്തൊനേഷ്യൻ സംഘവുമായുള്ള കൂടിക്കാഴ്ച:**

അതിനുശേഷം ഇന്തൊനേഷ്യയിൽനിന്നു വന്ന രണ്ടു പ്രൊഫസർമാർ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. അവരിൽ ഒരാൾ പ്രൊഫസർ ഡോക്ടർ അബ്ദുർറഹീം യുനുസ് സാഹിബാണ്. അദ്ദേഹം Makasar അലാവുദ്ദീൻ ഇസ്‌ലാമിക് സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ ഇസ്‌ലാമിക് ഹിസ്റ്ററിയുടെ പ്രൊഫസറാണ്. രണ്ടാമത്തെ സുഹൃത്ത് ഡോക്ടർ അബ്ദുൽ മുത്വലിബ് Juri സാഹിബാണ്. അദ്ദേഹം Banjarmasim Antasari ഇസ്‌ലാമിക് സ്റ്റേറ്റ് യൂണിവേഴ്സിറ്റിയിലെ പ്രൊഫസറാണ്. ഈ രണ്ട് അതിഥിയും തങ്ങളെ പരിചയപ്പെടുത്തുകയും അവിടെ ജമാഅത്തുമായി തങ്ങൾക്കു ബന്ധമുണ്ടെന്ന് പറയുകയും ചെയ്തു.

ഹുദൂർ അവരിരുവരുടെയും ജൽസയെകുറിച്ചുള്ള അഭിപ്രായങ്ങൾ അന്വേഷിച്ചു. അവർ പറഞ്ഞു: ജൽസയുടെ ഏർപാടുകൾ വളരെ നല്ലതായിരുന്നു, ഇവിടെ എല്ലാവരും സന്നദ്ധസേവകരെന്ന നിലയിലാണ് പണിയെടുക്കുന്നത്. അവരെല്ലാം വിദ്യാസമ്പന്നരുമായിരുന്നു. ഇക്കാര്യം ഞങ്ങളെ അത്ഭുതപ്പെടുത്തി. ഇങ്ങനെ മറ്റൊരിടത്തും ഞങ്ങൾ കണ്ടിട്ടില്ല. നിങ്ങൾ വളരെ സമാധാനകാംക്ഷികളാണ്. ഇത്ര വൻജനക്കൂട്ടമായിരുന്നിട്ടും വഴക്കോ ലഹളയോ ഒന്നുമുണ്ടായിരുന്നില്ല. അപ്പോൾ ഹുദൂർ പറഞ്ഞു: ഞങ്ങൾ എല്ലാ ഓരോരുത്തർക്കും സമാധാനവും ശാന്തിയും പകരുന്നവരാണ്. ഞങ്ങൾ ജനങ്ങൾക്ക് ജീവൻ കൊടുക്കുന്നവരാണ്; ജീവൻ എടുക്കുന്നവരല്ല.

പ്രൊഫസർമാരുടെ ഈ കൂടിക്കാഴ്ച 1.20ന് സമാപിച്ചു. അതിനുശേഷം ആ രണ്ടു അതിഥിയും ഹുദൂറിനോടൊപ്പം ഫോട്ടോയുമെടുത്തു.

**നേപ്പാൾ(Nepal) സംഘവുമായുള്ള കൂടിക്കാഴ്ച:**

അതുകഴിഞ്ഞ് നേപ്പാളിൽനിന്നുവന്ന സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. ആറു പേരടങ്ങുന്ന സംഘമാണ് നേപ്പാളിൽനിന്ന് ജൽസയിൽ പങ്കെടുക്കാൻ വന്നത്. ഇവരിൽ മൂന്നു അതിഥികളായിരുന്നു. ഒന്ന് Dr.Milan Maharjan സാഹിബയായിരുന്നു. അവർ Head of Ear Care Nepal ആണ്. അവരുടെ ബന്ധം ബുദ്ധമതവുമായിട്ടാണ്. രണ്ടാമത്തേത് Mr.Naresh Shakya സാഹിബായിരുന്നു. അദ്ദേഹം ഒരു ബുദ്ധിസ്റ്റ് സ്കോളറും ടീച്ചറുമാണ്. മൂന്നാമത്തെ അതിഥി Dr.Govinda Upadhyaya സാഹിബായിരുന്നു. അദ്ദേഹം ഹിന്ദുവാണ്. കാഠ്മണ്ഡു Tribhuvan യൂണിവേഴ്സിറ്റിയിൽ ഫിലോസഫിയുടേയും സൈക്കോളജിയുടേയും പ്രൊഫസറാണ്.

സംഘത്തിലെ അംഗങ്ങൾ പറഞ്ഞു: ഇസ്‌ലാമിനെ ആദ്യമായാണ് ഞങ്ങൾ പരിചയപ്പെടുന്നത്. അപ്പോൾ ഹുദൂർ പറഞ്ഞു: അഹ്മദിയ്യാ ജമാഅത്ത് സമർപ്പിക്കുന്നത് ഇസ്‌ലാമിന്റെ ശരിയായ ചിത്രമാണ്.

അതിഥികൾ പറഞ്ഞു: ജൽസാ സാലാന വളരെ നല്ലതായിരുന്നു. ഞങ്ങൾ ജൽസയിൽ വളരെ ആകർഷിതരായി. ഇത്തരം ദൃശ്യം ഞങ്ങൾ ഇതിനുമുമ്പേ ഒരിടത്തും കണ്ടിട്ടില്ല. മുപ്പതിനായിരമാളുകൾ ഒരിടത്ത് സംഘടിക്കുക. എല്ലാ ഏർപാടുകളും താൽക്കാലികമായിരിക്കുക. ഏർപ്പാടുകളിലൊന്നും ഒരു കുറവും ഉണ്ടാകാതിരിക്കുക. എല്ലാ ജോലിയും നല്ല രീതിയിൽ പര്യവസാനിക്കുക.

അപ്പോൾ ഹുദൂർ പറഞ്ഞു: നിങ്ങൾ ജൽസാ സാലാനയും അതിന്റെ എല്ലാ ഏർപാടുകളും കണ്ടു. ഇതുതന്നെയാണ് ഇസ്‌ലാമിന്റെ യഥാർഥവും സത്യസന്ധവുമായ ചിത്രം.

സംഘത്തിലെ അതിഥികൾക്ക് ജാമിഅ അഹ്മദിയ്യായിലാണ് താമസത്തിനുള്ള സൗകര്യം ഏർപാട് ചെയ്തിരുന്നത്. അവിടെ ഡ്യൂട്ടി നിർവഹിച്ചിരുന്ന വിദ്യാർഥികളെ അതിഥികൾ പ്രശംസിച്ചു പറഞ്ഞു. വളരെ നല്ല നിലയിൽ ആ വിദ്യാർഥികൾ തങ്ങളെ നോക്കിയെന്നും തങ്ങൾക്കു സേവനം ചെയ്തുവെന്നും പറഞ്ഞു.

◆ പ്രൊഫസർ Dr.Govinda സാഹിബ് പറഞ്ഞു: ഹുദൂറിന്റെ സമാപന പ്രഭാഷണം കേട്ടതോടെ എന്റെ എല്ലാ സംശയങ്ങൾക്കും മറുപടി ലഭിച്ചു. ഹുദൂർ അൻവറിന്റെ പ്രഭാഷണം എന്റെ അറിവുകൾ വർധിപ്പിച്ചു. ഇവിടെ വന്ന് ഞാൻ വളരെയധികം പഠിച്ചു.

◆ N.G.O. Ear Care ന്റെ ഹെഡ് ഡോക്ടർ Dr.Milan Maharjan സാഹിബ ജൽസയെ കുറിച്ച് പറഞ്ഞു: ഞാൻ ജൽസയുടെ ഒരുക്കങ്ങൾ കണ്ട് വളരെ അത്ഭുതപ്പെട്ടു. പ്രത്യേകിച്ചും എല്ലാ ജോലികളും ചെയ്തത് സന്നദ്ധസേവകരാണെന്നറിഞ്ഞപ്പോൾ യുവാക്കളായ സന്നദ്ധ സേവകരുടെ ആവേശവും ഉത്സാഹവും കണ്ട് വളരെ അത്ഭുതം തോന്നി. ആഗോള ബയ്അത്തിന്റെ ദൃശ്യവും വിവരണാതീതമാണ്. ഇമാമുമായി കൂടിക്കാഴ്ച നടത്തുന്നതിനുമുമ്പേ, ഞാൻ കരുതിയത് അദ്ദേഹവും മറ്റു മതനേതാക്കന്മാരെപ്പോലെ വളരെ ഗൗരവും കാർക്കശ്യ സ്വഭാവവുമുള്ള ആളായിരിക്കുമെന്നാണ്. പക്ഷേ, അദ്ദേഹം വളരെ വിനയനും അങ്ങേയറ്റം സുഹൃത്പരമായ നിലയിൽ സംസാരിക്കുന്ന ആളുമാണ്.

◆ ബുദ്ധമതത്തിന്റെ സ്കോളറും ടീച്ചറുമായ Naresh Shakya സാഹിബ് തന്റെ ഭാര്യയോടൊപ്പമാണ് ജൽസയിൽ പങ്കെടുത്തത്. അദ്ദേഹം പറഞ്ഞു: ഈ ജൽസയുടെ അനുഗ്രഹങ്ങൾ ജൽസയിൽ പങ്കെടുക്കുന്നതിനുമുമ്പേ പ്രകടമാകാൻ തുടങ്ങിയിരുന്നു. എല്ലാ കാര്യങ്ങളും സ്വയമേവ നടന്നുകൊണ്ടിരുന്നു. യുവാക്കളുടെ സേവന തൽപരതയും ഉത്സാഹവും കണ്ട് വളരെ ആകർഷിതരായി. അദ്ദേഹം പറഞ്ഞു: ഇക്കാര്യം ബുദ്ധമതത്തിന്റേയും അഹ്മദി മുസ്‌ലിംകളുടേയുമിടയിൽ വ്യത്യാസമുണ്ടാക്കുന്നു. ബുദ്ധമതത്തിൽ ഈ വികാരത്തോടെ പണിയെടുക്കുന്ന ആളുകളെ കിട്ടുകയില്ല. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമുമായി കൂടിക്കാഴ്ച നടത്തി, അദ്ദേഹം പരമമായ ആത്മീയ വ്യക്തിത്വത്തിന്റെ ഉടമയാണെന്ന കാര്യം മനസ്സിലായി. അദ്ദേഹത്തിന് മറ്റുള്ളവരുടെ വികാരങ്ങളും അവരുടെ ബോധങ്ങളും അറിയുന്നതിനുള്ള കഴിവുണ്ടെന്ന കാര്യത്തിൽ സംശയമില്ല. ഇത്രവലിയ ജമാഅത്തിന്റെ നേതാവായിരുന്നിട്ടും വളരെ വിനയനായ മനുഷ്യനാണ് അദ്ദേഹം.

◆ ഫിലോസഫിയുടേയും സൈക്കോളജിയുടേയും പ്രൊഫസർ ഡോക്ടർ ഗോവിന്ദ ഉപാദ്ധ്യായ സാഹിബ് അദ്ദേഹം കാഠ്മണ്ഡു യൂണിവേഴ്സിറ്റിയിൽ അധ്യാപകനും ഹിന്ദു മതവുമായി ബന്ധപ്പെട്ടയാളുമാണ് പറഞ്ഞു: ഇസ്‌ലാം അഹ്മദിയ്യത്ത് നിലവിലുണ്ടായിട്ടും മുസ്‌ലിംകൾ എങ്ങനെയാണ് ഭീകരവാദികളാകുന്നത്? എന്ന് കണ്ട് എനിക്ക് അത്ഭുതം തോന്നുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഈ സമാധാന സന്ദേശം നേപ്പാളിന്റെ ഓരോ മുക്കിലും മൂലയിലും എത്തിക്കേണ്ട ആവശ്യമുണ്ട്. അഹ്മദിയ്യാ ജമാഅത്ത് മുഴുവൻ മനുഷ്യകുലത്തിനും ഒരു മാതൃകയാണെന്ന് അദ്ദേഹം പറഞ്ഞു.

നേപ്പാൾ സംഘവുമായുള്ള ഹുദൂറിന്റെ ഈ കൂടിക്കാഴ്ച 1.45വരെ തുടർന്നു. അവസാനം എല്ലാവരും ഹുദൂറുമൊത്ത് ഫോട്ടോയുമെടുത്തു.

**അമേരിക്കൻ സംഘവുമായുള്ള കൂടിക്കാഴ്ച:**

അതിനുശേഷം അമീറുൽ മുഅ്മിനീൻ മഹ്മൂദ് ഹാളിൽ സമാഗതനായി. അവിടെ അമേരിക്കയിൽനിന്നു വന്നവർ ഹുദൂറുമായി കൂടിക്കാഴ്ച നടത്തി. അമേരിക്കയിൽനിന്ന് ഈ വർഷം 50 പേരടങ്ങുന്ന സംഘമാണ് എത്തിയിരുന്നത്.

ഹുദൂർ സംഘാംഗങ്ങളോടു ജൽസയെ കുറിച്ച് ചോദിച്ചു. അപ്പോൾ അംഗങ്ങൾ പറഞ്ഞു: ജൽസയുടെ എല്ലാ സംവിധാനങ്ങളും വളരെ നല്ലതായിരുന്നു. ജൽസ തങ്ങളിൽ ആത്മീയമായ മാറ്റത്തിന് നിമിത്തമായി. ഹുദൂർ അൻവറിന്റെ പ്രഭാഷണങ്ങൾ ഞങ്ങളുടെ മനസ്സിനെ ഹഠാദാകർഷിച്ചു.

◆ സംഘാംഗങ്ങളിൽ ഒരു പുതിയ അഹ്മദിയുമുണ്ടായിരുന്നു. ഹുദൂർ അൻവർ

( ശേഷം പേജ് 7ൽ)




**"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)**

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം– 689 695. Phone: 9744653179.

# ഖുത്ബ ജുമുഅ

അല്ലാഹുവിൽ വിശ്വസിക്കുന്നുവെന്ന് വാദിക്കുന്ന ഒരു മുഅ്മിൻ, അവൻ ഇബാദത്തിനായി നമ്മെ സൃഷ്ടിച്ചിരിക്കുന്നുവെന്ന കല്പനയെ എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്. തുർന്ന് അല്ലാഹു നമുക്ക് ഇബാദത്തിന്റെ രീതിയും പറഞ്ഞുതന്നു. അതിൽ കർമപരമായ ഭാഗവുമുണ്ട്. അതായത് ബാഹ്യമായ അനക്കമടക്കങ്ങളും ദുആകളുടെ വാക്കുകളുമുണ്ട്. അതിന് 'ദിക്ർ' എന്നും പറയാവുന്നതാണ്. നമസ്കാരത്തിൽ ഈ രണ്ടു കാര്യവുമുണ്ട്. അതായത് ബാഹ്യമായ ചലനങ്ങളും ദിക്റും ദുആകളുമുണ്ട്. പക്ഷേ, നമസ്കാരത്തിനു പുറമെയും ദിക്റുചൊല്ലുകയും ദുആ ഇരക്കുകയും അല്ലാഹുവിനെ ഓർക്കുകയും ചെയ്യുക എന്നത് ഒരു മുഅ്മിന്റെ ജോലിയാണ്.

**വിശുദ്ധ ഖുർആനിൽത്തന്നെ അല്ലാഹു ധാരാളം ദുആകൾ വിവിധ നബിമാരെ ഉദ്ധരിച്ച് പറഞ്ഞിട്ടുണ്ട്. അത് നമുക്ക് നമസ്കാരത്തിലും ചൊല്ലാവുന്നതാണ്. നടക്കുമ്പോഴും ചുറ്റിനടക്കുമ്പോഴും 'ദിക്ർ' എന്ന നിലയിലും ചൊല്ലാവുന്നതാണ്.**

ഇന്ന് ഞാൻ ഒരു ദിക്റിനെ കുറിച്ചും പറയാനാഗ്രഹിക്കുകയാണ്. അത് നബി(സ)തിരുമേനിയുടെ സുന്നത്തുമാണ്. അല്ലാഹുവിൽനിന്ന് ഇറങ്ങിയിട്ടുള്ള ദുആകളുമാണ്. അതിന്റെ ഉദ്ദേശ്യം മനസ്സിലാക്കി ചൊല്ലുന്നതുകൊണ്ട് അല്ലാഹുവിന്റെ തൗഹീദിനെ കുറിച്ചുള്ള ഗ്രാഹ്യം മനുഷ്യൻ മനസ്സിലാക്കുന്നതോടൊപ്പം അല്ലാഹുവിന്റെ സംരക്ഷണത്തിലും അഭയത്തിലും വരികയും എല്ലാത്തരം ശർറുകളിൽനിന്ന് സുരക്ഷിതനായിരിക്കുകയും ചെയ്യുന്നു.

നബി(സ)തിരുമേനി നിത്യവും പതിവായി ഉറങ്ങുന്നതിനുമുമ്പേ ഈ വചനങ്ങളും ദുആകളും ചൊല്ലുകയും തന്റെ സ്വഹാബത്തിനോട് ചൊല്ലാൻ ഉപദേശിക്കുകയും ചെയ്തിരുന്നു. ധാരാളം സ്ഥലങ്ങളിൽ ഈ ദുആകളുടേയും ആയത്തുകളുടേയും പ്രാധാന്യം വിവരിക്കുകയും അതിന്റെ ഫലങ്ങൾ അവിടന്ന് വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്.

**തിരുഹദീഥുകളുദ്ധരിച്ച് ആത്തുൽകുർസി, സൂറത്തുൽഇഖ്ലാസ് സൂറത്തുൽ ഫലഖ്, സൂറത്തുന്നാസ് എന്നിവയുടെ ശ്രേഷ്ഠതയെ കുറിച്ചുള്ള ചർച്ചയും നബിയുടെ സുന്നത്തിന്റെ വെളിച്ചത്തിൽ ഈ ദുആകൾ മുടങ്ങാതെ ചൊല്ലാനുള്ള ആഹ്വാനവും.**

ഏതൊരു ജോലിയാണോ അവിടന്ന് പതിവായി തുടർന്നുവന്നത് അല്ലെങ്കിൽ ചെയ്തിരുന്നത്, അത് അവിടത്തെ സുന്നത്തായിത്തീർന്നു. ഈ പ്രവൃത്തി എല്ലാ ഓരോ മുസ്ലിമും ചെയ്യേണ്ടതാണ്. ഇക്കാലഘട്ടത്തിൽ നബി(സ)തിരുമേനിയുടെ എല്ലാ സുന്നത്തും ചെയ്യുന്നതിലേക്ക് കൂടുതൽ മാർഗദർശനം നല്കിയിട്ടുള്ള ആളാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ). അതുകൊണ്ട് അതനുസരിച്ച് പ്രവർത്തിക്കാൻ നമ്മൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രത്യേകിച്ചും നമ്മൾ കടന്നുപൊയ്ക്കൊണ്ടിരിക്കുന്ന ഈ അവസ്ഥകളിൽ ദുആകളിലേക്കും നമസ്കാരങ്ങളിലേക്കും ദിക്റുകളിലേക്കും പ്രത്യേകമായ നിലയിൽ, കേവലം തങ്ങളുടെ ആത്മീയവും ഭൗതികവുമായ വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി ശ്രദ്ധകൊടുക്കാതെ ജമാഅത്തുപരമായിട്ടുള്ള ഫിത്നകളിൽനിന്നും ഉപദ്രവങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനും, പ്രധാനപ്പെട്ട നിർബന്ധകടമയെന്നു മനസിലാക്കി ശ്രദ്ധ ചെലുത്തേണ്ടതാണ്.

**മുസ്ലിംകളുടെ അവസ്ഥയിൽ അഹോ കഷ്ടം! അല്ലാഹു അവർക്ക് ഒരു ദുആ പഠിപ്പിച്ചു. വെളിച്ചത്തിനുശേഷം ഇരുട്ടിൽനിന്നും അന്ധകാരങ്ങളുടെ ഫിത്നയിൽനിന്നും രക്ഷപ്പെടുന്നതിന് നബി(സ) തിരുമേനി പറഞ്ഞു: 'തൗഹീദിൽ നിലകൊള്ളുന്നതിനും അന്ധകാരങ്ങളുടേയും കൂരിരുട്ടുകളുടേയും ഫിത്നകളിൽനിന്ന് രക്ഷപ്പെടുന്നതിനും ഈ ദുആകൾ മുടക്കം വരുത്താതെ നിത്യം ചൊല്ലുക.' പക്ഷേ മുസ്ലിംകൾ അതിനെ വകവെച്ചില്ല.**

ഇക്കാലത്ത് നിരീശ്വരത്വത്തിന്റേയും ഭൗതികതയുടേയും ശക്തമായ സമ്മർദമാണുള്ളത്. ലൗകികതയുടെ കൈ പൊതുസമൂഹത്തിൽ എത്രത്തോളം ആഴ്ന്നിറങ്ങിയിരിക്കുന്നുവെന്നാൽ, ചില യുവാക്കൾ അതിൽ ആകർഷിക്കപ്പെടുന്നു. അതിനാൽ ഈ ദുആകൾ നമ്മൾ നമ്മുടെമേൽ ഊതുമ്പോൾ, ഒപ്പം എല്ലാത്തരം ഉപദ്രവങ്ങളിൽനിന്നും നമ്മുടെ തലമുറയും സുരക്ഷിതരായിരിക്കാനും ദീനിൽ നിലകൊള്ളുന്നവരും അല്ലാഹുവിന്റെ ഏകത്വത്തെ മനസ്സിലാക്കുന്നവരുമാകാനും നമ്മുടെ കുട്ടികളുടെമേലും ഊതിക്കൊടുക്കുക.

നമ്മളിൽ എല്ലാ ഓരോരുത്തരും ഈ സൂറത്തുകളിലെ വിഷയങ്ങൾ മനസ്സിലാക്കിക്കൊണ്ട് നബി(സ) തിരുമേനിയുടെ സുന്നത്തനുസരിച്ച് കർമങ്ങൾ ചെയ്യുന്നവരാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ. നമ്മൾ മുടങ്ങാതെ ഉറങ്ങുന്നതിനുമുമ്പേ ഈ ദുആകൾ നബി(സ) തിരുമേനിയുടെ കല്പനയനുസരിച്ച് ഓതി ഊതുന്നവരാകട്ടെ. അല്ലാഹു അതിന് തൗഫീഖ് നല്കുമാറാകട്ടെ.

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 16-2-2018/1397 തബ്ലീഗ് 16**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ-

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

അല്ലാഹുവിൽ വിശ്വസിക്കുന്നുവെന്ന് വാദിക്കുന്ന ഒരു മുഅ്മിൻ, അവൻ ഇബാദത്തിനായി നമ്മെ സൃഷ്ടിച്ചിരിക്കുന്നുവെന്ന കല്പനയെ എപ്പോഴും മുന്നിൽ വെക്കേണ്ടതാണ്; *വമാ ഖലഖ്ത്തുൽ ജിന്ന വൽ ഇൻസ ഇല്ലാ ലി യഅ്ബുദൂൻ* എന്ന് അവൻ പറഞ്ഞതുപോലെ! ജിന്നിനേയും ഇൻസിനേയും എന്നെ ആരാധിക്കുന്നതിനു വേണ്ടിയാണ് ഞാൻ സൃഷ്ടിച്ചിട്ടുള്ളത്(51:57). തുർന്ന് അല്ലാഹു നമുക്ക് ഇബാദത്തിന്റെ രീതിയും പറഞ്ഞുതന്നു. അതിൽ കർമപരമായ ഭാഗവുമുണ്ട്. അതായത് ബാഹ്യമായ അനക്കമടക്കങ്ങളും ദുആകളുടെ വാക്കുകളുമുണ്ട്. അതിന് 'ദിക്ർ' എന്നും പറയാവുന്നതാണ്. നമസ്കാരത്തിൽ ഈ രണ്ടു കാര്യവുമുണ്ട്. അതായത് ബാഹ്യമായ ചലനങ്ങളും ദിക്റും ദുആകളുമുണ്ട്. പക്ഷേ, നമസ്കാരത്തിനു പുറമെയും ദിക്റുചൊല്ലുകയും ദുആ ഇരക്കുകയും അല്ലാഹുവിനെ ഓർക്കുകയും ചെയ്യുക എന്നത് ഒരു മുഅ്മിന്റെ ജോലിയാണ്. വിശുദ്ധ ഖുർആനിൽത്തന്നെ അല്ലാഹു ധാരാളം ദുആകൾ വിവിധ നബിമാരെ ഉദ്ധരിച്ച് പറഞ്ഞിട്ടുണ്ട്. അത് നമുക്ക് നമസ്കാരത്തിലും ചൊല്ലാവുന്നതാണ്. നടക്കുമ്പോഴും ചുറ്റിനടക്കുമ്പോഴും 'ദിക്ർ' എന്ന നിലയിലും ചൊല്ലാവുന്നതാണ്. തങ്ങൾക്ക് ഇന്ന ബുദ്ധിമുട്ടുണ്ടെന്നും ഇന്ന പ്രയാസമുണ്ടെന്നും ജപിച്ചുകൊണ്ടു നടക്കുന്നതിനും തങ്ങളുടെ ബുദ്ധിമുട്ടും പ്രയാസവും അകലുന്നതിനും എന്തെങ്കിലും ദുആയോ ദിക്റോ പറഞ്ഞു തരിക എന്നും ആളുകൾ കത്തുകളിലെഴുതാറുണ്ട്. പൊതുവെ നമസ്കാരത്തിലേക്ക് ശ്രദ്ധിക്കാനും സുജൂദുകളിൽ ദുആ ചെയ്യാനും നമസ്കാരത്തിൽ ദുആ ഇരക്കാനും നിങ്ങളുടെ അല്ലാഹുവിനോടു സഹായം തേടാനുമാണ് ഞാൻ അവർക്ക് എഴുതാറുള്ളത്. പക്ഷേ, ഇന്ന് ഞാൻ ഒരു ദിക്റിനെ കുറിച്ചും പറയാനാഗ്രഹിക്കുകയാണ്. അത് നബി(സ)തിരുമേനിയുടെ സുന്നത്തുമാണ്. അല്ലാഹുവിൽനിന്ന് ഇറങ്ങിയിട്ടുള്ള ദുആകളുമാണ്. അതിന്റെ ഉദ്ദേശ്യം മനസ്സിലാക്കി ചൊല്ലുന്നതുകൊണ്ട് അല്ലാഹുവിന്റെ തൗഹീദിനെ കുറിച്ചുള്ള ഗ്രാഹ്യം മനുഷ്യൻ മനസ്സിലാക്കുന്നതോടൊപ്പം അല്ലാഹുവിന്റെ സംരക്ഷണത്തിലും അഭയത്തിലും വരികയും എല്ലാത്തരം ശർറുകളിൽനിന്ന് സുരക്ഷിതനായിരിക്കുകയും ചെയ്യുന്നു. നബി(സ)തിരുമേനി നിത്യവും പതിവായി ഉറങ്ങുന്നതിനുമുമ്പേ ഈ വചനങ്ങളും ദുആകളും ചൊല്ലുകയും തന്റെ സ്വഹാബത്തിനോട് ചൊല്ലാൻ ഉപദേശിക്കുകയും ചെയ്തിരുന്നു. ധാരാളം സ്ഥലങ്ങളിൽ ഈ ദുആകളുടേയും ആയത്തുകളുടേയും പ്രാധാന്യം വിവരിക്കുകയും അതിന്റെ ഫലങ്ങൾ അവിടന്ന് വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിലുള്ള നബി(സ) തിരുമേനിയുടെ സ്വന്തം കർമങ്ങളെ ക്കുറിച്ച് നിവേദനം വരുന്നുണ്ട്.

നിവേദനത്തിൽ വന്നിരിക്കുന്നു. നബി(സ)തിരുമേനി എപ്പോഴും ഉറങ്ങുന്ന നേരത്ത് ആയത്തുൽ കുർസിയും സൂറത്തുൽ ഇഖ്ലാസും സൂറത്തുൽ ഫലഖും സൂറത്തുന്നാസും അതായത് വിശുദ്ധ ഖുർആനിലെ അവസാനത്തെ മൂന്നു സൂറത്ത് മൂന്നു പ്രാവശ്യം ചൊല്ലി കൈകളിലൂതി തല മുതൽ തുടങ്ങി തന്റെ കൈകൾ എത്തുന്നഭാഗംവരെ ശരീരത്തിൽ തടവുമായിരുന്നു.

ഏതൊരു ജോലിയാണോ അവിടന്ന് പതിവായി തുടർന്നുവന്നത് അല്ലെങ്കിൽ ചെയ്തിരുന്നത്, അത് അവിടത്തെ സുന്നത്തായി ത്തീർന്നു. ഈ പ്രവൃത്തി എല്ലാ ഓരോ മുസ്ലിമും ചെയ്യേണ്ടതാണ്. ഇക്കാലഘട്ടത്തിൽ നബി(സ)തിരുമേനിയുടെ എല്ലാ

സുന്നത്തും ചെയ്യുന്നതിലേക്ക് കൂടുതൽ മാർഗ ദർശനം നല്കിയിട്ടുള്ള ആളാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ). അതുകൊണ്ട് അതനുസരിച്ച് പ്രവർത്തിക്കാൻ നമ്മൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. പ്രത്യേകിച്ചും നമ്മൾ കടന്നുപോയ്ക്കൊണ്ടിരിക്കുന്ന ഈ അവസ്ഥകളിൽ ദുആകളിലേക്കും നമസ്കാരങ്ങളിലേക്കും ദിക്റുകളിലേക്കും പ്രത്യേകമായ നിലയിൽ, കേവലം തങ്ങളുടെ ആത്മീയവും ഭൗതികവുമായ വ്യക്തിപരമായ ആവശ്യങ്ങൾക്കുവേണ്ടി ശ്രദ്ധ കൊടുക്കാതെ ജമാഅത്തുപരമായിട്ടുള്ള ഫിത്നകളിൽനിന്നും ഉപദ്രവങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനും, പ്രധാനപ്പെട്ട നിർബന്ധകടമയെന്നു മനസിലാക്കി ശ്രദ്ധ ചെലുത്തേണ്ടതാണ്.

ഈ ദിക്റിന്റേയും ആയത്തുകളുടേയും പ്രാധാന്യം മറ്റു ചില ഹദീഥുകളിൽ നിന്നും ലഭിക്കുന്നുണ്ട്. അതു ഞാൻ നിങ്ങളുടെ മുമ്പിൽ വെക്കുകയാണ്.

ആയത്തുൽ കുർസിയെ സംബന്ധിച്ച് രണ്ടു ജുമുഅ മുമ്പേ ഞാൻ പറഞ്ഞു കഴിഞ്ഞതാണ്. ഇന്ന് വിശുദ്ധഖുർആനിലെ അവസാന മൂന്നു സൂറത്തുകളെ കുറിച്ചാണ് സംസാരിക്കുന്നത്. നബി(സ) തിരുമേനി തന്റെ സ്വഹാബാക്കളെ ഈ സൂറത്തു ചൊല്ലുന്നതിനെ സംബന്ധിച്ച് ആവർത്തിച്ചാവർത്തിച്ച് വിവിധ രീതിയിൽ എങ്ങനെയാണ് ഉപദേശിച്ചത്.

അവസാന മൂന്നു സൂറത്തു ചൊല്ലി ശരീര ത്തിൽ ഊതുന്നതിനെ സംബന്ധിച്ച് ഹദ്റത്ത് ആഇശ(റ) ഒരു നിവേദനത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. പറയുന്നു: 'ഓരോ രാത്രിയും നബി(സ)തിരുമേനി ഉറങ്ങാൻ കിടക്കുമ്പോൾ രണ്ടു കൈകളും കൂട്ടിപ്പിടിക്കുകയും പിന്നീട് അതിൽ ഊതുകയും ഖുൽ ഹുവല്ലാഹു അഹദ്, ഖുൽ അഊദ് ബിറബ്ബിൽ ഫലഖ്, ഖുൽ അഊദു ബിറബ്ബിനാസ് ചൊല്ലുകയും ചെയ്യുമായിരുന്നു. അതായത് ഈ മൂന്നു സൂറത്തുകൾ ചൊല്ലി, ഇരുകൈകളും ശരീരത്തിൽ തടവാൻ തുടങ്ങുമായിരുന്നു; ശരീരത്തിൽ കൈയെത്തും ഭാഗംവരെ മൂന്നു പ്രാവശ്യം അങ്ങനെ ചെയ്യുമായിരുന്നു.'(സ്വഹീഹ് ബുഖാരി, കിതാബു ഫളാഇലുൽ ഖുർആൻ ബാബ് ഫള്ലുൽ മഊദാത്ത്)

നബി(സ)തിരുമേനി ഇത് എത്രമാത്രം കൃത്യനിഷ്ഠയോടെ ചെയ്തിരുന്നുവെന്നാൽ, നബി(സ) തിരുമേനിയുടെ അവസാനത്തെ രോഗാവസ്ഥയിൽ ഹദ്റത്ത് ആഇശ(റ) സ്വയം ദുആകൾ ചെയ്യുകയും അവിടത്തെ കൈകളിൽ ഊതി ആ കൈകൾതന്നെ അവിടത്തെ ശരീരത്തിൽ തടവിക്കുകയും ചെയ്യുമായിരുന്നു. (സ്വഹീഹ് ബുഖാരി, കിതാബു ഫളാഇലുൽ ഖുർആൻ ബാബ് ഫള്ലുൽ മഊദാത്ത്) നബി(സ)തിരുമേനി അതു പതിവായി ചെയ്തിരുന്നതുകൊണ്ടാണ് ഹദ്റത്ത് ആഇശ(റ)യ്ക്ക് ഈ വിചാരമുണ്ടായത്. അതിന്റെ അനുഗ്രഹത്തിന്റെ പ്രാധാന്യം ഹദ്റത്ത് ആഇശാ(റ)യിൽ നല്ലവണ്ണം വ്യക്തമാക്കപ്പെട്ടിരുന്നു.

ഈ സൂറത്തുകളുടെ അനുഗ്രഹവും പ്രാധാന്യവും എങ്ങനെയാണ് സ്വഹാബത്തിനു അവിടന്ന് ബോധ്യപ്പെടുത്തിക്കൊടുത്തത്. ഇതു സംബന്ധമായി ഹദ്റത്ത് ഉഖ്ബാ ബിൻ ആമിർ(റ) വിരിക്കുന്നു: നബി(സ)തിരുമേനിയെ ഞാൻ കണ്ടു. അവിടന്ന് മുന്നോട്ട് കടന്ന് എന്റെ കൈപിടിച്ചു. എന്നിട്ട് പറഞ്ഞു: 'ഉഖ്ബാ ബിൻ ആമിർ! ഞാൻ നിനക്ക് തൗറാത്തിലും ഇഞ്ചീലിലും സബൂറിലും വിശുദ്ധഖുർആനിലും ഇറക്കപ്പെട്ട സൂറത്തുകളിൽനിന്ന് ഉത്തമമായ മൂന്നു സൂറത്തുകളെക്കുറിച്ച് പറഞ്ഞുതരട്ടെയോ?' ഞാൻ പറഞ്ഞു: 'അല്ലാഹു എന്നെ അങ്ങയിൽ തെണ്ടമാക്കട്ടെ, അല്ലാഹുവിന്റെ റസൂലേ! പറഞ്ഞുതന്നാലും.' പിന്നീട് അവിടന്ന് ഖുൽഹുവല്ലാഹു അഹദ്, ഖുൽ അഊദു ബിറബ്ബിൽ ഫലഖ്, ഖുൽ അഊദുബിറബ്ബിന്നാസ് ചൊല്ലിക്കേൾപ്പിച്ചു. തുടർന്നു പറഞ്ഞു: 'ഏ ഉഖ്ബാ! താങ്കൾ ഇത് മറക്കരുത്. ഇതു ചൊല്ലാതെ ഒരു രാത്രിയും കടന്നുപോകാൻ വിടരുത്.' ഉഖ്ബാ പറയുന്നു: 'നബി(സ) തിരുമേനി ഇതു പറഞ്ഞതു മുതൽ ഞാനിത് മറന്നിട്ടില്ല. ഇതു ചൊല്ലാതെ ഒരു രാത്രിയും കടന്നുപോകാൻ വിട്ടിട്ടുമില്ല.'(മുസ്നദ് അഹ് മദ് ബിൻ ഹമ്പൽ, മുസ്നദ് ഉഖ്ബ ബിൻ ആമിർ, വാല്യം 5 പേജ് 895 –896,1998 ബേറൂത്ത് എഡിഷൻ ഹദീഥ് നമ്പർ 17467)

'താങ്കൾ ഇതു മറക്കരുത്, അതു ചൊല്ലാതെ ഒരു രാത്രിയും കഴിഞ്ഞുപോകരുത്' എന്നുള്ള നബി(സ)തിരുമേനിയുടെ ഉപദേശം വ്യക്തമാക്കുന്നത് നബി(സ)തിരുമേനി സ്വയം അതു പതിവായി ചൊല്ലാറുണ്ടായിരുന്നുവെന്നാണ്. അല്ലാഹു പറഞ്ഞ കാര്യങ്ങളും, കല്പനകളും ദുആകളുമനുസരിച്ച് ഏറ്റവും കൂടുതൽ കർമങ്ങൾ ചെയ്തത് നബി(സ) തിരുമേനിയായിരുന്നു. അതുകൊണ്ടാണ് മറ്റുള്ളവരോടു പറയാറുണ്ടായിരുന്നതും.

സൂറ ഇഖ്ലാസിനെ അതായത് ഖുൽഹുവല്ലാഹു അഹദ് എന്നതിനെ കുറിച്ച് ഒരു ഹദീഥിൽ ഇങ്ങനെ വന്നിരിക്കുന്നു. ഹദ്റത്ത് അബൂ സഈദ് ഖുദ്രീ(റ) നിവേദനം: ഒരാൾ *ഖുൽ ഹുവല്ലാഹു അഹദ്* ചൊല്ലുന്നത് ഒരു വ്യക്തി കേട്ടു, അയാളത് ആവർത്തിച്ചാവർത്തിച്ച് ഓതുകയായിരുന്നു. നേരം വെളുത്തപ്പോൾ ആ വ്യക്തി നബി(സ) തിരുമേനിയുടെ അടുത്തു വന്ന് എല്ലാ കാര്യങ്ങളും പറഞ്ഞു; ആ വ്യക്തി അതിനെ കുറവോ ചെറുതോ ആയി മനസിലാക്കുകയായിരുന്നു. അതുകൊണ്ടാണ് പരാതി എന്ന നിലയിൽ പറഞ്ഞത്. അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: 'ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനാണ! ഇത് ഖുർആനിന്റെ മൂന്നിലൊരു ഭാഗത്തിനു സമമാണ്.' ഹദ്റത്ത് അബൂസഈദ് ഖുദ്രി ഇതിനനുബന്ധമായി ഒരു സ്ഥലത്ത് ഇങ്ങനെ വിശദീകരിച്ചു പറയുന്നു: 'നബി(സ) തിരുമേനി തന്റെ സ്വഹാബാക്കളോടു പറഞ്ഞു: ഒരു രാത്രിയിൽ വിശുദ്ധഖുർആനിന്റെ മൂന്നിലൊരു ഭാഗം ഓതാൻ പറ്റിയ ആരെങ്കിലും നിങ്ങളിലുണ്ടോ: ഇക്കാര്യം സ്വഹാബാക്കൾക്ക് അസഹ്യമായി തോന്നി. അവർ പറഞ്ഞു: യാ റസൂലല്ലാഹ്! രാത്രിയിൽ വിശുദ്ധഖുർആനിന്റെ മൂന്നിലൊന്ന് ഓതാൻ ഞങ്ങളിൽ ആർക്കാണ് കഴിയുക? നബി(സ) തിരുമേനി പറഞ്ഞു: ഖുൽഹുവല്ലാഹു അഹദ്, അല്ലാഹുസ്സമദ്' അതായത് സൂറ ഇഖ്ലാസ് വിശുദ്ധഖുർആനിന്റെ മൂന്നിലൊന്നാണ്.'(സ്വഹീഹ് ബുഖാരി, കിതാബു ഫളാഇലുൽ ഖുർആൻ ബാബ് ഖുൽ ഹുവല്ലാഹു അഹദ്)

സൂറ ഇഖ്ലാസ് വിശുദ്ധഖുർആനിന്റെ മൂന്നിലൊരു ഭാഗമാണ് എന്നു പറഞ്ഞിട്ടുള്ള ഒരു നിവേദനം സ്വഹീഹ് മുസ്ലിമിൽ ഇങ്ങനെ രേഖപ്പെടുത്തിയിരിക്കുന്നു. ഹദ്റത്ത് അബൂ ഹുറയ്റ(റ)നിവേദനം: നബി(സ) തിരുമേനി പറഞ്ഞു: 'നിങ്ങൾ സംഘടിക്കുവിൻ! ഞാൻ നിങ്ങൾക്ക് വിശുദ്ധ ഖുർആനിന്റെ മൂന്നിലൊരു ഭാഗം കേൾപ്പിക്കാം.' എല്ലാവരും മസ്ജിദിൽ ഒരുമിച്ചുകൂടി. പിന്നീട് നബി(സ) തിരുമേനി വെളിയിൽ വന്നു ഖുൽഹുവല്ലാഹു അഹദ് പാരായണം ചെയ്തു. തുടർന്നു നബി(സ) തിരുമേനി ഉള്ളിൽ പോയി. സ്വഹാബത്ത് പറയുന്നു: ആകാശത്തുനിന്ന് എതോ വാർത്ത അഥവാ വഹ്‌യ് വന്ന കാരണത്താലാണ് അവിടന്ന് വീട്ടിൽ പോയതെന്ന് ഞങ്ങളിൽ ആരോ പറഞ്ഞത്. പിന്നീട് നബി(സ) തിരുമേനി വെളിയിൽവന്നു. പറഞ്ഞു: 'ഖുർആനിന്റെ മൂന്നിലൊരു ഭാഗം കേൾപ്പിക്കുമെന്ന് ഞാൻ നിങ്ങളോട് പറഞ്ഞിരുന്നു. ശ്രദ്ധിച്ചുകേൾക്കുക! ഈ സൂറ ഇഖ്ലാസ് ഖുർആനിന്റെ മൂന്നിലൊരു ഭാഗത്തിനു സമമാണ്.' (സ്വഹീഹ് മുസ്ലിം, കിതാബുസ്സ്വലാത്തിൽ മുസാഫിരീൻ വ ഖസ് റഹാ ബാബു ഫളുലുൽ ഖറാഅത്ത് ഖുൽ ഹുവല്ലാഹു അഹദ്)

നബി(സ) തിരുമേനി ഇത് ഖുർആനിന്റെ മൂന്നിലൊരുഭാഗമെന്നു പറഞ്ഞത് എന്തിനാണ്? കാരണം അല്ലാഹു വിശുദ്ധ ഖുർആനിനെ തൗഹീദ് സ്ഥാപിക്കുന്നതിനും നിലനിറുത്തുന്നതിനുമാണ് ഇറക്കിയിട്ടുള്ളത്. ഈ സൂറത്തിൽ വളരെ വ്യക്തമായും എല്ലാം ഉൾക്കൊള്ളുന്ന നിലയിലും വാക്കുകളിലും തൗഹീദ് വിവരിക്കപ്പെട്ടിരിക്കുന്നു. അതിന്റെ വാക്കുകളിൽ ചിന്തിക്കുന്നതിലൂടേയും കർമങ്ങൾ ചെയ്യുന്നതിലൂടേയും മനുഷ്യന് യഥാർഥ തൗഹീദനുസരിച്ചും ഏകനായ അല്ലാഹുവിന്റെ ഗ്രന്ഥമാണ് വിശുദ്ധഖുർആൻ എന്ന് മനസിലാക്കിയും പ്രവർത്തിക്കാൻ കഴിയും. ഏകനായ അല്ലാഹുവിന്റെ ഗ്രന്ഥമാണ് വിശുദ്ധഖുർആൻ എന്ന് മനസിലാക്കി പ്രവർത്തിക്കാൻ ശ്രമിക്കുമ്പോൾ യഥാർഥ തൗഹീദ് മനസിലാക്കുന്നവനും അതിൽ നിലനില്ക്കുന്നവനും ആയിത്തീരുന്നു. തുടർന്നു വിശുദ്ധഖുർആനിന്റെ അധ്യാപനമനുസരിച്ച് തികവാർന്ന നിലയിൽ കർമങ്ങൾ ചെയ്യാനും തൗഫീഖ് കിട്ടുന്നതായിരിക്കും. താൻ സൂറ ഇഖ്ലാസ് ഓതി, അങ്ങനെ വിശുദ്ധഖുർആനിന്റെ മൂന്നിലൊരു ഭാഗം ഓതി എന്നു മാത്രം മനുഷ്യൻ മനസിലാക്കരുത്. അതിന്റെ ഉദ്ദേശ്യം നിങ്ങൾ അതു ഓതുകയും പിന്നീട് തൗഹീദിൽ നിലകൊള്ളുകയും അതനുസരിച്ച് കർമങ്ങൾ അനുഷ്ഠിക്കുകയും ചെയ്യുക എന്നാണ്.

ഇതു പോലെ തന്നെ ചില നിവേദനങ്ങളിൽ മറ്റു ചില ആയത്തുകളുമുണ്ട്. അവയെക്കുറിച്ച് നബി(സ) തിരുമേനി പറഞ്ഞു: ഇത് ഒരു ഭാഗമാണ്. ഇത് നാലിലൊരു ഭാഗമാണ്. അതിനെ നമ്മൾ എടുത്തു കൊണ്ട് ആ കുറച്ചു ആയത്തുകൾ ഓതിക്കൊണ്ട് വിശുദ്ധഖുർആൻ മുഴുവൻ ഓതി എന്നു ആളുകൾ പറയും. നബി(സ) തിരുമേനി ഇങ്ങനെ പറഞ്ഞതിന്റെ ഉദ്ദേശ്യം, ഇതു എങ്ങനെയുള്ള കാര്യങ്ങളാണെന്നാൽ അതനുസരിച്ച് നിങ്ങൾ പ്രവർത്തിക്കുക. പിന്നീട് വിശുദ്ധഖുർആനിൽ ചിന്തിക്കുക. തൗഹീദ് സ്ഥാപിക്കാൻ ശ്രമിക്കുക. അപ്പോഴാണ് വിശുദ്ധ ഖുർആൻ പാരായണം ചെയ്യുന്നവരാകുന്നത്. വിശുദ്ധഖുർആൻ എന്താണ്? തൗഹീദിന്റെ സംസ്ഥാപനത്തിനാണ് വിശുദ്ധഖുർആന്റെ അധ്യാപനമുള്ളത്. അതിനു വേണ്ടി ഓരോ മനുഷ്യനും ശ്രമിക്കേണ്ടതാണ്. ദുആയും ചെയ്യേണ്ടതാണ്.

ഹദ്റത്ത് ആഇശ(റ) നിവേദനം ചെയ്യുന്നു. നബി(സ) തിരുമേനി ഒരാളെ ഒരു യുദ്ധത്തിൽ അമീറായി അയച്ചു. അദ്ദേഹം തന്റെ സ്നേഹിതന്മാരെ നമസ്കരിപ്പിക്കുമായിരുന്നു. പാരായണത്തിന്റെ അവസാനം കുറിച്ചിരുന്നത് ഖുൽഹുവല്ലാഹു അഹദിലായിരുന്നു. തിരിച്ചു വന്നപ്പോൾ സ്വഹാബാക്കൾ ഇക്കാര്യം നബി(സ) തിരുമേനിയോട് പറഞ്ഞു: അപ്പോൾ അവിടന്ന് പറഞ്ഞു: എന്തിനാണ് അങ്ങനെ ചെയ്തതെന്ന് അദ്ദേഹത്തോടു ചോദിക്കുക. സ്വഹാബാക്കൾ അദ്ദേഹത്തോടു ചോദിച്ചപ്പോൾ അയാൾ പറഞ്ഞു: ഇത് റഹ്മാനായ അല്ലാഹുവിന്റെ സിഫത്താണ്. അതുകൊണ്ട് അത് ഓതുന്നത് ഞാൻ വളരെ ഇഷ്ടപ്പെടുന്നു. അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: 'അല്ലാഹുവും താങ്കളെ സ്നേഹിക്കുന്നുവെന്നു നിങ്ങൾ അയാളെ അറിയിക്കുക.' (സ്വഹീഹ് മുസ്ലിം, കിതാബുസ്സ്വലാത്തിൽ മുസാഫിരീൻ വ ഖസ് റഹാ ബാബു ഫളുലുൽ ഖറാഅത്ത് ഖുൽ ഹുവല്ലാഹു അഹദ്)

ഇതു സംബന്ധമായി ഹദ്റത്ത് അനസ്(റ) നി

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."**
**(ഖുത്ബ ജുമുഅ, 2017 മെയ് 5)**

**ത്വാലിബെ ദുആ:**
**മുഹമ്മദ് സ്വഫ്വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**
**ഖാഇദ് മജ്‌ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)**

വേദനം ചെയ്ത ഹദീസുണ്ട്. ഹദ്റത്ത് അനസ്(റ) പറയുന്നു: മസ്ജിദ് ഖുബായിൽ ഒരു അൻസ്വാരി ഇമാം നിൽക്കാറുണ്ടായിരുന്നു. നമസ്കാരത്തിൽ ചൊല്ലുന്ന ഈ സൂറത്തുകളിൽനിന്ന് ഏതെങ്കിലു സൂറത്ത് ആരംഭിക്കുമ്പോൾ ആദ്യം ഖുൽഹുവല്ലാഹു അഹദ് അതായത് സൂറ ഇഖ്ലാസ് ഓതുമായിരുന്നു. അതു ചൊല്ലിക്കഴിഞ്ഞാൽ അതിനോടൊപ്പം മറ്റു സൂറത്തും ഓതുമായിരുന്നു. ഓരോ റക്അത്തിലും അങ്ങനെ ചെയ്യുമായിരുന്നു. അദ്ദേഹത്തിന്റെ കൂട്ടുകാർ ഇതിനെക്കുറിച്ച് അദ്ദേഹത്തോടു സംസാരിച്ചു. പറഞ്ഞു: 'താങ്കൾ സൂറ ഇഖ്ലാസ് കൊണ്ട് ആരംഭിക്കുന്നു. ഈ സൂറത്തു മതിയായിട്ടില്ലെന്ന് പിന്നീട് മനസിലാക്കുന്നു. അതിനോടൊപ്പം മറ്റൊരു സൂറത്തും ഓതുന്നു. ഒന്നുകിൽ നിങ്ങൾ അതു മാത്രം ഓതുക. അല്ലെങ്കിൽ അതു വിട്ട് മറ്റു സൂറത്ത് ഓതുക.' അദ്ദേഹം പറഞ്ഞു: 'എനിക്ക് അത് ഉപേക്ഷിക്കാൻ ഒരിക്കലും സാധിക്കുകയില്ല. ഇതേപോലെ ഞാൻ ഇമാഅത്ത് വഹിക്കുന്നത് നിങ്ങൾ ഇഷ്ടപ്പെടുന്നുവെങ്കിൽ ഞാൻ നിങ്ങളുടെ ഇമാമായിരിക്കും. നിങ്ങൾക്ക് ഇഷ്ടമല്ലെങ്കിൽ നിങ്ങളെ ഞാൻ ഉപേക്ഷിക്കുന്നതായിരിക്കും.' അതായത് ഇമാമത്ത് ഉപേക്ഷിക്കുന്നതായിരിക്കും. സൂറത്ത് ഉപേക്ഷിക്കുകയില്ല. അദ്ദേഹത്തെ തങ്ങളിൽ ഏറ്റവും ഉത്തമനായി അവർ മനസിലാക്കിയിരുന്നു. അദ്ദേഹത്തെ കൂടാതെ മറ്റാരെങ്കിലും ഇമാമത്ത് വഹിക്കുന്നത് അവർ ഇഷ്ടപ്പെട്ടില്ല. നബി(സ) തിരുമേനിയുടെ പക്കൽ വന്നപ്പോൾ അവർ ഈ സംഭവം പറഞ്ഞു. അവിടന്ന് ഇന്നയാളേ! എന്നു വിളിച്ചുകൊണ്ട് അയാളോടു പറഞ്ഞു: 'താങ്കളുടെ സുഹൃത്തുക്കൾ താങ്കളോടു പറയുന്ന കാര്യം ചെയ്യാൻ താങ്കളെ തടസ്സപ്പെടുത്തുന്നതെന്താണ്? അതായത് സൂറ ഇഖ്ലാസ് ഓതാതിരിക്കുക; അല്ലെങ്കിൽ അതു മാത്രം ഓതാനും മറ്റു സൂറത്തുകൾ ഓതാതിരിക്കാനും. ഇതെല്ലാം കൂട്ടി ചൊല്ലുന്നതിന്റെ കാരണമെന്താണ്? താങ്കൾ ഈ സൂറത്ത് എല്ലാ റക്അത്തിലും ഓതുന്നത് നിർബന്ധമാക്കിയതെന്തിനാണ്.' അദ്ദേഹം പറഞ്ഞു: 'ഈ സൂറത്ത് എനിക്കു വളരെ ഇഷ്ടമാണ്.' അവിടന്ന് പറഞ്ഞു: 'ഇതിനോടുള്ള ഇഷ്ടം നിന്നെ സ്വർഗത്തിൽ പ്രവേശിപ്പിച്ചിരിക്കുന്നു.'(സ്വഹീഹുൽ ബുഖാരി, കിതാബുൽ അദാൻ, ബാബു അൽജംഉ ബയ്നസ്സൂറത്തയ്നി ഫിർറക്അത്തി)

ഹദ്റത്ത് ഉബയ്യുബ്നു കഅ്ബ്(റ)പറയുന്നു: ബഹുദൈവ വിശ്വാസികൾ നബി(സ)തിരുമേനിയോടു ചോദിച്ചു: താങ്കളുടെ റബ്ബിന്റെ പൂർവതലമുറകളെകുറിച്ച് ഞങ്ങൾക്കു പറഞ്ഞുതരിക. അപ്പോഴാണ് അല്ലാഹു ഖുൽഹുവല്ലാഹു അഹദ് അല്ലാഹുസ്സമദ് ഇറക്കിയത്. അവൻ സ്വമദാണ് അവൻ സർവാധിനാഥനാണ്. ആരുടേയും പിതാവല്ല. അവനു പിതാവുമില്ല. മരിക്കപ്പെടുന്നതല്ലാത്ത ഒരു വസ്തുവും സൃഷ്ടിക്കപ്പെട്ടിട്ടില്ല. ഏതെങ്കിലും അനന്തരാവകാശിയില്ലാതെ മരിക്കുന്ന ഒരു വസ്തുവുമില്ല. പ്രതാപവാനായ അല്ലാഹു ഒരിക്കലും മരിക്കുകയില്ല. അവനൊരു അനന്തരാവകാശിയുമില്ല. വലംയക്കുൻല്ലഹു കുഫുവൻ അഹദ്. അവന് സമനായി ആരുംതന്നെയില്ല. അവനെപ്പോലുള്ള ഒരു വസ്തുവുമില്ല.(സുനനുത്തുർമുദി, അബ് വാബു തഫ്സീറുൽഖുർആൻ അൻ റസൂലില്ലാഹി സ്വല്ലല്ലാഹു അലയ്ഹിവസല്ലം, ബാബ് വമിൻ സൂറത്തിൽ ഇഖ്ലാസ്)

ഇതു സംബന്ധമായി ഒരിടത്ത് ഹദ്റത്ത് അബൂഹുറയ്റ(റ)ന്റെ ഒരു നിവേദനം ഇങ്ങനെ ലഭിക്കുന്നുണ്ട്. അദ്ദേഹം വിവരിക്കുന്നു, നബി(സ)തിരുമേനി പറഞ്ഞു: 'തങ്ങളെ അല്ലാഹുവാണ് സൃഷ്ടിച്ചതെന്നും ഏതു വസ്തുവിനേയും അല്ലാഹുവാണ് സൃഷ്ടിച്ചതെന്നും എന്നാൽ, അല്ലാഹുവിനെ സൃഷ്ടിച്ചത് ആരാണെന്നും ജനങ്ങൾ പരസ്പരം ചോദിച്ചുകൊണ്ടിരിക്കുന്നു.' (ഈ ചോദ്യം നബി(സ)തിരുമേനിയുടെ കാലഘട്ടത്തിലുമുണ്ടായിരുന്നു. ഇന്നും ശക്തമായ നിലയിൽ ഈ ചോദ്യം ചോദിക്കുന്നുണ്ട്). അവിടന്ന് പറയുന്നു: 'നിങ്ങൾ അത്തരക്കാരെ കണ്ടുമുട്ടുമ്പോൾ ഖുൽഹുവല്ലാഹു അഹദ് മുഴുവിപ്പിക്കുക.' (അതായത് സൂറ ഇഖ്ലാസ് മുഴുവനും ഓതുക. അതിന്റെ അർഥത്തിൽ ചിന്തിക്കുകയാണെങ്കിൽ അല്ലാഹുവിനെ സൃഷ്ടിക്കുന്നവൻ ആരുമില്ലെന്ന് നിങ്ങൾക്കു മനസ്സിലാകും. അവൻ ആദ്യന്തരഹിതനാണ്. എന്നെന്നും നിലനില്ക്കുന്നവനുമാണ്.) നബി (സ)തിരുമേനി പറഞ്ഞു: 'എന്നിട്ട് അവൻ ശയ്ത്വാനിൽനിന്ന് അഭയം തേടിയാൽ അവന് ഒരു നഷ്ടം സംഭവിക്കുകയില്ല.'

ഹദ്റത്ത് അബൂഹുറയ്റ(റ) പറയുന്നു: ഞാൻ നബി(സ)തിരുമേനിയോടൊപ്പം വന്നു, അവിടന്ന് ഖുൽഹുവല്ലാഹു അഹദ് അല്ലാഹുസ്സമദ് ഒരാൾ ചൊല്ലുന്നതുകേട്ടു. 'നിർബന്ധമായിരിക്കുന്നു' എന്ന് അവിടന്ന് പറഞ്ഞു. എന്തുകാര്യമാണ് നിർബന്ധമായിരിക്കുന്നതെന്ന് ഞാൻ ചോദിച്ചു. നബി(സ) പറഞ്ഞു: 'ഏതൊരു ആത്മാർഥതയോടെയാണോ ഇയാൾ ഓതുന്നത് അയാൾക്ക് സ്വർഗം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു.'(സുനനുത്തുർമുദി)

ഹദ്റത്ത് സുഹയ്ലുബ്നു സഅ്ദ്(റ) നിവേദനം. ഒരാൾ നബി(സ)തിരുമേനിയുടെ അടുത്തു വന്നു. തന്റെ ദാരിദ്ര്യത്തെ കുറിച്ച് പരാതിപ്പെട്ടു. നബി(സ)തിരുമേനി പറഞ്ഞു: 'നീ നിന്റെ വീട്ടിൽ പ്രവേശിക്കുമ്പോൾ വീട്ടിലാരെങ്കിലുമുണ്ടെങ്കിൽ അസ്സലാമു അലയ്ക്കും പറയുക. ആരുമില്ലെങ്കിൽ നിന്റെമേൽത്തന്നെ സലാം ചൊല്ലുക; ഇല്ലെങ്കിലും അസ്സലാമു അലയ്ക്കും പറയുക. മടക്കസ്സലാം നിനക്കു കിട്ടുന്നതാണ്. ഒരു പ്രാവശ്യം ഖുൽഹുവല്ലാഹു അഹദ് ഓതുക.' അയാൾ അങ്ങനെ തന്നെ ചെയ്തു. അല്ലാഹു അയാൾക്ക് എത്ര മാത്രം ജീവിതവിഭവം നല്കിയെന്നാൽ, അയാളുടെ അയൽവാസിയും അതിൽ നിന്ന് ഫലമെടുക്കാൻ തുടങ്ങി.'(റൂഹുൽബയാൻ വാള്യം 10 പേജ് 558)

ജീവിതവിഭവത്തിൽ അയാൾക്ക് എത്രമാത്രം അഭിവൃദ്ധി നല്കിയെന്നാൽ, ഒരു നാൾ അങ്ങേയറ്റം ദാരിദ്ര്യത്തിലായിരുന്ന അയാൾക്ക് തന്റെ അയൽവാസികൾക്കും സഹായമെത്തിക്കും വിധം അനുഗ്രഹമുണ്ടായി. മനുഷ്യൻ തൗഹീദ് പഠിക്കുകയും അതനുസരിച്ച് കർമങ്ങൾ അനുഷ്ഠിക്കുകയും സകല ഖുദ്റത്തുകളുടേയും ശക്തികളുടേയും ഉടമസ്ഥൻ അല്ലാഹുവാണെന്ന് മനസിലാക്കുകയും ചെയ്യുമ്പോൾ അല്ലാഹു അതിരറ്റ് അവന് നല്കുന്നതാണ്. മുത്തഖികൾക്ക് ഭാവനയിൽ കാണാൻ പറ്റാത്ത സ്ഥലത്തൂടെയും താൻ ജീവിതവിഭവം നല്കുന്നവനാണെന്ന് അല്ലാഹു മറ്റു സ്ഥലങ്ങളിലും പറയുന്നുണ്ട്.

ഹദ്റത്ത് അനസ് ബിൻ മാലിക്കി(റ)ൽ നിന്ന് നിവേദനം: ഒരാൾ നബി(സ) തിരുമേനിയുടെ അടുത്തു വന്നു തനിക്ക് ഖുൽഹുവല്ലാഹു അഹദ് എന്ന സൂറത്ത് ഇഷ്ടമാണെന്ന് പറഞ്ഞു. നബി (സ) തിരുമേനി പറഞ്ഞു: 'ഈ സൂറത്തിനോടുള്ള നിന്റെ സ്നേഹം നിന്നെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതാണ്.' (മുസനദ് അഹ്മദ് ബിൻ ഹമ്പൽ ഹദീഥ് 12432)

ഹദ്റത്ത് ജാബിർ(റ)വിൽ നിന്ന് നിവേദനം. നബി(സ) തിരുമേനി പറഞ്ഞു: "ആരാണോ നിത്യവും 50 പ്രാവശ്യം ഖുൽ ഹുവല്ലാഹു അഹദ് ഓതിയത് അവൻ ഖിയാമത്തുനാൾ 'ഖബ്റിൽ നിന്ന് എഴുന്നേൽക്കുക സ്വർഗത്തിൽ പ്രവേശിക്കുക' എന്ന് പറഞ്ഞ് വിളിക്കപ്പെടും. "(അൽമുഅ്ജമുൽ ഔസത്വ് ഹദീഥ് 9446)

ഇബ്നുദേയ്ലമിയിൽ നിന്ന് നിവേദനം: അദ്ദേഹം നജ്ജാശിയുടെ സഹോദരിപുത്രനാണ്. നബി (സ) തിരുമേനിക്ക് സേവനവും ചെയ്തുകൊണ്ടിരുന്നു. നബി(സ) തിരുമേനി പറഞ്ഞു: 'ആരാണോ നമസ്കാരത്തിൽ അല്ലെങ്കിൽ അതിനു പുറമേ നൂറുതവണ ഖുൽഹുവല്ലാഹു അഹദ് ഓതിയത്, അല്ലാഹു അവന് നരകത്തിൽ നിന്നുള്ള മോചനം നിർബന്ധമാക്കിയിരിക്കുന്നു.'

സൂറ ഇഖ്ലാസിന്റെ പ്രാധാന്യം ഇതാണ്.രാത്രിയിൽ നമ്മൾ ഇതു ചൊല്ലുമ്പോൾ, അല്ലാഹുവിന്റെ ഏകത്വം മുന്നിൽ വെച്ചുകൊണ്ട് നമ്മൾ ചൊല്ലേണ്ടതാണ്. അല്ലാഹു അഹദ് അഥവാ ഏകനാണെന്ന് നമ്മൾ പറയുമ്പോൾ അതിനോടൊപ്പം അവൻ സ്വമദാണെന്ന സ്ഥാനവും പദവിയും നമ്മുടെ മുമ്പിൽ വരേണ്ടതാണ്. ഒന്നിനും ആശ്രയമില്ലാത്തവനും ഒരിക്കലും അവസാനിക്കാത്തവനും നശിക്കാത്തവനുമാണ് സ്വമദ്. ഹദറത്ത് മസീഹ് മൗഊദ്(അ) ഇക്കാര്യം ഇങ്ങനെ വിവരിക്കുന്നു: 'അല്ലാഹുവിനെ കൂടാതുള്ള എല്ലാ വസ്തുക്കളും നശിച്ചു പോകുമെന്നാണ് സ്വമദ് എന്നതിന്റെ അർഥം.'(ബറാഹീനെ അഹ്മദിയ്യാ പേജ് 433, അടിക്കുറിപ്പ്).

അതായത് ഉണ്ടാകാനിടയുള്ളതും ഉണ്ടാകുന്നതും അവസാനിക്കുന്നതാണ്. അവയ്ക്ക് മരണമുണ്ട്. പക്ഷേ അല്ലാഹുവിന്റെ അസ്തിത്വം എങ്ങനെയുള്ളതാണെന്നാൽ, അവൻ സ്വമദാണ്. സ്വമദ് എന്നതിന്റെ അർഥം ആളുകൾ മനസ്സിലാക്കുന്നത് സർവാധിനാഥൻ എന്നാണ്. അവന്റെ സർവാധിപത്യം എന്നു പറയുന്നത്, അവൻ നശിക്കാത്തവനാണ്, അവസാനിക്കാത്തവനാണ്, അവനെപ്പോലെ ഒരു വസ്തുവും ഉണ്ടാകുകയുമില്ല എന്നാണ്. ഇതാണ് നമ്മുടെ ദൈവം;അവൻ എന്നെന്നുമുള്ളവനാണ്, എന്നെന്നും നിലകൊള്ളുന്നവനുമാണ്.

അവിടന്ന് പറയുന്നു: 'അല്ലാഹു അവന്റെ സത്തയിലും ഗുണത്തിലും പ്രതാപത്തിലും ഏകനാണ്. അവന് പങ്കാളിയാരുമില്ല. എല്ലാം അവന്റെ ആവശ്യക്കാരാണ്. ഓരോ അണുവും അവനെ കൊണ്ട് ജീവിക്കുന്നു. സകല വസ്തുക്കൾക്കും അവൻ അനുഗ്രഹത്തിന്റെ ഉത്ഭവസ്ഥാനമാണ്.' (അതായത് ലോകത്തിന് ഫലമെത്തിക്കുന്നതും അനുഗ്രഹം നല്കുന്നതും അവന്റെ സത്തയാണ്. അവനിൽനിന്നാണ് എല്ലാ വസ്തുവിനും അനുഗ്രഹത്തിന്റെ അരുവി ഉത്ഭവിക്കുന്നത്). 'അവന് ഒരു അനുഗ്രഹവും ആവശ്യമില്ല.' (അതായത് അവന് അനുഗ്രഹമെത്തിക്കുന്നതായി ഒന്നുംതന്നെയില്ല. അവൻ തന്നെയാണ് ലോകത്തിന് അനുഗ്രഹമെത്തിച്ചുകൊണ്ടിരിക്കുന്നത്). 'അവൻ ആരുടേയും മകനല്ല. ആരുടേയും പിതാവുമല്ല. അവനു സമനായി ആരുംതന്നെയില്ല. വിശുദ്ധ ഖുർആൻ ആവർത്തിച്ചാവർത്തിച്ച് അല്ലാഹുവിന്റെ കഴിവുകൾ സമർപ്പിച്ചുകൊണ്ടും അവന്റെ മഹത്ത്വം കാണിച്ചുകൊണ്ടും, നോക്കൂ അങ്ങനെയുള്ള ദൈവം മനസ്സുകൾക്ക് പ്രിയപ്പെട്ടതാണെന്നും മരിച്ചവനല്ലെന്നും ദുർബലനല്ലെന്നും കരുണകുറഞ്ഞവനോ ശക്തികുറഞ്ഞവനോ അല്ലെന്നും ജനങ്ങളോടു പറയുന്നു.'(ഇസ്ലാമി ഉസ്വൂൽ കി ഫലാസഫി പേജ് 103)

സൂറത്ത് ഇഖ്ലാസ്, സുറത്ത് ഫലഖ്, സൂറത്തുന്നാസ് എന്നിവ ഇറങ്ങിയതിനെ സംബന്ധിച്ച് ഹദ്റത്ത് ഉഖ്ബാബിൻ ആമിൻ(റ) നിവേദനം. അദ്ദേഹം പറയുന്നു: നബി(സ) തിരുമേനി പറഞ്ഞു: 'മുമ്പേ ഒരിക്കലും കണ്ടിട്ടില്ലാത്ത തരത്തിലുള്ള ആയത്തുകളാണ് ഇന്നു രാത്രി ഇറങ്ങിയത്. അവ ഇതാണ്. ഖുൽഹുവല്ലാഹു അഹദ്, ഖുൽ അഊദുബി റബ്ബിൽ ഫലഖ്, ഖുൽ അഊദുബി റബ്ബിന്നാസ്.'(സ്വഹീഹ് മുസ്‌ലിം കിതാബിസ്സ്വലാത്ത്)

ഹദീഥുകളിൽ മൂന്ന് 'ഖുൽല്ലു'കളും ഓതുന്ന

**"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."**
**(ഖുത്ബ ജുമുഅ,2017 മെയ് 5.)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

**"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

തിന്റെ പ്രാധാന്യത്തെക്കുറിച്ച് ഹദ്റത്ത് ഉഖ്ബാ ബിൻ ആമിർ ജഹന്നീ പറയുന്നു. ഒരിക്കൽ ഒരു യുദ്ധയാത്രയിൽ നബി(സ)തിരുമേനിയുടെ യാത്രാ വാഹനത്തിന്റെ കടിഞ്ഞാൺ പിടിച്ചുകൊണ്ട് ഞാൻ മുമ്പേ നടക്കുകയായിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'ഉഖ്ബാ! ഓതുക!' ഞാൻ നബിയിലേക്ക് ചെവിയോർത്തു; അവിടന്ന് പറയുന്നതുകേട്ട് ഓതാൻ! പിന്നീട് കുറച്ചുകഴിഞ്ഞപ്പോൾ പറഞ്ഞു. 'ഉഖ്ബാ! ഓതുക!' എന്താണ് പറയുന്നതെന്ന് കേൾക്കാൻ ഞാൻ ചെവിയോർത്തു. മൂന്നാമത്തെ പ്രാവശ്യവും ഇങ്ങനെ പറഞ്ഞു. ഞാൻ ചോദിച്ചു: എന്താണ് ഓതേണ്ടത്? അവിടന്ന് പറഞ്ഞു: ഖുൽഹുവല്ലാഹു അഹദ്. അവസാനംവരെ അവിടന്ന് ആ സൂറത്ത് ഓതി. പിന്നീട് അവിടന്ന് ഖുൽ അഊദു ബിറബ്ബിൽ ഫലഖും അവിടന്ന് അവസാനംവരെ ഓതി. ഞാനും നബി(സ) തിരുമേനിയോടൊപ്പം ഓതിക്കൊണ്ടിരുന്നു. പിന്നീട് അവിടന്ന് ഖുൽ അഊദ് ബി റബ്ബിന്നാസ് അവസാനംവരെ ഓതി. ഞാനും നബിയോടൊപ്പം ഓതിക്കൊണ്ടിരുന്നു. നബി(സ)തിരുമേനി പറഞ്ഞു: 'ആരുംതന്നെ ഇതുപോലുള്ള സൂറത്തുകളോ അല്ലെങ്കിൽ വാക്യങ്ങളോ ഓതിയിട്ട് അല്ലാഹുവിൽനിന്ന് അഭയം കരസ്ഥമാക്കാതിരുന്നിട്ടില്ല.' (സുനൻ നിസാഇ, ഹദീ ഥ് 5430)

അതായത് ഇത്തരം വാക്യം അല്ലെങ്കിൽ ദുആ മുഖേന മനുഷ്യൻ അല്ലാഹുവിന്റെ അഭയത്തിൽ വന്നെത്തുന്നു. അവന് ഇതിനെക്കാൾ ഉത്തമമായ മറ്റൊരു മാർഗവുമില്ല. ഇതിനെക്കാളുപരി അല്ലാഹുവിന്റെ മറ്റൊരു അഭയവുമില്ലെന്നുള്ള നിവേദനങ്ങൾ ഹദീഥുകളിൽ ലഭിക്കുന്നുണ്ട്.

സൂറത്ത് ഫലഖിനേയും നാസിനേയും സംബന്ധിച്ച് ഹദ്റത്ത് ഉഖ്ബബിൻ ആമിർ നിവേദനം: ഞാൻ ഒരു യാത്രയിൽ നബി(സ)തിരുമേനിയുടെ യാത്രാ വാഹനത്തിന്റെ കടിഞ്ഞാൺ പിടിച്ചുകൊണ്ടു നടക്കുകയായിരുന്നു. അവിടന്ന് പറഞ്ഞു: 'ഉഖ്ബാ! ഓതുന്നത് അങ്ങേയറ്റം ഉത്തമവും ഏറ്റവും ഫലപ്രദവുമായ രണ്ടു സൂറത്ത് ഞാൻ നിനക്കു പഠിപ്പിച്ച് തരട്ടെയോ? ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ! പഠിപ്പിച്ചുതന്നാലും. അവിടന്ന് പറഞ്ഞു: ഖുൽ അഊദു ബി റബ്ബിൽ ഫലഖ്, ഖുൽ അഊദു ബി റബ്ബിന്നാസ്. സുബ്ഹി നമസ്കാരത്തിനുവേണ്ടി താവളമടിച്ചപ്പോൾ ഈ സൂറത്തുകളാണ് അവിടന്ന് ഓതിയത്. നമസ്കാരം അവസാനിച്ചപ്പോൾ എന്റെ നേരെ തിരിഞ്ഞുകൊണ്ട് അവിടന്ന് പറഞ്ഞു: ഉഖ്ബാ! താങ്കളെങ്ങനെയാണ് കാണുന്നത്?' (ചെറിയ സൂറത്തുകളാണ് ഓതിയതെന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ടാകാം!) അവിടന്ന് പറഞ്ഞു: ഇവയിൽ എല്ലാം അടങ്ങയിട്ടുണ്ട്.)(സുനൻ അബൂദാവൂദ്, അബ്വാബുൽ വിത്ർ ഹദീഥ് 1462)

ഒരു നിവേദനത്തിൽ വന്നിരിക്കുന്നു: ഹദ്റത്ത് അബുസഈദ്(റ)നിവേദനം: നബി(സ) തിരുമേനി ജിന്നുകളുടെ ദൃഷ്ടിയിൽനിന്നും മനുഷ്യരുടെ ദൃഷ്ടിയിൽനിന്നും അഭയം തേടാറുണ്ടായിരുന്നു. അവസാനത്തെ രണ്ടു ഖുൽ സൂറത്തുകൾ ഇറങ്ങിയപ്പോൾ നബി(സ) തിരുമേനി അതു സ്വായത്തമാക്കുകയും മറ്റുള്ളതെല്ലാം ഉപേക്ഷിക്കുകയും ചെയ്തു.' (സുനൻ ഇബ്നുമാജ കിതാബുത്ത്വിബ്ബ് ഹദീഥ് 3511) ഇക്കാര്യത്തിൽ മുമ്പേ ചെയ്തിരുന്ന ദുആകളെല്ലാം നിറുത്തുകയും ഇതു ഓതാൻ തുടങ്ങുകയും ചെയ്തു).

ഹദ്റത്ത് ഇബ്നു അബ്ബാസ്(റ)നിവേദനം. അദ്ദേഹം പറഞ്ഞു: നബി(സ)തിരുമേനി ഒരിക്കൽ എന്നോടു പറഞ്ഞു, 'ഇബ്നു അബ്ബാസേ! ഞാൻ നിനക്കു അഭയം തേടുന്നതിനുള്ള ഏറ്റവും ഉത്തമമായ വാക്യങ്ങൾ പറഞ്ഞുതരട്ടെയോ?' ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ റസൂലേ പറഞ്ഞു തന്നാലും. അവിടന്ന് പറഞ്ഞു: 'ആ സൂറത്തുകളാണ് സൂറത്ത് ഫലഖും സൂറത്തുന്നാസും!'(മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാല്യം 5 പേജ് 322)

അവസാനത്തെ രണ്ടു സൂറത്തുകളുടെ പ്രാധാന്യം വിവരിച്ചുകൊണ്ട് ഒരു സ്വഹാബി പറയുന്നു: 'ഞങ്ങൾ ഒരിക്കൽ നബി(സ)തിരുമേനിയോടൊപ്പം ഒരു യാത്രയിലായിരുന്നു. യാത്രയ്ക്കുള്ള മൃഗങ്ങൾ കുറവായിരുന്നതിനാൽ ഊഴമനുസരിച്ചാണ് യാത്ര ചെയ്തിരുന്നത്. ഒരു അവസരത്തിൽ നബി(സ) തിരുമേനി ഇറങ്ങുന്നതിനും ഞാൻ കയറുന്നതിനുമുള്ള ഊഴമായിരുന്നു. നബി(സ)തിരുമേനി പിന്നിലൂടെ എന്റെ അടുത്തുവന്നു. എന്റെ തോളിൽ കൈവെച്ചുകൊണ്ടു പറഞ്ഞു: അഊദുബി റബ്ബിൽ ഫലഖ് ഓതുക. ഞാൻ ആ വാക്യങ്ങൾ ഓതി. ഇപ്രകാരം നബി(സ)തിരുമേനിയും ആ സൂറത്ത് മുഴുവനും ഓതി. ഞാനും നബി(സ)തിരുമേനിയോടൊപ്പം ഓതി. പിന്നീട് ഖുൽ അഊദു ബിറബ്ബിന്നാസ് ഓതാൻ പറഞ്ഞു: അവിടന്ന് മുഴുവൻ സൂറത്തും ഓതി. അത് ഞാനും ഓതി. പിന്നീട് അവിടന്ന് പറഞ്ഞു: 'നമസ്കരിക്കുമ്പോൾ ഈ രണ്ടു സൂറത്തുകളും നമസ്കാരത്തിൽ ഓതുക.' (മുസ്നദ് അഹ്മദ് ബിൻ ഹമ്പൽ വാല്യം 6 പേജ് 918)

ഉഖ്ബാബിൻ ആമിർ ജഹന്നീ(റ) നിവേദനം: ഞാൻ ഒരു യാത്രയിൽ നബി(സ)തിരുമേനിയോടൊപ്പമുണ്ടായിരുന്നു. നേരം വെളുത്തു. നബി (സ) തിരുമേനി ബാങ്കു കൊടുത്തു. ഇഖാമത്തും കൊടുത്തു. എന്നെ തന്റെ വലതുഭാഗത്തു നിറുത്തി. പിന്നീട് 'മഊദത്തയ്ൻ' ഓതി. അതായത് ഖുൽ അഊദു ബി റബ്ബിൽ ഫലഖും ഖുൽ അഊദു ബിറബ്ബിന്നാസും)നമസ്കാരം കഴിഞ്ഞപ്പോൾ, നീ എങ്ങനെ നോക്കിക്കാണുന്നുവെന്ന് നബി(സ)തിരുമേനി എന്നോടു ചോദിച്ചു. (ഇതു മുമ്പേ വന്ന ഹദീഥുമായി സാദൃശ്യമുള്ള നിവേദനമാണ്) ഞാൻ പറഞ്ഞു: 'അല്ലാഹുവിന്റെ റസൂലേ സത്യസ്ഥിതി ഞാൻ കണ്ടു.'അപ്പോൾ നബി(സ) തിരുമേനി പറഞ്ഞു: 'നീ ഉറങ്ങുമ്പോഴും ഉണരുമ്പോഴും ഈ രണ്ടു സൂറത്തും ഓതുക.' (അൽ മുസ്വന്നിഫു ഫിൽ അഹാദീഥി വൽ ആഥാരി അസ് അബൂബക്കർ ബിൻ അബീ ശേയ്ബ വാല്യം 1 പേജ് 403)

ഈ സൂറത്തുകളുടെ പ്രാധാന്യം ഇതാണ്. വ്യക്തിപരമായ നിലയിൽ നമ്മുടെ ആത്മീയാഭിവൃദ്ധിക്കും ശയ്ത്വാന്റെ ആക്രമണങ്ങളിൽനിന്ന് രക്ഷപ്പെടുന്നതിനും ജമാഅത്തുപരമായ നിലയിൽ ഇസ്ലാമിനെതിരിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഗൂഢപദ്ധതികളിൽനിന്ന് രക്ഷപ്പെടുന്നതിനും ഇക്കാലഘട്ടത്തിൽ ഇത് ഓതേണ്ടുന്ന പ്രാധാന്യം വീണ്ടും വർധിച്ചിരിക്കുകയാണ്. ഈയിടെയായി ഇസ്ലാമിന്നെതിരിൽ ഒരു ഭാഗത്ത് ഇസ്ലാം വിരുദ്ധ ശക്തികളുടെ ബുദ്ധിസാമർഥ്യത്തോടെയുള്ള പരിശ്രമങ്ങൾ വൻതോതിൽ നടന്നുകൊണ്ടിരിക്കുന്നു. മറുഭാഗത്ത് നാമമാത്ര മുസ്ലിം ഉലമായും മുസ്ലിം നേതാക്കളും കുഴപ്പത്തിന്റേയും കലഹത്തിന്റേയും അവസ്ഥ ഉണ്ടാക്കിക്കഴിഞ്ഞിരിക്കുകയാണ്. മുസ്ലിം ഉലമാ മസീഹ് മൗഊദ്(അ)ന്നെതിരിൽ സാധാരണ മുസ്ലിംകളെ പ്രകോപിതരാക്കി സാത്താനിക ശക്തികളുടെ കരങ്ങൾക്ക് ശക്തിപകരാൻ അവസരം നല്കിക്കൊണ്ടിരിക്കുന്നു. ഇപ്രകാരം തന്നെ നിരീശ്വരത്വവും അതിന്റെ ശക്തിയിലാണുള്ളത്. ഇക്കാര്യം വ്യക്തമാക്കിക്കൊണ്ട് സൂറത്തുൽ ഫലഖ് ഉദ്ധരിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു: 'മസീഹ് മൗഊദിന്റെ ശത്രുക്കൾക്ക് കുറിമാനമാകുന്ന നിങ്ങൾ ഇങ്ങനെ ദുആ ചെയ്യുക; ഞാൻ സൃഷ്ടികളുടെ ആന്തരികവും ബാഹ്യവുമായ ഉപദ്രവങ്ങളിൽനിന്ന് അല്ലാഹുവിനോടു അഭയം തേടുന്നു. അവൻ പ്രഭാതത്തിന്റെ ഉടമസ്ഥനാണ്. അതായത് വെളിച്ചം പ്രകടമാക്കുക എന്നത് അവന്റെ അധികാരത്തിൽപ്പെട്ടതാണ്. ഈ വെളിച്ചം ആത്മീയതയുടെ പ്രകാശത്തിന്റെ വെളിച്ചമാണ്. അത് മസീഹ് മൗഊദിന്റെ വരവോടെ വെളിപ്പെട്ട വെളിച്ചമാണ്. ഞാൻ ഇരുൾ മുറ്റിയ രാത്രിയുടെ ഉപദ്രവത്തിൽനിന്ന്, അത് മസീഹ് മൗഊദിന്റെ നിഷേധത്തിന്റെ ഫിത്നകളുടെ രാത്രിയാണ് അല്ലാഹുവിനോടു അഭയം തേടുന്നു.'(തുഹ്ഫ ഗോൾഡവിയ്യ പേജ് 78)

ഇവയിൽ ഒന്നാമത്തേത് ഇസ്ലാം വിരുദ്ധ ആളുകളാണ്. അവർ ഇസ്ലാമിന്റെ അധ്യാപനങ്ങളുടെമേൽ ആക്ഷേപം ഉന്നയിക്കുന്നു. രണ്ടാമത്തേത് മുസ്ലിം ഉലമയാണ്. അവർ തങ്ങളുടെ തെറ്റ് ഉപേക്ഷിക്കാൻ ആഗ്രഹിക്കുന്നില്ല. മസീഹ് മൗഊദിന്നെതിരിൽ ആളുകളെ പ്രകോപിക്കുന്നതിൽ വ്യാപൃതരാണ്. ഇവരിൽ തലപ്പത്തുള്ളത് പാക്കിസ്താൻ ഉലമായാണെന്ന് നമ്മൾ കാണുന്നു.

ഇത്തരം പരിതഃസ്ഥിതിയിൽ പാക്കിസ്താനിലെ അഹ്മദികൾക്ക് പ്രത്യേകിച്ചും ഈ സുന്നത്ത് നടപ്പിൽ വരുത്തേണ്ട ആവശ്യമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'സൂറത്തുൽ ഫലഖിൽ ശർറി ഗാസിഖിൻ ഇദാ വഖബ് എന്ന് പറയപ്പെട്ടിരിക്കുന്നു. ഇരുൾമുറ്റിയ രാത്രിയെ കുറിച്ച് പറഞ്ഞിരിക്കുന്നത് ഇരുൾ മുറ്റിയ രാത്രിയിലെ ഉപദ്രവത്തിന്റെ ഫിത്നയിൽനിന്ന് രക്ഷപ്പെടുന്നതിനുള്ള ദുആയാണ്. രാത്രിയ്ക്കാണ് ഗാസിഖ് എന്നു പറയുന്നത്. വഖബ് എന്നതിന്റെ അർഥം അന്ധകാരം, അന്ധകാരം വ്യാപിക്കൽ. മസീഹ് മൗഊദിനെ നിഷേധിക്കുന്നതിന്റെ ഫിത്നയുടെ കൂരിരുട്ടാണ് അന്ധകാര രാത്രിയിലെ കുഴപ്പം. അതിൽനിന്നാണ് അഭയം തേടിയിരിക്കുന്നത്.'

മുസ്ലിംകളുടെ അവസ്ഥയിൽ അഹോ കഷ്ടം! അല്ലാഹു അവർക്ക് ഒരു ദുആ പഠിപ്പിച്ചു. വെളിച്ചത്തിനുശേഷം ഇരുട്ടിൽനിന്നും അന്ധകരങ്ങളുടെ ഫിത്നയിൽനിന്നും രക്ഷപ്പെടുന്നതിന് നബി(സ) തിരുമേനി പറഞ്ഞു: 'തൗഹീദിൽ നിലകൊള്ളുന്നതിനും അന്ധകാരങ്ങളുടെയും കൂരിരുട്ടുകളുടെയും ഫിത്നകളിൽനിന്ന് രക്ഷപ്പെടുന്നതിനും ഈ ദുആകൾ മുടക്കം വരുത്താതെ നിത്യം ചൊല്ലുക.' പക്ഷേ മുസ്ലിംകൾ അതിനെ വകവെച്ചില്ല. മുസ്ലിംകൾ ഈ ഫിത്നയിൽ മുങ്ങിത്താണുകൊണ്ടിരിക്കുകയാണ്. ഇക്കാരണത്താൽ ഇന്ന് ലോകത്ത് അമുസ്ലിംകൾക്ക് മുസ്ലിംകളുടെമേൽ ആക്ഷേപം ഉന്നയിക്കാൻ അവസരം കിട്ടുന്നു. എന്തായാലും മുസ്ലിംകളുടെ ഈ അവസ്ഥ നമ്മളോടു പറയുന്നത് ഈ അന്ധകാരങ്ങളിൽനിന്ന് രക്ഷപ്പെടാൻ ഈ സൂറത്തുകൾ ചിന്തിച്ച് പാരായണം ചെയ്യുക എന്നാണ്.

ശർറിന്നഫാഥാത്തി ഫിൽ ഉഖദ്ൽനിന്നും അല്ലാഹുവിന്റെ അഭയത്തിലിരിക്കുക. നഫ്ഫാഥാത്തിന്റെ ഉപദ്രവത്തിൽനിന്ന്, അവരുടെ കെട്ടുകളിൽനിന്ന് നമ്മൾ അല്ലാഹുവിന്റെ അഭയത്തിലിരിക്കണം. അതായത് ഇസ്ലാമിനും അഹ്മദിയ്യത്തിനുമെതിരിൽ വലിയ തന്ത്രത്തോടെ ആളുകളുടെ മനസ്സുകളിൽ വെറുപ്പും വിദ്വേഷവും ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ആളുകളിൽനിന്ന്! അതിൽ ഞാൻ പറഞ്ഞതുപോലെ അമുസ്ലിംകളും നാമമാത്ര ഉലമായും ഇരുവരും ഭാഗഭാക്കാണ്. ഒന്ന് മതത്തിന്നെതിരിലായ കാരണത്താൽ തങ്ങളുടെ പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുന്നു. അമുസ്ലിം ഇസ്ലാമിന്നെതിരിലായ കാരണത്താൽ പ്രവൃത്തി ചെയ്തുകൊണ്ടിരിക്കുന്നു. രണ്ടാമത്തവർ ദീനിന്റെ പേരിൽ അല്ലാഹു അയച്ച ആൾക്കെതിരെ ആളുകളെ പ്രകോപിപ്പിക്കുന്നതിനുള്ള നടപടികൾ ചെയ്തുകൊണ്ടിരിക്കുന്നു. ഇരുവരും ഈ കൂട്ടത്തിൽപെടുന്നു. ഇവരെ കുറിച്ചാണ് പറഞ്ഞത്, വമിൻ ശർറിന്നഫാഥാത്തി ഫിൽ ഉഖദ്.

സൂറത്തുന്നാസിൽ അല്ലാഹുവിന്റെ റബൂബിയത്തി(പരിപാലനം)നേയും മാലികിയ്യത്തി(ഉടമസ്ഥ

## കലാമുൽ ഇമാം:-

"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്."
(മൽഫൂദാത്ത്, വാല്യം 5, പേജ് 121)

**ത്വാലിബെ ദുആ:**
കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)

## കലാമുൽ ഇമാം:-

"ഇസ്ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാല്യം 4, പേജ് 344).

**ത്വാലിബെ ദുആ:**
അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)

ത)നേയും യഥാർഥ ആരാധ്യൻ എന്നതിനേയും കുറിച്ചുള്ള വിവരണമാണ്. ഇതു വിവരിച്ചുകൊണ്ട് അവന്റെ അഭയത്തിൽ വരാനും ശയ്ത്വാന്റെ ദുർബോധനത്തിൽനിന്ന് രക്ഷപ്പെടാനുമുള്ള ദുആയാണ് ചെയ്തിട്ടുള്ളത്. ഇക്കാലത്ത് നിരീശ്വരത്വത്തിന്റേയും ഭൗതികതയുടേയും ശക്തമായ സമ്മർദമാണുള്ളത്. ലൗകികതയുടെ കൈ പൊതുസമൂഹത്തിൽ എത്രത്തോളം ആഴ്ന്നിറങ്ങിയിരിക്കുന്നുവെന്നാൽ, ചില യുവാക്കൾ അതിൽ ആകർഷിക്കപ്പെടുന്നു. അതിനാൽ ഈ ദുആകൾ നമ്മൾ നമ്മുടെമേൽ ഊതുമ്പോൾ, ഒപ്പം എല്ലാത്തരം ഉപദ്രവങ്ങളിൽനിന്നും നമ്മുടെ തലമുറയും സുരക്ഷിതരായിരിക്കാനും ദീനിൽ നിലകൊള്ളുന്നവരും അല്ലാഹുവിന്റെ ഏകത്വത്തെ മനസ്സിലാക്കുന്നവരുമാകാനും നമ്മുടെ കുട്ടികളുടെമേലും ഊതിക്കൊടുക്കുക. നമ്മളിൽ എല്ലാ ഓരോരുത്തരും ഈ സൂറത്തുകളിലെ വിഷയങ്ങൾ മനസ്സിലാക്കിക്കൊണ്ട് നബി(സ) തിരുമേനിയുടെ സുന്നത്തനുസരിച്ച് കർമങ്ങൾ ചെയ്യുന്നവരാകാൻ അല്ലാഹു അനുഗ്രഹിക്കുമാറാകട്ടെ. അല്ലാഹുവിന്റെ ഏകത്വത്തിന്റെ വിഷയം നമ്മളിൽ വ്യക്തമാകുമാറാകട്ടെ. അവനുപുറമെ മറ്റാരുടെയും മുമ്പിൽ നമ്മൾ കുനിയുന്നവരാകാതിരിക്കട്ടെ. അവനാണ് എല്ലാ ശക്തികളുടേയും ഉറവിടമെന്നും അവൻ തന്നെയാണ് എല്ലാ ദിവ്യശക്തികളുടേയും ഉൽഭവസ്ഥാനമെന്നും അവനാണ് എല്ലാ വെളിച്ചത്തിന്റേയും ഉറവിടമെന്നും എല്ലാ കൃപാവരങ്ങളും നല്കുന്നവനെന്നും മനസിലാക്കുന്നവരാകട്ടെ. മനസ്സിൽ മാത്രമല്ല, മറിച്ച് എല്ലാ കർമങ്ങളിലും അതു സ്ഥാപിക്കുന്നവരാകട്ടെ. സൃഷ്ടികളിൽനിന്ന് പ്രതീക്ഷിക്കുന്നതിനു പകരം സൃഷ്ടികളുടെ ഉപദ്രവത്തിൽനിന്ന് രക്ഷപ്പെടാൻ അല്ലാഹുവിന്റെ മുമ്പിൽ കുനിയുക!

ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിച്ചുകൊണ്ട്, ഏതൊരു പ്രകാശമാണോ നമ്മൾ കരസ്ഥമാക്കിയത് അത് നബി(സ) തിരുമേനിയുടെ യഥാർഥ പ്രകാശത്തിന്റെ ചിറകാണ്. അല്ലാഹുവിനോടു ദുആ ചെയ്യുക. അല്ലാഹു നമ്മെ അതിലെപ്പോഴും നിലനിറുത്തുമാറാകട്ടെ! നമ്മൾ ഒരിക്കലും അന്ധകാരങ്ങളിലും ഇരുട്ടുകളിലും വഴിതെറ്റുന്നവരാകാതിരിക്കട്ടെ. അല്ലാഹുവിന്റെ സമ്മാനമായ നമുക്കുകിട്ടിയ ഖിലാഫത്തുമായി നമ്മൾ എപ്പോഴും ബന്ധപ്പെട്ടിരിക്കുന്നവരാകട്ടെ. നഷ്ടമുണ്ടാക്കുന്നവരുടെ എല്ലാ ഉപദ്രവങ്ങളിൽനിന്നും അല്ലാഹു നമ്മെ അവന്റെ അഭയത്തിൽ വെക്കുമാറാകട്ടെ. അത് മതപരമായ ഉപദ്രവമാകട്ടെ, ഭൗതികമായ ഉപദ്രവമാകട്ടെ, എല്ലാ അസൂയാലുവിന്റേയും അസൂയയിൽനിന്നും അതിന്റെ നഷ്ടങ്ങളിൽനിന്നും അല്ലാഹു നമ്മെ സുരക്ഷിതമാക്കിവെക്കട്ടെ. അല്ലാഹുവിനെത്തന്നെ നമ്മൾ നമ്മുടെ റബ്ബും നമ്മളെ പരിപാലിക്കുന്നവനുമായി മനസ്സിലാക്കി അവന്റെ അഭയത്തിലായിരിക്കുക. എല്ലാ രാജാക്കന്മാരെക്കാളും ശ്രേഷ്ടനായി അല്ലാഹുവിനെ മനസ്സിലാക്കുക. അവന്റെ രാജാധിപത്യത്തിൽ പൂർണമായും ദൃഢവിശ്വാസമുള്ളവരാകട്ടെ. ആ യഥാർഥ ആരാധ്യന്റെ ആരാധനയും നിർവ്വഹിക്കുന്നവരായിക്കൊണ്ട്. ഓരോ ശ്വാസവും അവന്റെ അഭയത്തിൽ വരാൻ ശ്രമിക്കുക. ദുർബോധനം ചെയ്യുന്നവരുടെ ഉപദ്രവത്തിൽനിന്ന് രക്ഷപ്പെടുക. അല്ലാഹുവിന്റെ അഭയത്തിൽ വരിക. നിങ്ങളുടെ മനസ്സുകളേയും എല്ലാ ദുർബോധനങ്ങളിൽ നിന്നും പരിശുദ്ധമായിവെക്കാൻ ശ്രമിക്കുക. അതിനുവേണ്ടി അല്ലാഹുവിനോടു അഭയം തേടിക്കൊണ്ടിരിക്കുക. അല്ലാഹു നമുക്കതിന്ന് തൗഫീഖ് നല്കുമാറാകട്ടെ. മുടങ്ങാതെ ഉറങ്ങുന്നതിനുമുമ്പേ ഈ ദുആകൾ നബി(സ) തിരുമേനിയുടെ കല്പനയനുസരിച്ച് ഈ വചനങ്ങൾ ഓതി ഊതുന്നവരാകട്ടെ നമ്മൾ. അല്ലാഹു അതിന് തൗഫീഖ് നല്കുമാറാകട്ടെ.

( പേജ് 16ൽനിന്ന്)ന്നതിന് സ്വയം പരിശ്രമിക്കാത്തിടത്തോളം! തന്റേടം കാണിക്കാത്തിടത്തോളം! ധൈര്യത്തോടെ പ്രവർത്തിക്കുന്നില്ലെങ്കിൽ എങ്ങനെ മാറ്റം വരാനാണ്. ഇത് അല്ലാഹുവിന്റെ മാറ്റമില്ലാത്ത ഒരു നടപടിയാണ്. അവൻ പറയുന്നു: *വ ലൻ തജിദ ലിസുന്നത്തില്ലാഹി തബ്ദീലാ*(33:63)നമ്മുടെ ജമാഅത്താണെങ്കിലും മറ്റേതു ജമാഅത്താണെങ്കിലും മുജാഹദയോടും ദുആകളോടുംകൂടി പ്രവർത്തിക്കുയാണെങ്കിൽമാത്രമേ സ്വഭാവത്തിൽ മാറ്റം കൊണ്ടുവരാൻ സാധിക്കുകയുള്ളു, ഇല്ലെങ്കിൽ അസംഭാവ്യമാണ്.'( മൽഫൂദാത്ത് വാള്യം 1 പേജ് 137, 1985 ലണ്ടൻ പതിപ്പ്)

അല്ലാഹു നമുക്ക് റസൂലിന്റെ ജീവിതമാതൃകയിലൂടെ നടന്നുകൊണ്ട് നമ്മുടെ സ്വഭാവങ്ങളെ എല്ലാവിധത്തിലും, എല്ലാ അവസരത്തിലും എല്ലാ സ്ഥലത്തും എല്ലാ രൂപത്തിലും നന്നാക്കിത്തീർക്കാൻ തൗഫീഖ് പ്രദാനം ചെയ്യുമാറാകട്ടെ. നമ്മുടെ സൽസ്വഭാവങ്ങളുടെ നിലവാരം അല്ലാഹുവിന്റെ തൃപ്തി ലഭിക്കുന്നതിന് ആയിരിക്കട്ടെ; ലോകത്തെ കാണിക്കുന്നതിന് വേണ്ടി ആകാതിരിക്കട്ടെ. സൃഷ്ടികളോടുള്ള സത്യസന്ധമായ സഹതാപം നമ്മുടെ മനസ്സുകളിൽ ഉണ്ടാകുമാറാകട്ടെ. തഖ്‌വയുടെ നിലവാരം ഉയർത്തുന്നവരാകട്ടെ. നമ്മൾ കാലത്തിന്റെ ഇമാമിനെ വിശ്വസിച്ചിരിക്കുന്നു; അപ്പോൾ നമ്മുടെ ചിന്ത എപ്പോഴും ആയിരിക്കേണ്ടത് നമ്മുടെ ഒരു കർമവും ഇസ്‌ലാമിനും നബി(സ) തിരുമേനിയ്ക്കും പേരുദോഷത്തിന് കാരണമാകാതിരിക്കണം എന്നതാണ്. മറിച്ച് ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനത്തെ പ്രചരിപ്പിക്കുന്നവരാകട്ടെ. ലോകത്തെക്കൊണ്ട് ഇതിനെ ആകർഷിപ്പിക്കുന്നവരാകട്ടെ. ഇതിനേക്കാളുപരി, നമ്മൾ നമ്മുടെ സൽസ്വഭാവത്തിന്റെ നിലവാരങ്ങൾ വർധിപ്പിക്കുന്നതിന് എപ്പോഴും ശ്രമിച്ചുകൊണ്ടിരിക്കേണ്ടതാണ്. അല്ലാഹുവിന്റെ മുമ്പിൽ കുനിഞ്ഞ് ദുആ ചെയ്തുകൊണ്ട് അല്ലാഹുവിനോടു അവനെ കിട്ടുന്നതിന് സഹായം ചോദിക്കുന്നവരാകട്ടെ.

നമസ്കാരത്തിനുശേഷം കറാച്ചിയിലെ ഡിഫൻസ് സൊസൈറ്റി ഹൽഖയിലുള്ള ശേയ്ഖ് അബ്ദുൽ ഹമീദ് സാഹിബിന്റെ മകൻ ശേയ്ഖ് അബ്ദുൽ മജീദ് സാഹിബിന്റെ ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്. 2018 ഫെബ്രുവരി 15ന് 88–ാം വയസ്സിൽ ഇദ്ദേഹം വഫാത്തായി. ഇന്നാ ലില്ലാഹി വ ഇന്നാ ഇലയ്ഹി റാജിഊൻ. ഇദ്ദേഹത്തിന്റെ കുടുംബത്തിൽ അഹ്മദിയ്യത്ത് വന്നത് ഇദ്ദേഹത്തിന്റെ പിതാമഹൻ ഹദ്റത്ത് നൂർ അഹ്മദ് സാഹിബ് ജലന്ധർ മുഖേനയാണ്. അദ്ദേഹത്തെക്കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ഗ്രന്ഥമായ അഞ്ചാമെ ആഥമിൽ 313 സ്വഹാബത്തിന്റെ ലിസ്റ്റിൽ 262–ാം നമ്പറായി ശേയ്ഖ് നൂർ അഹ്മദ് സാഹിബ് ജലന്ധർ ഇപ്പോൾ മുംബാസ് എന്ന പേരിൽ രേഖപ്പെടുത്തിയിരിക്കുന്നു. (അഞ്ചാമെ ആഥം, റൂഹാനീ ഖസാഇൻ, വാള്യം 11, പേജ് 328) ഇദ്ദേഹം 1929ൽ ജലന്ധറിൽ ജനിച്ചു. ഖാദിയാനിലെ തഅ്ലീമുൽ ഇസ്‌ലാം കോളേജിൽനിന്ന് എഫ്.എസ്.സി ചെയ്തതിനുശേഷം ഗവർമ്മെന്റ് കോളേജ് ലാഹോറിൽനിന്ന് കെമിക്കൽ എഞ്ചിനീയറിംഗിൽ എം.എസ്.സി ചെയ്തു. 1951 മുതൽ 1953 വരെ ഇവിടെ യു.കെ യിലെ സർറെ യൂണിവേഴ്സിറ്റിയിൽ മൈനോളജിക്കൽ എഞ്ചിനീയറിംഗും പഠിച്ചു. അതിനുശേഷം ഇദ്ദേഹത്തിന് കറാച്ചിയിൽ ജമാഅത്തിന്റെ സേവനം ചെയ്യാൻ ഭാഗ്യം കിട്ടി. സെക്രട്ടറി ജാഇദാദ്, സ്വദ്ർ ഇംദാദ് കമ്മിറ്റി, ഹൽഖയുടെ സ്വദ്ർ, കറാച്ചി നാഇബ് അമീർ എന്നീ നിലകളിൽ സേവനം ചെയ്തു. മജ്‌ലിസ് തഹ്‌രീക്കെ ജദീദ് മർക്കസിയായുടെ മെമ്പറായിരുന്നു. ഇദ്ദേഹത്തിന്റെ മക്കളിൽ ഒരു മകൾ സൽമാ ത്വാരിഖാണ്. അവർ ത്വാരിഖ് സജാദ് സാഹിബിന്റെ ഭാര്യയാണ്. രണ്ടു ദൗഹിത്രരും ഒരു ദൗഹിത്രിയുമുണ്ട്.

അദ്ദേഹത്തിന്റെ ദൗഹിത്രൻ എഴുതുന്നു: ഖാദിയാനിലെ പുണ്യാത്മാക്കളുടെ സഹവാസത്തിൽ കഴിഞ്ഞ് ചെറുപ്പം മുതലെ അല്ലാഹുവിനോടു ഒരു പ്രത്യേക ബന്ധമുണ്ടായിരുന്നു. മെട്രിക് പരീക്ഷയിൽ ഇംഗ്ലീഷ് പരീക്ഷ നല്ലതായിരുന്നില്ല. അപ്പോൾ ഇദ്ദേഹം മസ്ജിദിലേക്ക് വരികയായിരുന്നു. വഴിയിൽ ഹദ്റത്ത് മൗലാനാ ശേർ അലി സാഹിബിനെ കണ്ടുമുട്ടി. അദ്ദേഹം മസ്ജിദിൽനിന്നിറങ്ങുകയായിരുന്നു. മൗലാനാ സാഹിബ് പരീക്ഷയെക്കുറിച്ച് ചോദിച്ചു. പരീക്ഷ നന്നായില്ലെന്ന് ഇദ്ദേഹം പറഞ്ഞു. മൗലാനാ ശേർ അലി സാഹിബ് കൈയുയർത്തി അവിടെനിന്ന് ദുആ ചെയ്തു. താങ്കൾ പാസാകുമെന്ന് ഇദ്ദേഹത്തോട് പറയുകയും ചെയ്തു. സുവാർത്ത അറിയിച്ചു. അതിനുശേഷം ദുആ സ്വീകാര്യമായതെങ്ങനെയായിരുന്നുവെന്നാൽ, എല്ലാ പരീക്ഷയിലും പാസായിക്കൊണ്ടിരുന്നു. സന്തോഷത്തിന്റേയും സന്താപത്തിന്റേയും വിവിധ അവസ്ഥകൾ ഇദ്ദേഹത്തിൽ വന്നു. ഇവിടെനിന്ന് പോയതിനുശേഷം പല ജോലികളും ഇദ്ദേഹം ചെയ്തു. ജമാഅത്തിനോടുള്ള വിരോധം കൊണ്ടും ഓഫീസർമാർ തമ്മിലുള്ള വടംവലികൊണ്ടും ഇദ്ദേഹത്തെ ജോലികളിൽനിന്ന് പുറത്താക്കുകയും ചെയ്തിട്ടുണ്ട്. അവസാനം ഇദ്ദേഹം വ്യാപാരം ചെയ്യാൻ തുടങ്ങി. തന്റെ ചെലവിനായി കുറച്ചുമാത്രം വെക്കുമെന്നും ബാക്കി എന്തുണ്ടെങ്കിലും ജമാഅത്തിന് കൊടുക്കുന്നതാണെന്നും പ്രതിജ്ഞ ചെയ്തു. അല്ലാഹുവുമായി ചെയ്ത ഈ പ്രതിജ്ഞ ജീവിതാവസാനംവരെ ഇദ്ദേഹം നിറവേറ്റി. ഇദ്ദേഹം കച്ചവടം ചെയ്തു. വ്യവസായം നടത്തി. അതിൽനിന്ന് എന്തു ലാഭം കിട്ടുന്നതും അതിരറ്റ് ജമാഅത്തിനുവേണ്ടി ചെലവഴിച്ചു. ജമാഅത്തിന് ചന്ദ കൊടുത്തുകൊണ്ടിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് എം.ടി.എ. തുടങ്ങിയപ്പോഴും ഇദ്ദേഹം പെട്ടെന്ന് ഒരു കോടി രൂപ അവിടെ നല്കി. ഇതുപോലെതന്നെ റഷ്യയിൽ ഒരിക്കൽ മസ്ജിദ് നിർമിക്കണമെന്ന അഭിപ്രായമുണ്ടായി. ആ നേരത്ത് വിളംബരം ചെയ്യുന്നതിനുമുമ്പേ അഹ്മദികളുടെ ഒരു റഷ്യൻ സംഘം ഇവിടെ വന്ന് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്നെ കണ്ടു. അവിടെ സംസാരം നടന്നുകൊണ്ടിരിക്കുകയായിരുന്നു. അതിനിടയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്നോടു പ്രൈവറ്റ് സെക്രട്ടറി സാഹിബ് പറഞ്ഞു: ശേയ്ഖ് സാഹിബ് ഒരാഹ്വാനവും ചെയ്യാതെതന്നെ ഒരു വലിയ തുക അവിടത്തെ മസ്ജിദിനുവേണ്ടി നല്കിയിരിക്കുന്നു. അതിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് വലിയ സന്തോഷം പ്രകടിപ്പിച്ചുവെന്ന് ഇദ്ദേഹത്തോടു പ്രൈവറ്റ് സെക്രട്ടറി സാഹിബ് പറഞ്ഞു. ഇപ്രകാരംതന്നെ അവിടത്തെ മുറബ്ബി സാഹിബെഴുതുന്നു: 2010ൽ ദാറുദ്ദിക്റിലും മോഡൽടൗണിലും മെയ് 28ന്റെ സംഭവമുണ്ടായപ്പോൾ, അതേ ദിവസം വൈകുന്നേരം ഞാൻ ഓഫീസിൽ പോയി. അവിടത്തെ സെക്രട്ടറിമാൽ ഒരു രസീത് മുറിക്കുന്നതു കണ്ടു. പൂജ്യം ഇട്ടുകൊണ്ടേ പോകുന്നത് ഞാൻ കണ്ടു. ഞാൻ അദ്ദേഹത്തോടു ചോദിച്ചു: താങ്കൾ തെറ്റായിട്ടല്ലല്ലോ എഴുതികൊണ്ടിരിക്കുന്നത്. അദ്ദേഹം പറഞ്ഞു. അല്ല. മറിച്ച് ഇപ്പോൾ ശേയ്ഖ് സാഹിബ് സയ്യിദുനാ ബിലാൽ ഫണ്ടിലേക്ക് ഒരു കോടിരൂപ തന്നിട്ട് പോയി. ഇപ്രകാരംതന്നെ വിശുദ്ധഖുർആനിന്റെ പ്രസിദ്ധീകരണത്തിന് വൻതുക നല്കുകയുണ്ടായി. കറാച്ചി ജമാഅത്തിന്റെ എണ്ണമറ്റ പ്രൊജക്ടുകൾ ഉണ്ടായിരുന്നു. അതിനും ചന്ദ നല്കി. ഇദ്ദേഹം വളരെ ലളിതമായ ജീവിതമാണ് എപ്പോഴും നയിച്ചിരുന്നത്. ബാഹ്യമായ ഒന്നുമായും ഇദ്ദേഹത്തിന് ബന്ധമുണ്ടായിരുന്നില്ല. ഇദ്ദേഹം രണ്ട് ഫാക്ടറിയുടെ ഉടമയും വലിയ സമ്പന്നനുമായിരുന്നു. സമ്പാദിക്കുന്നതിൽനിന്ന് തന്റേയും കുടുംബത്തിന്റേയും ചെലവിനുവച്ചതിനുശേഷം ബാക്കി മുഴുവൻ ജമാഅത്തിനുകൊടുക്കുമായിരുന്നു. തന്റെ സ്വത്ത് ജമാഅത്തിന്റേതായിരിക്കുമെന്ന് വസ്വിയ്യത്ത് ചെയ്തിട്ടാണ് അവസാനം ഇദ്ദേഹം പോയതും. അല്ലാഹു ഇദ്ദേഹത്തിൽ കരുണ ചൊരിയുമാറാകട്ടെ. പദവികൾ ഉയർത്തുമാറാകട്ടെ. ഇദ്ദേഹത്തിന്റെ ദൗഹിത്രന്മാർക്കും ദൗഹിത്രിയ്ക്കും കുട്ടികൾക്കും മകൾക്കും സഹനവും ക്ഷമയും പ്രദാനം ചെയ്യുമാറാകട്ടെ. ഇദ്ദേഹത്തിന്റെ സൽമാതൃകയിലൂടെ നടക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. നമസ്കാരങ്ങൾക്കുശേഷം ഇദ്ദേഹത്തിന്റെ ജനാസ ഗാഇബ് നമസ്കരിപ്പിക്കുന്നതാണ്.

## കലാമുൽ ഇമാം:–

**"ദുഃഖമുണ്ടാകുമ്പോഴും വിപത്ത് വരുമ്പോഴും ക്ഷണത്തിൽ നമസ്കാരത്തിന് നിൽക്കുക എന്ന കുറിപ്പടി എപ്പോഴും ഓർത്തുകൊള്ളുകയും അതിൽനിന്ന് ഫലമെടുക്കുകയും ചെയ്തുകൊള്ളുക."**
**(മൽഫൂദാത്ത്, വാള്യം 5, പേജ് 96).**

**ത്വാലിബെ ദുആ:**
**റഹ്മാൻ ശക്കീറും കുടുബവും അഹ്മദിയ്യാ ജമാഅത്ത്, കരുളായി (കേരള)**

## കലാമുൽ ഇമാം:–

**"ആരെയണോ ഏതെങ്കിലും കച്ചവടമോ ക്രയവിക്രയമോ അല്ലാഹുവിനെ സ്മരരിക്കുന്നതിൽനിന്ന് തടയാത്തത് അവരായിരിക്കണം നിങ്ങളുടെ മാതൃകയായിട്ടുള്ളവർ എന്ന് അല്ലാഹു പറയുന്നു."**
**(മൽഫൂദാത്ത്, വാള്യം 5, പേജ് 104)**

**ത്വാലിബെ ദുആ:**
**പരേതനായ അബ്ദുർറഹ്മാൻ തങ്ങൾ സാഹിബിന്റെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് ചാവക്കാട് (കേരള)**

## ഖുത്ബ ജുമുഅ

**എവിടെയൊക്കെ ജമാഅത്തുകളുണ്ടോ അവിടെയെല്ലാം ഈ ദിനങ്ങളിൽ മുസ്‌ലിഹ് മൗഊദിനെ കുറിച്ചുള്ള പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ മുസ്‌ലിഹ് മൗഊദ് ദിന യോഗങ്ങൾ സംഘടിപ്പിച്ചുവരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)അല്ലാഹുവിൽനിന്ന് വിവരം കിട്ടിയതനുസരിച്ച് സവിശേഷ ഗുണങ്ങളോടുകൂടിയ ഒരു പുത്രൻ തനിക്ക് ജനിക്കുമെന്നുള്ള അറിയിപ്പു നല്കിയ ദിവസമാണ് ഫെബ്രുവരി 20. ഇതിനെ സംബന്ധിച്ച് വിജ്ഞാപനം പ്രസിദ്ധീകരിച്ചിരുന്നു. ഈ വിജ്ഞാപനം 1886 ഫെബ്രുവരി 20 നാണ് പ്രസിദ്ധീകരിച്ചത്. ഞാൻ പറഞ്ഞതുപോലെ ഇതിന്റെ അടിസ്ഥാനത്തിൽ സാധ്യമാകുന്നിടത്തെല്ലാം ഫെബ്രുവരി 20ന് മുസ്‌ലിഹ് മൗഊദ് ദിനം ആചരിക്കുന്നു. ഇതേ ദിവസം സൗകര്യപ്പെട്ടില്ലെങ്കിൽ തിയതികൾ മുമ്പോട്ടോ പിമ്പോട്ടോ മാറ്റുന്നു. മുസ്‌ലിഹ് മൗഊദ് ദിനം ആചരിക്കുകയും ഇതു സംബന്ധമായി യോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നത്, യഥാർഥത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു മഹത്തായ പ്രവചനം പുലർന്ന കാരണത്താലാണ്. അല്ലാതെ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് ഥാനി ജനിച്ചതുകൊണ്ടല്ല.**

**മുസ്‌ലിഹ് മൗഊദിനെ കുറിച്ചുള്ള പ്രവചനത്തിന്റെ ചർച്ചയും ആ പ്രവചനത്തെ ഉദ്ധരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ), ഹദ്റത്ത് ഖലീഫത്തുൽമസീഹ് അവ്വൽ, മറ്റു ചില മഹാത്മാക്കൾ തുടങ്ങിയവർ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് തന്നെയാണ് അതിന്റെ സാക്ഷാത്കാരം എന്ന് പറഞ്ഞതിനെ കുറിച്ചുള്ള നിവേദനങ്ങൾ.**

**ഖലീഫത്തുൽ മസീഹ് ഥാനീ(റ)അല്ലാഹുവിന്റെ കല്പനയാൽ താനാണ് ഈ പ്രവചനത്തിന്റെ സാക്ഷാത്കാരമെന്ന് വിളംബരം ചെയ്തു.**

**ഈ പ്രവചനത്തിൽ വാഗ്ദത്തപരിവർത്തനകാരിയെ കുറിച്ച് പറഞ്ഞിട്ടുള്ള എല്ലാ അടയാളങ്ങളും അദ്ദേഹത്തിൽ പൂർത്തിയായി; സ്വന്തക്കാരും അന്യരും സമ്മതിച്ച് പറഞ്ഞതിന്റെ വിവരണം.**

**ഇപ്പോൾ നടന്നുവരുന്ന യോഗങ്ങളിൽ പ്രവചനത്തിന്റെ സ്മരണകളും അവിടത്തെ പ്രവർത്തനത്തിന്റെ കാര്യങ്ങളുംകേട്ട് നമ്മൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ദർജകൾ വർധിച്ചുകൊണ്ടുപോകുന്നതിന് ദുആ ചെയ്യുന്നതിനോടൊപ്പം ആത്മപരിശോധനയും നടത്തേണ്ടതാണ്. അഹ്മദിയ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ഒരു ദൃഢനിശ്ചയത്തോടുകൂടി ഓരോ ജമാഅത്തംഗത്തിനും തങ്ങളുടെ എല്ലാ കഴിവുകളും ശോഭിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യേണ്ട ആവശ്യമുണ്ട്. നമ്മൾ ഇങ്ങനെ ചെയ്യുകയാണെങ്കിൽ അഹ്മദിയ്യത്തിന്റെ അഭിവൃദ്ധി മുമ്പത്തെക്കാളുപരി പൂർത്തിയാകുന്നത് നമ്മുടെ ജീവിതത്തിൽ കാണുന്നതായിരിക്കും. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഖുത്ബ ജുമുഅ 23-2-2018/1397 തബ്ലീഗ് 16**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ**

أَشْهَدُ أَنْ لَّا إِلٰهَ إِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

أَمَّا بَعْدُ فَأَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ ـ بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ ـ

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ ـ الرَّحْمٰنِ الرَّحِيْمِ ـ مٰلِكِ يَوْمِ الدِّيْنِ ـ إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِيْنُ ـ اِهْدِنَا

الصِّرَاطَ الْمُسْتَقِيْمَ ـ صِرَاطَ الَّذِيْنَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ ـ

എവിടെയൊക്കെ ജമാഅത്തുകളുണ്ടോ അവിടെയെല്ലാം ഈ ദിനങ്ങളിൽ മുസ്‌ലിഹ് മൗഊദിനെ കുറിച്ചുള്ള പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ മുസ്‌ലിഹ് മൗഊദ് ദിന യോഗങ്ങൾ സംഘടിപ്പിച്ചുവരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)അല്ലാഹുവിൽനിന്ന് വിവരം കിട്ടിയതനുസരിച്ച് സവിശേഷ ഗുണങ്ങളോടുകൂടിയ ഒരു പുത്രൻ തനിക്ക് ജനിക്കുമെന്നുള്ള അറിയിപ്പു നല്കിയ ദിവസമാണ് ഫെബ്രുവരി 20. ഇതിനെ സംബന്ധിച്ച് വിജ്ഞാപനം പ്രസിദ്ധീകരിച്ചിരുന്നു. ഈ വിജ്ഞാപനം 1886 ഫെബ്രുവരി 20 നാണ് പ്രസിദ്ധീകരിച്ചത്. ഞാൻ പറഞ്ഞതുപോലെ ഇതിന്റെ അടിസ്ഥാനത്തിൽ സാധ്യമാകുന്നിടത്തെല്ലാം ഫെബ്രുവരി 20ന് മുസ്‌ലിഹ് മൗഊദ് ദിനം ആചരിക്കുന്നു. ഇതേ ദിവസം സൗകര്യപ്പെട്ടില്ലെങ്കിൽ തിയതികൾ മുമ്പോട്ടോ പിമ്പോട്ടോ മാറ്റാറുണ്ട്.

മുസ്‌ലിഹ് മൗഊദ് ദിനം ആചരിക്കുകയും ഇതു സംബന്ധമായി യോഗങ്ങൾ സംഘടിപ്പിക്കുകയും ചെയ്യുന്നത്, യഥാർഥത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു മഹത്തായ പ്രവചനം പുലർന്ന കാരണത്താലാണ്. അല്ലാതെ ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് ഥാനി ജനിച്ചതുകൊണ്ടല്ല. മുസ്‌ലിഹ് മൗഊദ് ദിനം ആചരിക്കുമ്പോൾ എന്തുകൊണ്ട് മറ്റു ഖലീഫമാരുടെ ജന്മദിനം ആഘോഷിക്കുന്നില്ല എന്ന് ഇവിടത്തെ പുതുതലമുറ, യുവാക്കൾ അല്ലെങ്കിൽ അറിവുകുറഞ്ഞവർ ചോദിക്കുന്നതുകൊണ്ടാണ് ഈ വിശദീകരണം ഞാൻ നല്കിയത്. ഈ ദിനം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ജനിച്ച ദിനമല്ല. അദ്ദേഹം ജനിച്ചത് 1889 ജനുവരി 12-നാണ്.

ഈ വിശദീകരണത്തിനുശേഷം ഇന്ന് ഞാൻ മുസ്‌ലിഹ് മൗഊദിനെ കുറിച്ചുള്ള പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ സംസാരിക്കുന്നതാണ്. ഏറ്റവുമാദ്യം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വന്തം വാക്കുകളിൽ ഈ പ്രവചനം സമർപ്പിക്കുകയാണ്. പിന്നീട് അവിടത്തെ രചനകളിൽനിന്ന്, ഈ പ്രവചനത്തിന്റെ വെളിപ്പെടൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി തന്നെയായിരുന്നുവെന്ന് അവിടന്ന് കരുതിയിരുന്നതായി സ്ഥാപിതമാകുന്ന കാര്യങ്ങളും വിവരിക്കുന്നതാണ്. ഇപ്രകാരംതന്നെ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റേയും മറ്റു മഹാത്മാക്കളുടേയും വിചാരവും ഈ പ്രവചനത്തിന്റെ വെളിപ്പെടൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി തന്നെയായിരുന്നു എന്നതും വിശദീകരിക്കുന്നതാണ്. ഞാൻ പറഞ്ഞതുപോലെ അതിന് പല പ്രത്യേകതകളും ലക്ഷണങ്ങളുമുണ്ടായിരുന്നു. ഈ ലക്ഷണങ്ങൾ എങ്ങനെ പുലർന്നു, സ്വന്തക്കാരും അന്യരും എങ്ങനെയാണ് അത് പറഞ്ഞതും ഗ്രഹിച്ചതും ഇതുസംബന്ധമായി ചില ഉദാഹരണങ്ങളും പറയുന്നതായിരിക്കും.

ഏറ്റവുമാദ്യം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകളിൽ ഈ പ്രവചനം കേൾക്കുക. അവിടന്ന് പറയുന്നു:"ഇന്ന് 1886 ഫെബ്രുവരി 20, ജമാദുൽ അവ്വൽ 15ന് പ്രവചനത്തെ സംബന്ധിക്കുന്ന ഇൽഹാമിന്റെ വചനങ്ങൾ മാതൃക എന്ന നിലയിൽ സംക്ഷിപ്തമായി എഴുതുകയാണ്. വിശദമായി പുസ്തകത്തിൽ രേഖപ്പെടുത്തുന്നതായിരിക്കും."(അതായത് പിന്നീട്) "ഇൻശാഅല്ലാഹ്."

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: "സർവശക്തനും പ്രതാപവാനും കരുണാമയനും ഉദാരനും മഹത്വമുടയവനുമായ അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ടു ഇപ്രകാരം പറഞ്ഞു:'ഞാൻ നിനക്ക് അനുഗ്രഹത്തിന്റെ ഒരു അടയാളം നല്കുന്നു. നീ എന്നോടു ചോദിച്ച പ്രകാരം ഞാൻ നിന്റെ വിലാപങ്ങൾ കേൾക്കുകയും എന്റെ കാരുണ്യത്താൽ നിന്റെ പ്രാർഥനകൾക്ക് സ്വീകാരം നല്കുകയും നിന്റെ യാത്ര (ലുധിയാന, ഹോശിയാർപൂർ യാത്ര) നിനക്ക് അനുഗ്രഹമാക്കുകയും ചെയ്തിരിക്കുന്നു. അത്ഭുതശക്തിയുടേയും ഔദാര്യത്തിന്റേയും സായൂജ്യത്തിന്റേയും അടയാളം നിനക്കു നല്കുന്നു. വരപ്രസാദത്തിന്റേയും അനുഗ്രഹവായ്പിന്റേയും അടയാളം നിനക്കു ലഭിക്കാൻ പോകുന്നു. വിജയങ്ങളുടെ കുഞ്ചിക നിനക്കു കരസ്ഥമാകുകയാണ്. അല്ലയോ ജയശാലീ! നിനക്കു സമാധാനം. ജീവിതത്തെ ആഗ്രഹിക്കുന്നവർക്ക് മരണത്തിന്റെ പിടിയിൽനിന്ന് രക്ഷ ലഭിക്കാനും ഖബ്റുകളിൽ മറവു ചെയ്യപ്പെട്ടവർ പുറത്തുവരുമാറാകാനും ഇസ്‌ലാംമതത്തിന്റെ മേന്മയും ദൈവവചനത്തിന്റെ പെരുമയും ജനങ്ങൾക്ക് വെളിപ്പെടുന്നതിനും ഞാൻ സർവശക്തനും ഇച്ഛിക്കുന്നത് ചെയ്യുന്നവനുമാണെന്ന് ലോകത്തിനു മനസ്സിലാകുന്നതിനും ഞാൻ നിന്നോടൊപ്പമാണെന്ന് അവർക്കു ദൃഢബോധ്യം വരുന്നതിനും ദൈവത്തിന്റെ അസ്തിത്വത്തിൽ വിശ്വസിക്കുന്നവർക്കും ദൈവത്തിന്റെ മതത്തേയും ഗ്രന്ഥത്തേയും പരിശുദ്ധ പ്രവാചകൻ മുഹമ്മദ് മുസ്തഫാ(സ)യേയും നിഷേധിക്കുകയും കള്ളവാദിയായി ചിത്രീകരിക്കുകയും ചെയ്യുന്നവർക്കും തുറന്ന ഒരു ദൃഷ്ടാന്തമായിരിക്കുന്നതിനും കുറ്റവാളികളുടെ മാർഗം വെളിപ്പെടുമാറാകുന്നതിനും വേണ്ടിയത്രെ ഇപ്രകാരം അരുളിയിട്ടുള്ളത്. അതിനാൽ നിനക്കു സുവിശേഷമായിരിക്കട്ടെ. പ്രതാപവാനും പരിശുദ്ധനുമായ ഒരു പുത്രൻ നിനക്കു നല്കപ്പെടും. ഒരു പാവനപുത്രൻ നിനക്കു നല്കുന്നതാണ്. ആ കുട്ടി നിന്റെ ബീജത്തിൽനിന്നും നിന്റെ സന്തതിയിൽനിന്നുമുള്ളവൻ തന്നെയായിരിക്കും. സുന്ദരനായ പരിശുദ്ധ സുതൻ നിന്റെ വിരുന്നുകാരൻ ഇതാ വരുന്നു. അവന്റെ പേര് ഇമ്മാനുവേൽ എന്നും ബശീർ എന്നുമാണ്. അവന് പാവനമായ ആത്മാവ് നല്കപ്പെട്ടിരിക്കുന്നു. അവൻ അശുദ്ധികളിൽനിന്നെല്ലാം അതീതനായിരിക്കും. അവൻ ദൈവത്തിന്റെ പ്രഭ അതായത് നൂറുല്ലാഹ് ആയിരിക്കും. ആകാശത്തിൽനിന്ന് വരുന്നവൻ അനുഗൃഹീതൻ. അവന്റെ വരവോടുകൂടി വരുന്നവനോടൊപ്പം അനുഗ്രഹമുണ്ട്. അവൻ പ്രതാപവും പ്രഭാവവും ഐശ്വര്യവുമുള്ളവനായിരിക്കും. അവൻ ലോകത്തു വന്ന് തന്റെ മസീഹീ ഗുണവും റൂഹുൽഹഖിന്റെ (അതായത് സത്യത്തിന്റെ ആത്മാവ്)അനുഗ്രഹവും മുഖേന അനേകരുടെ രോഗത്തെ സുഖപ്പെടുത്തും. അവൻ കലിമത്തുല്ലാഹ് അല്ലാഹുവിന്റെ വചനമാകുന്നു. എന്തുകൊണ്ടെന്നാൽ ദൈവത്തിന്റെ അനുഗ്രഹം അവനെ മഹത്വത്തിന്റെ വചനത്താൽ അയച്ചിരിക്കുന്നു. അവൻ വലിയ ബുദ്ധിശാലിയും കാര്യജ്ഞനും സഹനശീലനുമായി

രിക്കും. ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറയ്ക്കപ്പെടും. അവൻ മൂന്നിനെ നാലാക്കുന്നവനായിരിക്കും(ഇതിന്റെ അർഥം മനസ്സിലായിട്ടില്ല.)തിങ്കളാഴ്ച അനുഗ്രഹപൂർണമായ തിങ്കളാഴ്ച. വാത്സല്യ പുത്രൻ. മഹാഭാഗ്യവാനായുള്ളവൻ. ആദ്യന്തരഹിതനായ ദൈവം പ്രത്യക്ഷപ്പെടുന്ന സ്ഥാനവും സത്യത്തിന്റേയും ഔന്നത്യത്തിന്റേയും നിലയനവുമായുള്ളവൻ; അല്ലാഹു ആകാശത്തുനിന്ന് ഇറങ്ങിയതുപോലെ! അവന്റെ ആവിർഭാവം എത്രയും അനുഗൃഹീതവും ദൈവത്തിന്റെ പ്രതാപം വെളിപ്പെടുത്തുന്നതിന് കാരണവുമായിരിക്കും. ഏതൊരുവനെ ദൈവം തന്റെ അഭീഷ്ടമാകുന്ന പരിമളംകൊണ്ട് പരിലിപ്തനാക്കിയിരിക്കുന്നുവോ ആ പ്രതാപ ശാലി വരുന്നു. നാം നമ്മുടെ വചനം അവനിൽ ആക്കും. അവന്റെ തലയ്ക്കുമീതെ ദൈവത്തിന്റെ നിഴലുണ്ടായിരിക്കും. അവൻ വേഗം വേഗം വളർന്നുവരികയും ബന്ധനസ്ഥരുടെ മോചനത്തിനു കാരണമാകുകയും ചെയ്യും. ഭൂമിയുടെ കോണുകളിലെല്ലാം അവൻ കീർത്തി പ്രാപിക്കും. ജാതികൾ അവങ്കൽനിന്ന് അനുഗ്രഹം കൈക്കൊള്ളും. അനന്തരം അവൻ സ്വർഗത്തിൽ അവനുള്ള ആത്മസ്ഥാനത്തേക്ക് കരേറ്റപ്പെടും. വ കാന അംറൻ മഖ്ളിയ്യൻ അതു വിധിച്ചുപോയ കാര്യമാകുന്നു."(ആയിനയെ കമാലാത്തെ ഇസ്‌ലാം , റൂഹാനീ ഖസാഇൻ വാല്യം 5 പേജ് 647)

ഇതായിരുന്നു മുസ്‌ലിഹ് മൗഊദിനെ കുറിച്ചുള്ള പ്രവചനത്തിന്റെ വാക്കുകൾ. പിന്നീട് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫത്തുൽ മസീഹ് ഥാനിയെ കുറിച്ച് ഈ പ്രവചനത്തിന്റെ അടിസ്ഥാനത്തിൽ അദ്ദേഹം പറയുന്നു:

'എന്റെ ആദ്യമകൻ വഫാത്തായപ്പോൾ അജ്ഞരായ മൗലവിമാരും അവരുടെ കൂട്ടുകാരും ക്രിസ്ത്യാനികളും ഹിന്ദുക്കളും അതിൽ ഒരുപാട് സന്തോഷം പ്രകടിപ്പിച്ചു! 1886 ഫെബ്രുവരി 20-ലെ വിജ്ഞാപനത്തിൽ ചില ആൺമക്കൾ മരിക്കുമെന്നുമുള്ള പ്രവചനമുണ്ടെന്ന് അവരോട് ആവർത്തിച്ചാവർത്തിച്ച് പറയുകയും അതുകൊണ്ട് പാലുകുടി പ്രായത്തിൽ ഏതെങ്കിലും മകൻ മരിക്കേണ്ടത് അനിവാര്യമാണെന്നും പറഞ്ഞിരുന്നതാണ്. എന്നിട്ടും ഇക്കൂട്ടർ ആക്ഷേപിക്കുന്നതിൽനിന്ന് പിന്മാറിയില്ല. അപ്പോൾ അല്ലാഹു രണ്ടാമത്തെ മകനെക്കുറിച്ച് എനിക്ക് സുവാർത്ത നല്കി. എന്റെ പച്ചവിജ്ഞാപനത്തിന്റെ 7-ാമത്തെ പേജിൽ ഈ രണ്ടാമത്തെ മകന്റെ ജനനത്തെക്കുറിച്ച് ഇങ്ങനെ സുവാർത്തയുണ്ട്: 'രണ്ടാമത്തെ ബശീർ നല്കപ്പെടും. അവന്റെ രണ്ടാമത്തെ നാമം മഹ്മൂദ് എന്നാണ്." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അവൻ ഇന്നുവരെ (ഈ വിളംബരം അദ്ദേഹം 1888 സെപ്റ്റംബറിലാണ് ചെയ്യുന്നത്. 1888 സെപ്റ്റംബർ ഒന്നുവരെ) ജനിച്ചിട്ടില്ല. എന്നാൽ, അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് അതിന്റെ കാലാവധിയ്ക്കുള്ളിൽ തീർച്ചയായും ജനിക്കുന്നതാണ്. ഭൂമിയും ആകാശവും മാറ്റപ്പെടാം. പക്ഷേ, അവന്റെ വാഗ്ദാനം മാറ്റപ്പെടുക എന്നത് അസംഭാവ്യമാണ്."ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "പച്ച വിജ്ഞാപനത്തിന്റെ പേജ് ഏഴിലുള്ള വചനമാണിത്. ഇതനുസരിച്ച് 1889 ജനുവരിയിൽ ആൺകുട്ടി പിറന്നു. അവന്റെ പേര് മഹ്മൂദ് എന്ന് വെക്കപ്പെട്ടിരിക്കുന്നു. ഇതുവരെ അല്ലാഹുവിന്റെ കൃപയാൽ ജീവിച്ചിരിക്കുന്നു. 17 ാം വയസ്സിലാണുള്ളത്." (ഹഖീഖത്തുൽ വഹ്‌യ്, റൂഹാനീ ഖസാഇൻ വാല്യം 22 പേജ് 373-374)

ആദ്യം ഞാൻ പറഞ്ഞിരുന്നത് മുമ്പേയുള്ള ഒരു ലിഖിതമായിരുന്നു. അതിനുശേഷം ഹഖീഖത്തുൽ വഹ്‌യിൽ അവിടന്നെഴുതിയതാണ് തുടർന്ന് ഞാൻ വിവരിച്ചത്. ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മറ്റു ഉദ്ധരണികളുമുണ്ട്. എന്നാൽ, ഇനി ഞാൻ കൂടുതൽ ഉദ്ധരണികൾ പറയുന്നതിനു പകരം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന് മുസ്‌ലിഹ് മൗഊദ്(റ)ന്റെ സ്ഥാനത്തെക്കുറിച്ചുള്ള അഭിപ്രായമെന്തായിരുന്നു എന്നതിനെക്കുറിച്ച് ഒരു നിവേദനം സമർപിക്കുകയാണ്.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ വഫാത്തിന് ആറുമാസം മുമ്പേ 'ഖാഇദ യസർനൽ ഖുർആൻ' ന്റെ കർത്താവ് ഹദ്റത്ത് പീർ മൻളൂർ മുഹമ്മദ് സാഹിബ്, അദ്ദേഹത്തോടു പറഞ്ഞു: 'എനിക്ക് ഇന്ന് ഹദ്റത്ത് അഖ്ദസ്(അ)ന്റെ വിജ്ഞാപനങ്ങൾ വായിച്ചതിൽനിന്ന് വാഗ്ദത്തപുത്രൻ മിയാൻ സാഹിബ് തന്നെയാണെന്ന് മനസ്സിലായി; (അതായത് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്). അതുകേട്ട് ഹദ്റത്ത് ഖലീഫത്തുൽ അവ്വൽ പറഞ്ഞു: 'നമുക്ക് അത് ആദ്യമേതന്നെ അറിയാവുന്നതാണ്. ഞാൻ മിയാൻ സാഹിബിനോടു എത്രമാത്രം പ്രത്യേകരീതിയിലാണ് പെരുമാറുന്നതെന്നും അദ്ദേഹത്തെ ആദരിക്കുന്നതെന്നും നിങ്ങൾ കാണാറില്ലേ?' പീർ സാഹിബ് ആ വാക്കുകളെഴുതി സാക്ഷ്യത്തിനായി ഖലീഫത്തുൽ മസീഹിന്റെ മുമ്പിൽ സമർപിച്ചു. അപ്പോൾ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ(റ)അതിലെഴുതി: 'ഈ വാക്ക് ഞാൻ എന്റെ സഹോദരൻ പീർ മൻളൂർ മുഹമ്മദിനോടു പറഞ്ഞതാണ്.' (പിന്നീട് ഒപ്പിട്ടു). 'നൂറുദ്ദീൻ 1913 സെപ്തംബർ 10.'

പീർ മൻളൂർ മുഹമ്മദ് സാഹിബ് പറയുന്നു: '1913 സെപ്തംബർ 11 വൈകുന്നേരത്തിനുശേഷം മുകളിൽ പറഞ്ഞ സംഭവത്തിന്റെ അടുത്ത ദിവസം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വൽ തന്റെ വീട്ടിൽ കട്ടിലിൽ വിശ്രമിക്കുകയായിരുന്നു, ഞാൻ കാല് തിരുമാൻ തുടങ്ങി. അല്പസമയത്തിനുശേഷം ചർച്ചയോ സംസാരമോ ഒന്നും കൂടാതെ ഖലീഫ അവ്വൽ സ്വയം പറഞ്ഞു: 'ഇപ്പോൾ ഈ വിഷയം പ്രസിദ്ധീകരിക്കണ്ട.' (അതായത് ഹദ്റത്ത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് തന്നെയാണ് ഈ പ്രവചനത്തിന്റെ പുലർച്ച എന്ന കാര്യം). 'എതിർപ്പുണ്ടാകുമ്പോൾ പ്രസിദ്ധീകരിച്ചാൽ മതി.'(പിസ്‌റെ മഹ്മൂദ് പേജ് 27, ഖാലിദ് മാസിക സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് നമ്പർ 2008 ജൂൺ, ജൂലായ് പേജ് 75-76)

സിയാക്കോട്ട് പട്ടണത്തിലെ അറാളി യഅ്ഖൂബ് മഹല്ലിലെ നമ്പർദാർ ഗുലാം ഹുസയൻ സാഹിബ് എന്ന ഒരു മഹാത്മാവ് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയ്ക്ക്, അവിടന്ന് മുസ്‌ലിഹ് മൗഊദാണെന്ന് വാദിച്ചതിനുശേഷം എഴുതി: "എന്റെ പ്രിയപ്പെട്ട ഇമാമും മാർഗദർശിയും വഴികാട്ടിയുമായ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി മുസ്‌ലിഹ് മൗഊദ് അയ്യദഹുല്ലാഹുത്തആലാ ബിനസ്‌രിൻ അസീസ്! ജനുവരി 30-ലെ അൽഫള്ൽ പത്രം വായിച്ച് അല്ലാഹുവിനോടു നന്ദി പറയുന്നു. അൽഹംദുലില്ലാഹ്. അല്ലാഹു എന്റെ സ്വപ്നത്തേയും സത്യമാക്കി കാണിച്ചിരിക്കുന്നു.' അദ്ദേഹം തുടർന്ന് എഴുതുന്നു: 'ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ജീവിതത്തിൽ ഈ സാധു അൽഫള്ൽ ഓഫീസിൽ പരേതനായ ശാദി ഖാൻസാഹിബ് സിയാൽക്കോട്ടിയുടെ സാന്നിധ്യത്തിൽ ഹുദൂറിന് ആശംസകൾ നേർന്നത് ഓർമയുണ്ടാകുമല്ലോ. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനുശേഷം അങ്ങ് ഖലീഫയായിരിക്കുമെന്നും വിജയിക്കുമെന്നും അങ്ങയിൽ വഹ്‌യുകൾ ഇറങ്ങുമെന്നും അല്ലാഹു എനിക്ക് സ്വപ്നത്തിൽ കാണിച്ചിരുന്നു. ഈ സ്വപ്നം ഞാൻ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിനും കേൾപ്പിച്ചിരുന്നു. ഹുദൂർ വളരെ സന്തോഷത്തോടെ അത് സാക്ഷ്യപ്പെടുത്തുകയും ചെയ്തിരുന്നു. അതുകൊണ്ടാണ് അദ്ദേഹത്തിന് കഠിനമായ എതിർപ്പുണ്ടാകുന്നതെന്നും പറഞ്ഞിരുന്നു. പരേതനായ സയ്യിദ് ഹാമിദ് ശാഹ് സാഹിബിനും ഈ സ്വപ്നം കേൾപ്പിച്ചിരുന്നു. അൽഹംദുലില്ലാഹ്. ഹുദൂർ അല്ലാഹുവിന്റെ കല്പനയാൽ മുസ്‌ലിഹ് മൗഊദാണെന്ന് വാദിച്ചു.' (എന്തുകൊണ്ടെന്നാൽ, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)1944ൽ ആയിരുന്നു ഈ വിളംബരം ചെയ്തത്). അദ്ദേഹം പറയുന്നു: 'ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അവ്വലിന്റെ ജീവിതകാലത്തുതന്നെ അവിടന്ന് ഖലീഫത്തുല്ലാഹ് ആണെന്നും മുസ്‌ലിഹ് മൗഊദാണെന്നുമുള്ള ദൃഢവിശ്വാസം എനിക്കുണ്ടായിരുന്നു.'(അൽഫള്ൽ ഖാദിയാൻ വാല്യം 32 നമ്പർ 44, 1944 ഫെബ്രുവരി 20 പേജ് 19)

ഇപ്രകാരം മറ്റൊരു മഹാത്മാവാണ് സൂഫി മുത്വീഉർറഹ്മാൻ സാഹിബ് ബംഗാളി. അദ്ദേഹം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നെഴുതിയ ഒരു കത്തിൽ പറയുന്നു: (മുസ്‌ലിഹ് മൗഊദാണെന്ന് വിളംബരം ചെയ്തതിനുശേഷം അദ്ദേഹം എഴുതിയതാണ്).'ഞാൻ എന്റെ ഒരു സ്വപ്നം വിവരിക്കുന്നത് ഉചിതമായി മനസ്സിലാക്കുന്നു. ഈ സ്വപ്നം ഞാൻ 24, 30 വർഷം മുമ്പേ കണ്ടതാണ്. ഇതിന് മുമ്പേയും ഹുദൂറിനെ ഈ സ്വപ്നം എഴുതി അറിയിച്ചിട്ടുള്ളതാണ്. ഇപ്പോൾ ഹുദൂർ മുസ്‌ലിഹ് മൗഊദാണെന്ന് വാദിച്ചതുകൊണ്ട് എന്റെ സ്വപ്നം ഈ പ്രവചനത്തെ സംബന്ധിച്ചാണെന്ന് എനിക്ക് ഉറപ്പായി. ഈദിന്റെ സമ്മേളനം നടക്കുന്നതായാണ് സ്വപ്നം കണ്ടത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പച്ചനിറത്തിലുള്ള നീളക്കുപ്പായം അണിഞ്ഞ് വളരെ ഉയർന്ന ഒരു സ്ഥലത്തുനിന്ന് ഖുത്ബ നിർവഹിച്ചുകൊണ്ടിരിക്കുന്നു. ഖുത്ബ അവസാനിച്ചപ്പോൾ ഞാൻ കൈകൊടുക്കുന്നതിനുവേണ്ടി മുന്നോട്ടുനീങ്ങി. അപ്പോൾ കണ്ടത് അത് ഹദ്റത്ത് മസീഹ് മൗഊദല്ല മറിച്ച് ഹുദൂർ അൻവറാണെന്നാണ്; അതായത് ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി(റ). ഈ സ്വപ്നം ഞാൻ കപ്പിത്താൻ ഡോക്ടർ ബദ്റുദ്ദീൻ സാഹിബിനോടും എന്റെ സഹോദരൻ മുബല്ലിഗ് ജനാബ് മൗലവി ള്വില്ലൂർറഹ്മാൻ സാഹിബ് ബംഗാളിയോടും വിവരിച്ചിരുന്നു. മൗലവി ള്വില്ലൂർറഹ്മാൻ സാഹിബ് പറഞ്ഞു: 'താങ്കൾക്ക് ഹദ്റത്ത് അമീറുൽ മുഅ്മിനീനെ സംബന്ധിച്ചുള്ള മസീഹ് മൗഊദിന്റെ 'അവൻ സൗന്ദര്യത്തിലും നന്മയിലും നിനക്ക് തുല്യനായിരിക്കും' എന്ന പ്രവചനത്തെ സംബന്ധിച്ചാണ് കാണിക്കപ്പെട്ടിട്ടുള്ളത്.'(അൽഫള്ൽ ഖാദിയാൻ വാല്യം 32 നമ്പർ 199, 1944 ആഗസ്റ്റ് 25 പേജ് 02) (പ്രവചനത്തിന്റെ വാക്കുകളിൽ സൗന്ദര്യത്തിലും നന്മയിലും അവൻ നിന്നെപ്പോലെയായിരിക്കുമെന്നുമുണ്ട്).

ഹദ്റത്ത് ശേയ്ഖ് മുഹമ്മദ് ഇസ്മായീൽ സാഹിബ് സർസാവി വിവരിക്കുന്നു: 'പ്രവചനത്തിൽ പറഞ്ഞിട്ടുള്ള ആ പുത്രൻ മിയാൻ മഹ്മൂദ് തന്നെയാണെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നത് ഞങ്ങൾ പലപ്രാവശ്യവും കേട്ടിട്ടുണ്ട്. മിയാൻ മഹ്മൂദിൽ എത്രമാത്രം മതപരമായ ആവേശമാണുള്ളതെന്നാൽ, താൻ ചില നേരങ്ങളിൽ അവനുവേണ്ടി പ്രത്യേകമായ നിലയിൽ ദുആ ചെയ്യാറുണ്ടെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാറുണ്ടായിരുന്നതും ഞങ്ങൾ കേട്ടിട്ടുണ്ട്.'(അൽഹക്കം 1939 ഡിസംബർ 28, ഖാലിദ് മാസിക സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് നമ്പർ 2008, ജൂൺ ജൂലായ് പേജ് 38)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അല്ലാഹു പറയുന്നതുവരെ മുസ്‌ലിഹ് മൗഊദാണെന്ന് വാദിച്ചില്ല. ആ മഹാത്മാവിന് വ്യക്തമായ നിലയിൽ വിളംബരം ചെയ്യാൻ കല്പന നല്കപ്പെട്ടപ്പോൾ അവിടന്ന് വിളംബരം ചെയ്തു. അപ്പോൾ അവിടന്ന് ഇങ്ങനെ പറഞ്ഞു: 'വാഗ്ദത്ത പുത്രനെ സംബന്ധിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)വിവരിച്ച അടയാളങ്ങളിൽ പലതും പൂർത്തിയായ കാരണത്താൽ നമ്മുടെ ജമാഅത്തിലെ ധാരാളമാളുകൾ ഈ പ്രവചനം എന്നെ സംബന്ധിച്ചാണെന്ന് പറയാറുണ്ടായിരുന്നു എന്നതിൽ സംശയമില്ല. എന്നാൽ, അല്ലാഹു എന്നോട് കല്പിക്കാത്തിടത്തോളം അത്തരം ഒരു വിളംബരവും ചെയ്യുകയില്ലെന്ന് ഞാൻ എപ്പോഴും പറഞ്ഞിരുന്നു. അവസാനം അല്ലാഹു എന്റെ നാവിലൂടെ ആ വിളംബരം ചെയ്യിക്കേണ്ട ദിവസവും വന്നെത്തി.'(അൽഫള്ൽ ഖാദിയാൻ വാല്യം 14/49 നമ്പർ 40 1960 ഫെബ്രുവരി 19 പേജ് 7)

അവിടന്ന് വിളംബരം ചെയ്ത നേരത്ത് ഹോശിയാർപൂരിൽ ചേർന്ന യോഗത്തിൽ പറഞ്ഞു: 'ഞാൻ അല്ലാഹുവിന്റെ കല്പനയനുസരിച്ച് സത്യംചെയ്ത് ഈ വിളംബരം ചെയ്യുകയാണ്. അല്ലാഹു എന്നെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനമനുസരിച്ച് ഭൂമിയുടെ അറ്റങ്ങളോളം ആ മഹാത്മാവിന്റെ(അ)നാമം എത്തിക്കേണ്ട വാഗ്ദത്തപുത്രനാക്കിയിരിക്കുന്നു.'(അൽഫള്ൽ ഖാദിയാൻ വാല്യം 12/47 നമ്പർ 13 1958 ജനുവരി 15 പേജ് 04).

പിന്നീട് ലാഹോറിൽ നടന്ന ജൽസയിൽ അവിടന്ന് പറഞ്ഞു: 'ഞാൻ ഏകനും സർവത്തേയും വിജയിക്കുന്നവനുമായ അല്ലാഹുവിനെ സത്യം ചെയ്തു പറയുന്നു,-അവനെ പിടിച്ച് കള്ളസത്യം പറയുക എന്നത് ശപിക്കപ്പെട്ടവരുടെ പണിയാണ്, അവന്റെ പേരിൽ കറ്റുകെട്ടി പറയുന്നവൻ അവന്റെ ശിക്ഷയിൽനിന്ന് രക്ഷപ്പെടുകയില്ല- അല്ലാഹു ഈ ലാഹോർ പട്ടണത്തിൽ 13-ാം നമ്പർ ടെമ്പിൾ റോഡിലുള്ള ശേയ്ഖ് ബശീർ അഹ്മദ് സാഹിബ്

അഡ്വക്കേറ്റിന്റെ വസതിയിൽവച്ച് ഞാൻ തന്നെയാണ് മുസ്‌ലിഹ് മൗഊദിനെ കുറിച്ചുള്ള പ്രവചനത്തിന്റെ സാക്ഷാത്കാരമെന്നും ആരുമുഖേനയാണോ ഇസ്‌ലാം ലോകത്തിന്റെ അറ്റങ്ങൾവരെ എത്തുമെന്നും തൗഹീദ് ലോകത്ത് സ്ഥാപിതമാകുമെന്നും പറഞ്ഞിട്ടുള്ളത് ആ മുസ്‌ലിഹ് മൗഊദ് ഞാൻ തന്നെയാണെന്നും എന്നെ അറിയിച്ചിരിക്കുന്നു.'(അൽഫള്ൽ ഖാദിയാൻ വാള്യം 12/47 നമ്പർ 13 1958 ജനുവരി 15 പേജ് 4).

മുസ്‌ലിഹ് മൗഊദിനെ കുറിച്ചുള്ള പ്രവചനത്തിൽ വാഗ്ദത്തപുത്രനെ കുറിച്ച് 50-ലേറെ അടയാളങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞിരിക്കുന്നു. അവിടന്ന് പറഞ്ഞ ഈ പ്രത്യേകതകൾ സ്വന്തക്കാരും അന്യരും എങ്ങനെയാണ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദിൽ കണ്ടത്? അതിനെകുറിച്ച് പറയാം.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വഫാത്തായപ്പോൾ ദിമശ്ഖിലെ(ഡമാസ്കസ്)ഹദ്റത്ത് സയ്യിദ് അബുൽ ഫർജ് അൽഹുസ്നി പറഞ്ഞു: 'ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഥാനി(റ)യുടെ മരണംകൊണ്ട് ഞങ്ങളുടെ മനസ്സുകൾക്ക് അങ്ങേയറ്റം ബുദ്ധിമുട്ടും വിഷമവുമുണ്ടായി. ഇതെങ്ങനെയുള്ള ബുദ്ധിമുട്ടായിരുന്നെന്നാൽ അത് എല്ലാ അഹ്മദികളിലും വേദനാജനകമായ സ്വാധീനമുണ്ടാക്കി. ദിമശ്ഖ് ജമാഅത്തിന് അങ്ങേയറ്റത്തെ ദുഃഖവും വിഷമവുമാണുണ്ടായത്. ദിമശ്ഖ് ജമാഅത്ത് ഹുദൂർ(റ) നേരിട്ട് നട്ടുപിടിപ്പിച്ച ചെടിയാണ്. അവിടത്തെ പരിശുദ്ധകരങ്ങൾ തന്നെയാണ് അതിനെ നട്ടത്. അവിടത്തെ പ്രത്യേക ശ്രദ്ധയും ആത്മീയതയുമാണ് അതിനെ നനച്ചു വളർത്തിയതും.' അങ്ങനെ ഈ ചെടി വളരുകയും പുഷ്പിക്കുകയും ചെയ്തു. "ജനതതികൾ അവനിൽ നിന്ന് ബർക്കത്തു പ്രാപിക്കും" എന്ന് അല്ലാഹു അദ്ദേഹത്തെക്കുറിച്ച് പറഞ്ഞത് സത്യമായിരുന്നു. ഞങ്ങൾ അവിടത്തെ ദുആയുടെ അനുഗ്രഹവും ശ്രദ്ധയും കൊണ്ട് ദൈവികാനുഗ്രഹം കരസ്ഥമാക്കി. അദ്ദേഹം എഴുതുന്നു: "എനിക്ക് നല്ലവണ്ണം ഓർമയുണ്ട്. ഞാനെപ്പോഴെല്ലാം ഹുദൂർ(റ)നോടു ദുആക്കുവേണ്ടി അപേക്ഷിച്ചിട്ടുണ്ടോ, ഞാനതിന്റെ സ്വീകാര്യതയുടെ ലക്ഷണങ്ങളും ആത്മിയവും ഭൗതികവുമായ അടിസ്ഥാനത്തിൽ വ്യക്തമായ നിലയിൽ അനുഭവിച്ചിട്ടുണ്ട്. അദ്ദേഹത്തെ സംബന്ധിച്ചുള്ള ദൈവിക വെളിപാട് തികച്ചും സത്യമാണ്; ' ഏതൊരുവനെ അല്ലാഹു തന്റെ അഭീഷ്ടമാകുന്ന പരിമളം കൊണ്ട് പരിലിപ്തനാക്കിയിരിക്കുന്നുവോ ആ പ്രഭാവശാലി വരുന്നു." ( അൽഫള്ൽ ഖാദിയാൻ വാള്യം 20/ 55 നമ്പർ 10, 1966 ജനുവരി 12 പേജ് 5)

1944 ജൂലായ് 27 ലെ അൽഫള്ലിൽ ബഹുമാന്യനായ മുഹമ്മദു മൊഹയ്ൽ സാഹിബിന്റെ ഒരു സ്വപ്നം ഇങ്ങനെ വിവരിച്ചിരിക്കുന്നതു കാണാം. അഹ്മദിയായ മുഹമ്മദു മൊഹയ്ൽ സാഹിബ്, കമാൽ ഡേറ എന്ന സ്ഥലത്തുനിന്ന് ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് ഥാനി(റ) യ്ക്ക് തന്റെ ഒരു അനഹ്മദി ബന്ധു ദാറുമുഹമ്മദ് അക്റം സാഹിബിന്റെ താഴെ കൊടുക്കുന്ന സ്വപ്നം എഴുതിയറിയിച്ചു. ഈ സാഹിബ് ഇതുവരെ അഹ്മദിയായിട്ടില്ല. അദ്ദേഹം എഴുതുന്നു: 'ഹുദൂർ 1936ൽ നവാബ് ശാഹ് വന്നതിന്റെ ഒരു രാത്രി തലേന്ന് ഞാൻ കണ്ടു: നവാബ് ശാഹിലെ ചക്രാ (വൃത്താകൃതിയിലുള്ള ബാസാർ) സ്റ്റേഷന്റെ ഭാഗത്ത്, പടിഞ്ഞാറു വശത്തുനിന്ന് ഒരാൾ സിംഹത്തിന്റെ പുറത്ത് യാത്രചെയ്തുവരുന്നു. എന്റെ അടുത്തെത്തിയപ്പോൾ അതിന്റെ അനുഗൃഹീതമായ ശരീരത്തിനു മേൽ ഖുർആനിക വചനങ്ങൾ എഴുതിയിരിക്കുന്നതു കണ്ടു. ഞാൻ ഒരാളോട് ചോദിച്ചു; ഇതാരാണ്? അദ്ദേഹം പറയുന്നു: ഹദ്റത്ത് മിർസാ മഹ്മൂദ് അഹ്മദ് ഖാദിയാനിയാണ്. പിന്നീട് ഞാൻ ചോദിച്ചു: അദ്ദേഹം എങ്ങനെയാണ്? മറുപടി തന്നു: "ലോകത്തിലെ ഏറ്റവും വലിയ വലിയുല്ലായാണ്." ( അൽഫള്ൽ ഖാദിയാൻ വാള്യം 32 നമ്പർ 174, 1944 ജൂലായ് 27 പേജ് 4)

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനത്തിന്റെ സത്യസാക്ഷ്യത്തിന്റെ പ്രകടനം അല്ലാഹു അന്യരെക്കൊണ്ടും ചെയ്യിച്ചു. ആദരണീയനായ ഒരു അനഹ്മദി ആലിം മൗലവി സമീഉല്ലാഹ് ഖാൻ സാഹിബ് ഫാറൂഖി പാക്കിസ്താൻ രൂപംകൊള്ളുന്നതിനുമുമ്പേ ഇള്ഹാറെ ഹഖ്(സത്യത്തിന്റെ പ്രകടനം)എന്ന ശീർഷകത്തിൽ ഒരു ലഘുലേഖയിൽ എഴുതി:

'അദ്ദേഹത്തിന് അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് 'ഞാൻ നിന്റെ ജമാഅത്തിനുവേണ്ടി നിന്റെതന്നെ സന്താനങ്ങളിൽനിന്ന് ഒരാളെ എഴുന്നേല്പിച്ച് നിറുത്തുന്നതാണെന്നും അവനെ തന്റെ സാമീപ്യവും വഹ്‌യും കൊണ്ട് പ്രത്യേകപ്പെടുത്തുന്നതാണെന്നും അവൻ മുഖേന സത്യം അഭിവൃദ്ധിപ്പെടുന്നതാണെന്നും ധാരാളമാളുകൾ സത്യം സ്വീകരിക്കുന്നതാണെന്നും അറിയിപ്പ് കിട്ടിയിരുന്നു.' അദ്ദേഹം എഴുതുന്നു: 'ഈ പ്രവചനം വായിക്കുകയും ആവർത്തിച്ചാവർത്തിച്ച് വായിക്കുകയും പിന്നീട് ഈ പ്രവചനം പൂർത്തിയായില്ലേ എന്ന് ഈമാനോടുകൂടി പറയുകയും ചെയ്യുക! ഈ പ്രവചനം ചെയ്യപ്പെട്ട നേരത്ത് ഇപ്പോഴത്തെ ഖലീഫ കുട്ടിയായിരുന്നു. മിർസാ സാഹിബിന്റെ ഭാഗത്തുനിന്ന് അദ്ദേഹത്തെ ഖലീഫയായി നിശ്ചയിക്കുന്നതിന് ഒരുതരത്തിലുള്ള വസിയ്യത്തും ചെയ്യപ്പെട്ടിരുന്നില്ല. മറിച്ച് ഖിലാഫത്തിന്റെ തിരഞ്ഞെടുപ്പ് പൊതു അഭിപ്രായത്തിന് വിടുകയാണ് അദ്ദേഹം ചെയ്തത്. ആ നേരത്ത് ഹക്കീം നൂറുദ്ദീൻ സാഹിബിനെ ഭൂരിപക്ഷം ഖലീഫയായി അംഗീകരിച്ചു. അപ്പോൾ എതിരാളികൾ പ്രവചനത്തെ പരിഹസിക്കുകയും ചെയ്തു.'

(ഹദ്റത്ത് ഖലീഫ അവ്വൽ ഖലീഫയായപ്പോൾ 'നോക്കൂ, മകനായിരിക്കുമെന്നാണ് പറഞ്ഞിരുന്നത്. മകൻ ആയതുമില്ല' എന്ന് പറഞ്ഞ് എതിരാളികൾ പ്രവചനത്തെ പരിഹസിച്ചു). 'പക്ഷേ, ഹക്കീം സാഹിബിന്റെ വഫാത്തിനുശേഷം മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് ഖലീഫയായി നിശ്ചയിക്കപ്പെട്ടു.'(ഇത് അനഹ്മദിയാണ് എഴുതുന്നത്, അഹ്മദിയല്ല). 'ഇദ്ദേഹത്തിന്റെ കാലഘട്ടത്തിൽ അഹ്മദിയ്യത്ത് എത്രത്തോളം അഭിവൃദ്ധിപ്പെട്ടുവെന്നാൽ, അത് അത്ഭുതാവഹമാണെന്നത് യാഥാർഥ്യമാണ്. മിർസാ സാഹിബിന്റെ കാലത്ത് അഹ്മദികളുടെ എണ്ണം വളരെ കുറച്ചായിരുന്നു. ഖലീഫ നൂറുദ്ദീൻ സാഹിബിന്റെ കാലത്തും പ്രത്യേകിച്ച് അഭിവൃദ്ധിയൊന്നുമുണ്ടായില്ല. പക്ഷേ, ഇപ്പോഴത്തെ ഖലീഫയുടെ കാലത്ത് മിർസായിയ്യത്ത് ലോകത്തിലെ ഏകദേശം എല്ലാ ഭാഗത്തും എത്തിക്കഴിഞ്ഞിരിക്കുന്നു. അവസ്ഥകൾ വിളിച്ചോതുന്നത് അടുത്ത കാനേഷുമാരിയിൽ മിർസായികളുടെ എണ്ണം 1931 നെ അപേക്ഷിച്ച് ഇരട്ടിയിലധികമാകുമെന്നാണ്. മിർസായിയത്തിനെ നശിപ്പിക്കുന്നതിനുവേണ്ടി മുമ്പേ ഒരിക്കലും ഉണ്ടാകാത്ത എതിർപ്പുകളാണ് ഇക്കാലത്തുണ്ടായിട്ടുള്ളത്.' അദ്ദേഹം എഴുതുന്നു:'ചുരുക്കത്തിൽ അദ്ദേഹത്തിന്റെ സന്തതികളിൽനിന്ന് ഒരാൾ പ്രവചനമനുസരിച്ച് ജമാഅത്തിനുവേണ്ടി നിശ്ചയിക്കപ്പെട്ടു.'(പ്രവചനമനുസരിച്ച് അദ്ദേഹം ജമാഅത്തിനുവേണ്ടി നിശ്ചയിക്കപ്പെട്ടു). 'അദ്ദേഹം മുഖേന ജമാഅത്തിന് അത്ഭുതകരമായ അഭിവൃദ്ധിയാണുണ്ടായത്. ഇതിൽനിന്ന് വ്യക്തമാകുന്നത് മിർസാ സാഹിബിന്റെ ഈ പ്രവചനം പൂർണമായനിലയിൽ പുലർന്നുവെന്നാണ്.'(താരീഖെ അഹ്മദിയ്യത്ത് വാള്യം 1 പേജ് 286-287, ഖാദിയാൻ 2007)

ഇന്ത്യയിലെ ഒരു അമുസ്‌ലിം സിക്കു പത്രാധിപർ, രങ്കീൻ അമൃതസറിന്റെ എഡിറ്റർ അർജുൻ സിംഗ് സമ്മതിച്ചു പറയുകയുണ്ടായി: 'ഇപ്പോഴത്തെ ഖലീഫ മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് സാഹിബ് കുട്ടിയായിരുന്ന കാലത്ത് 1905ൽ മിർസാ സാഹിബ് ഇങ്ങനെ പ്രവചനം ചെയ്തിരുന്നു.

ബിശാറത്ത് ദീ കെ ഇക് ബേട്ടാഹെ തേരാ
ജോ ഹോഗാ ഏക് ദിൻ മഹ്ബൂബ് മേരാ
കരൂംഗാ ദൂർ ഉസ് മെഹ് സെ അന്ധേരാ
ദിഖാഊംഗാ കെ ഇക് ആലംകൊ ഭേരാ
ബിശാറത്ത് കിയാ ഹെ ഇക് ദിൽകി ഗസാദി
ഫസുബ്ഹാനല്ലദീ അഖദൽ അആദീ.

(നിനക്ക് ഒരു പുത്രനുണ്ടാകുമെന്ന് അല്ലാഹു സുവാർത്ത നല്കി. അവൻ ഒരുനാൾ എനിക്ക് പ്രിയപ്പെട്ടവനായിരിക്കും. ആ ചന്ദ്രനെക്കൊണ്ട് അന്ധകാരത്തെ അകറ്റുന്നതാണ്. അവൻ ഒരു ലോകത്തെ മാറ്റിമറിക്കുന്നതാണ്. ആ സുവാർത്ത എന്താണ്? ഒരു മനസ്സിന് നല്കിയ ഭക്ഷണമാണ്! എന്റെ ശത്രുവിനെ പിടിച്ചവൻ പരിശുദ്ധൻ!)

അദ്ദേഹം എഴുതുന്നു: "ഈ പ്രവചനം അത്ഭുതമുളവാക്കുന്നതാണെന്നതിൽ സംശയമില്ല. 1901-ൽ മിർസാ ബശീറുദ്ദീൻ മഹ്മൂദ് വലിയ ആലിമോ ഫാളിലോ ഒന്നുമായിരുന്നില്ല. അവിടത്തെ രാഷ്ട്രീയപരമായ കഴിവുകളുടെ മുത്ത് പുറത്തുവന്നിരുന്നുമില്ല. ആ നേരത്ത്, നിന്റെ ഒരു മകൻ അങ്ങനെയായിരിക്കും ഇങ്ങനെയായിരിക്കുമെന്ന് പറയുന്നത്, തീർച്ചയായും ഏതോ ആത്മീയമായ ശക്തിപ്രഭാവത്തിന്റെ തെളിവാണ്. മിർസാ സാഹിബ് ഒരു വാദം പുറപ്പെടുവിച്ച് തന്റെ സിംഹാസനത്തിന് അടിത്തറയിട്ടുവെന്നും അതുകൊണ്ട് തനിക്കുശേഷം തന്റെ അനന്തരാവകാശത്തിന്റെ പൂകിരീടം തന്റെ മകന്റെ തലയിൽ വരുമെന്നും അദ്ദേഹത്തിന് ധാരണയുണ്ടായിരുന്നുവെന്നും പറയാവുന്നതാണ്. പക്ഷേ, ഈ ധാരണ തെറ്റാണ്. കാരണം തീർച്ചയായും ഖിലാഫത്ത് മിർസാ സാഹിബിന്റെ കുടുംബത്തിൽനിന്നായിരിക്കണമെന്നും മക്കളിൽ നിന്നായിരിക്കണമെന്നും മിർസാ സാഹിബ് നിബന്ധനയൊന്നും വെച്ചില്ല; ഖലീഫ അവ്വലായത് മിർസാ സാഹിബിന്റെ കുടുംബവുമായി ഒരു ബന്ധവുമില്ലാത്ത ഒരു സാഹിബായിരുന്നു. അപ്പോൾ ഖലീഫ അവ്വൽ മൗലവി ഹക്കീം നൂറുദ്ദീനുശേഷം മറ്റേതെങ്കിലും സാഹിബ് ഖലീഫയാകാനും തികച്ചും സാധ്യതയുണ്ടായിരുന്നു. ആ അവസരത്തിലും ലാഹോരി ജമാഅത്ത് അമീർ മുഹമ്മദ് അലി സാഹിബ് ഖിലാഫത്തിന് സ്ഥാനാർഥിയായിരുന്നു. പക്ഷേ, ഭൂരിപക്ഷവും മിർസാ ബശീറുദ്ദീൻ സാഹിബിനോടൊപ്പം നിന്നു. ഇങ്ങനെയാണ് അവിടന്ന് ഖലീഫയായത്.' എഴുതുന്നു: 'വലിയ മിർസാ സാഹിബിന്റെ ഉള്ളിൽ എന്തെങ്കിലും ആത്മീയമായ ശക്തിപ്രഭാവം പ്രവർത്തിച്ചിരുന്നില്ലെങ്കിൽ പിന്നീടെങ്ങനെയാണ് തന്റെ ഈ മകൻ ഇങ്ങനെയാകുമെന്ന് അറിഞ്ഞതെന്നതാണ് പ്രശ്നം. മിർസാ സാഹിബ് ഉപര്യുക്ത വിളംബരം ചെയ്ത നേരത്ത് അദ്ദേഹത്തിന് മൂന്ന് ആൺമക്കളുണ്ടായിരുന്നു. അദ്ദേഹം മൂന്നുപേർക്കുംവേണ്ടി ദുആകളും ചെയ്തിരുന്നു. പക്ഷേ, പ്രവചനം കേവലം ഒരാളെ കുറിച്ചാണ്. അദ്ദേഹം യഥാർഥത്തിൽ ലോകത്ത് ഒരു വിപ്ലവം സൃഷ്ടിച്ചതായി നമ്മൾ കാണുന്നു.'(താരീഖെ അഹ്മദിയ്യത്ത് വാള്യം 1 പേജ് 286-288, ഖാദിയാൻ 2007).

അക്കാലത്തെ ജമാഅത്തിന്റെ അവസ്ഥകളും അക്കാലത്ത് ജമാഅത്തിന്റെ കൈയിലുണ്ടായിരുന്ന പ്രവർത്തന മാധ്യമങ്ങളും ഇന്നത്തെ പോലെയായിരുന്നില്ല. ഇന്നും നമ്മുടെ പക്കൽ എല്ലാ തരത്തിലുള്ള പ്രവർത്തന മാധ്യമങ്ങളും ഇല്ലെന്നതു ശരിതന്നെയെങ്കിലും! എന്നാലും അന്നത്തെക്കാൾ മെച്ചമാണ്. പക്ഷേ, ഈ അവസ്ഥകളിലും അല്ലാഹുവിന്റെ പിന്തുണയും സഹായവും കൊണ്ട് ലോകത്ത് ഏകദേശം 50ലധികം രാജ്യങ്ങളിൽ അഹ്മദിയ്യത്തിന്റെ ചെടി നടപ്പെട്ടിട്ടുണ്ട്. ജമാഅത്തുകൾ സ്ഥാപിതമായിട്ടുണ്ട്. ഏകദേശം എല്ലാ വൻകരകളിലും ജമാഅത്ത് സ്ഥാപിതമായി. ഇത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നെക്കുറിച്ചുള്ള പ്രവചനമനുസരിച്ച് ഇസ്‌ലാമിന്റെ വ്യാപനത്തിന്റേയും അവിടത്തെ ദൃഢനിശ്ചയത്തിന്റേയും ഫലമായിരുന്നു.

വാഗ്ദത്തപുത്രന്റെ ആഗമനോദ്ദേശ്യം ദീനെ ഇസ്‌ലാമിന്റെ മാഹാത്മ്യവും ദൈവഗ്രന്ഥത്തിന്റെ ശ്രേഷ്ഠതയും ജനങ്ങളിൽ പ്രകടിപ്പിക്കുക എന്നതായിരുന്നു. പാക്കിസ്താൻ ഇന്ത്യാ ഉപഭൂഖണ്ഡത്തിലെ പ്രസിദ്ധനായ മുസ്‌ലിം നേതാവും കവിയും സമീന്ദാർ പത്രത്തിന്റെ എഡിറ്ററുമായ മൗലവി സഫർ അലിഖാൻ സാഹിബ് തങ്ങളുടെ ആളുകളോടു വ്യക്തമായ വാക്കുകളിൽ അംഗീകരിച്ചുകൊണ്ട് പറഞ്ഞു: 'ചെവി തുറന്നുകേട്ടുകൊള്ളുക! നിങ്ങൾക്കും നിങ്ങളുടെ ആളുകൾക്കും മിർസാ മഹ്മൂദിനെ നേരിടാൻ ഖിയാമത്തുനാൾവരെ സാധിക്കുകയില്ല. മിർസാ മഹ്മൂദിന്റെ കൈയിൽ ഖുർആനുണ്ട്. ഖുർആനികജ്ഞാനമുണ്ട്. നിങ്ങളുടെ കൈയിൽ എന്ത് അച്ചുതണ്ടാണുള്ളത്. നിങ്ങളൊരിക്കലും സ്വപ്നത്തിൽപോലും ഖുർആൻ പഠിച്ചിട്ടില്ല. മഹ്മൂദിന്റെ കൈയിലുള്ള ജമാഅത്ത് എങ്ങനെയുള്ളതാണെന്നാൽ, ശരീരവും മനസും ധനവും അദ്ദേഹത്തിന്റെ ഒരു ആംഗ്യംകൊണ്ട് അദ്ദേഹത്തിന്റെ കാൽക്കീഴിൽ കൊണ്ടിടാൻ തയ്യാറായിട്ടുള്ളവരാണ്. മിർസാ മഹ്മൂദിന്റെ കൈയിൽ മുബല്ലിഗുമാരുണ്ട്.

വിവിധ അറിവുകളുടെ വിദഗ്ദ്ധന്മാരുണ്ട്. ലോകത്തിലെ എല്ലാ രാജ്യത്തും അദ്ദേഹം കൊടിനാട്ടിയിരിക്കുന്നു.'(താരീഖെ അഹ്മദിയ്യത്ത് വാള്യം 1 പേജ് 288 ഖാദിയാൻ 2007).

വാഗ്ദത്ത പുത്രനെ സംബന്ധിച്ച് അവൻ 'നിശ്ചയദാർഢ്യമുള്ളവൻ'ആയിരിക്കുമെന്നും അതുപോലെ തന്നെ 'അവൻ ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ നിറയ്ക്കപ്പെടും' എന്നും വാഗ്ദാനമുണ്ടായിരുന്നു. ഇന്ത്യയിലെ പേരുകേട്ട സൂഫീവര്യൻ ഖാജ ഹസൻ നിളാമീ ദഹ്‌ലവി, മുസ്‌ലിഹ് മൗഊദിന്റെ തൂലികാചിത്രം കോറിയിട്ടുകൊണ്ട് അദ്ദേഹത്തെ കുറിച്ചെഴുതി:അധികവും രോഗിയായിരുന്നു. എന്നാൽ, രോഗങ്ങൾക്ക് അദ്ദേഹത്തിന്റെ കർമപരമായ പ്രവർത്തനങ്ങളിൽ തടസ്സമുണ്ടാക്കാൻ കഴിഞ്ഞില്ല. അദ്ദേഹം എതിർപിന്റെ ശക്തമായി വീശിയ പൊടിക്കാറ്റിൽ സമാധാനത്തോടുകൂടി പ്രവൃത്തിച്ച് തന്റെ വീരത്വം സ്ഥാപിച്ചു. ഇതും മുഗൽ സത്തയുടെ പ്രവർത്തനത്തിന്റെ പ്രത്യേകരീതി ഉക്കൊള്ളുന്നതാണ്.രാഷ്ട്രീയമായ അറിവും ഉൾക്കൊള്ളുന്നു. മതപരമായ അറിവിലും ജ്ഞാനത്തിലും ശക്തനാണ്. യുദ്ധ കലയും അറിയാം. അതായത് ബുദ്ധിപരവും തൂലികാപരവുമായ യുദ്ധത്തിന്റെ വിദഗ്ദ്ധനാണ്.' (താരീഖെ അഹ്മദിയ്യത്ത് വാള്യം 1 പേജ് 288 ഖാദിയാൻ 2007).

വാഗ്ദത്തപുത്രനെ സംബന്ധിച്ച് ഒരു സുപ്രധാനവിവരം നല്കപ്പെട്ടിരുന്നു: "അവൻ ബന്ധനസ്ഥരുടെ മോചനത്തിനു കാരണമാകുകയും ചെയ്യും" ഈ പ്രവചനവും വിവിധ രീതിയിലും മാനുഷികമായ ബുദ്ധിയെ വിസ്മയപ്പെടുത്തുംവിധവും പൂർത്തിയായിക്കൊണ്ടിരിക്കുന്നു. കാശ്മീർ സ്വാതന്ത്ര്യപ്രസ്ഥാനം ഇതിനു സാക്ഷിയാണ്. കാരണം ഈ പ്രസ്ഥാനത്തെ വിജയിപ്പിക്കുന്നതിനുള്ള ചുമതല ആൾ ഇന്ത്യാ കശ്മീർ കമ്മിറ്റിയുടെ തലയിലായിരുന്നു. ഈ പ്രസിദ്ധമായ കമ്മിറ്റി ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ആഹ്വാനത്തിലും ഇന്ത്യയിലെ വലിയ വലിയ മുസ്‌ലിം നേതാക്കളായ ഉദാഹരണത്തിനു സർ ദുൽഫിഖാർ അലിഖാൻ, ഡോക്ടർ സർ മുഹമ്മദ് ഇഖ്ബാൽ, ഖാജ ഹസൻ നിളാമി ദഹ്‌ലവി, സയ്യിദ് ഹബീബ് (എഡിറ്റർ, സിയാസത്ത് പത്രം) തുടങ്ങിയവരുടെ അഭിപ്രായത്തോടു കൂടിയും 1931 ജൂലായ് 25ന് ശിംലയിൽ സ്ഥാപിതമായി. ഇതിന്റെ അധ്യക്ഷപദവി അവർ ഖലീഫത്തുൽ മസീഹ് ഥാനിയെ തന്നെ ഏല്പിച്ചു. അവിടത്തെ അജയ്യമായ നേതൃത്വത്തിന്റെ ഫലമായി, കാലങ്ങളായി മാനവികതയുടെ ചെറിയ അവകാശങ്ങൾ പോലും ധ്വംസിക്കപ്പെട്ട് അടിമത്തപരമായ ജീവിതം നയിച്ചുകൊണ്ടിരുന്ന കശ്മീർ മുസ്‌ലിംകൾ ചുരുങ്ങിയകാലം കൊണ്ട് സ്വാതന്ത്ര്യത്തിന്റെ അന്തരീക്ഷത്തിൽ ശ്വസിക്കാൻ തുടങ്ങി. അവരുടെ രാഷ്ട്രീയപരവും സാമ്പത്തികപരവുമായ അവകാശങ്ങൾ അംഗീകരിക്കപ്പെട്ടു. സംസ്ഥാനത്ത് ആദ്യമായി അസംബ്ലി സ്ഥാപിതമായി. പ്രസംഗിക്കുന്നതിനും എഴുതുന്നതിനുമുള്ള സ്വാതന്ത്ര്യത്തോടൊപ്പം അവർക്ക് അതിൽ ഉചിതമായ പ്രാതിനിധ്യം കിട്ടി. ഇതിനെത്തുടർന്ന് മുസ്‌ലിം പ്രസ്, ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ)ന്റെ മഹത്തായ പ്രവർത്തനങ്ങൾ അംഗീകരിച്ചും അദ്ദേഹത്തെ അനുമോദിച്ചുംകൊണ്ട് എത്രത്തോളം എഴുതിയെന്നാൽ, അവരെഴുതി: കശ്മീരിന്റെ അവസ്ഥ അങ്ങേയറ്റം മോശമായിരുന്ന കാലത്ത്, അഭിപ്രായഭിന്നത നിലനില്ക്കെത്തന്നെ മിർസാ സാഹിബിനെ പ്രസിഡണ്ടായി തിരഞ്ഞെടുത്തു. അവർ പ്രവർത്തന വിജയം മുന്നിൽകണ്ടുകൊണ്ട് ഉചിതമായ തിരഞ്ഞെടുപ്പ് നടത്തിയത്. അക്കാലത്ത് വിശ്വാസാദർശപരമായ ഭിന്നത കാരണത്താൽ മിർസാ സാഹിബിനെ തിരഞ്ഞെടുത്തില്ലായിരുന്നുവെങ്കിൽ ഈ പ്രസ്ഥാനം പരാജയപ്പെടുമായിരുന്നു. കരുണ ചെയ്യപ്പെട്ട ഉമ്മത്തിന് കഠിനമായ നഷ്ടം സംഭവിക്കുമായിരുന്നു.'(താരീഖെ അഹ്മദിയ്യത്ത് വാള്യം 1 പേജ് 289 ഖാദിയാൻ 2007).

മൗലാനാ മുഹമ്മദ് അലി ജോഹർ സാഹിബ് (ഇദ്ദേഹം വളരെ വലിയ രാഷ്ട്രീയക്കാരനായിരുന്നു, പണ്ഡിതനുമായിരുന്നു)തന്റെ പത്രമായ 'ഹംദർദി'ൽ 1927 സെപ്റ്റംബർ 26ന് എഴുതി: 'ജനാബ് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിനേയും അദ്ദേഹത്തിന്റെ സുസംഘടിതമായ ജമാഅത്തിനേയും കുറിച്ച് ഇവിടെ ഈ വരികളിൽ പറഞ്ഞില്ലെങ്കിൽ അത് നന്ദികേടായിരിക്കും. അവർ തങ്ങളുടെ എല്ലാ ശ്രദ്ധയും വിശ്വാസപരമായ അഭിപ്രായ ഭിന്നത ഒന്നും കൂടാതെ എല്ലാ മുസ്‌ലീംകളുടേയും ക്ഷേമത്തിനായി വഖ്ഫ് ചെയ്തിരിക്കുകയാണ്. ഇവർ ഈ നേരത്ത് ഒരു വശത്ത് മുസ്‌ലീംകളുടെ രാഷ്ട്രീയപരമായ കാര്യങ്ങളിൽ താൽപര്യം കാണിക്കുന്നുവെങ്കിൽ മറുഭാഗത്ത് മുസ്‌ലീംകളെ വ്യവസ്ഥപ്പെടുത്തുന്നതിലും പ്രബോധിക്കുന്നതിലും വാണിജ്യത്തിലും കഠിനപ്രയത്നം നടത്തുകയും ചെയ്യുന്നു. ഈ സുസംഘടിതമായ കക്ഷിയുടെ പ്രവർത്തനരീതി മഹത്തായ ഇസ്‌ലാമിന് പൊതുവേയും ബിസ്മില്ലായുടെ കുംഭഗോപുരത്തിലിരുന്ന് ഇസ്‌ലാമികസേവനത്തിന്റെ വീരവാദം മുഴക്കുന്നവർക്ക് പ്രത്യേകിച്ചും കൈത്തിരിയായി സ്ഥാപിതമാകുന്ന അക്കാലം വിദൂരമല്ല.'(ഖാലിദ് മാസിക സയ്യിദുനാ മുസ്‌ലിഹ് മൗഊദ് നമ്പർ ജൂൺ, ജൂലായ് 2008 പേജ് 320-321)

അദ്ദേഹം പറഞ്ഞു, മൗലവിമാരായ നിങ്ങൾ മിമ്പറുകളിൽ ഇരുന്നുകൊണ്ട് വീരവാദം മുഴക്കുകയാണ്. പക്ഷേ, ഇക്കൂട്ടർ പണിയെടുക്കുന്നു.

വിഖ്യാതനായ ഖുർആൻ വ്യാഖ്യാതാവ് അല്ലാമ അബ്ദുൽ മാജിദ് ദരിയാബാദി എഡിറ്റർ സ്വിദ്ഖെജദീദ് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വഫാത്തായപ്പോൾ ഒരു പത്രാധിപക്കുറിപ്പെഴുതിയിരുന്നു. അതിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ഖുർആനിക സേവനത്തിന് അനുമോദനങ്ങൾ അർപ്പിച്ചുകൊണ്ടെഴുതി: 'ഖുർആനിന്റേയും ഖുർആനികജ്ഞാനങ്ങളുടേയും ആഗോളപരമായ പ്രചാരണത്തിനും അംബരത്തെ ജയിച്ചടക്കുന്ന ഇസ്‌ലാമിക പ്രബോധനത്തിനുംവേണ്ടി അദ്ദേഹം ഗൗരവത്തോടും ദൃഢനിശ്ചയത്തോടുംകൂടി ചെയ്ത പരിശ്രമം തന്റെ സുദീർഘമായ ജീവിതകാലത്ത് അദ്ദേഹം തുടർന്നുവന്നു. അതിന് അല്ലാഹു അദ്ദേഹത്തിന് പ്രതിഫലം നല്കുമാറാകട്ടെ. വൈജ്ഞാനികമായ നിലയിൽ ഖുർആനിക യാഥാർഥ്യങ്ങളുടേയും വിജ്ഞാനങ്ങളുടേയും ഏതൊരു വിവരണങ്ങളും വെളിപ്പെടുത്തലുകളും വിവർത്തനങ്ങളുമാണോ അദ്ദേഹം ചെയ്തുപോയത് അതിന് ഉന്നതവും വ്യതിരിക്തവുമായ ഒരു നിലയുണ്ട്."(സ്വിദ്ഖെ ജദീദ് ലഖ്നൗ 1965 നവംബർ 18, സവാനെ ഫള്‌ലെ ഉമർ വാള്യം 3 പേജ് 168)

ഒരു അമേരിക്കൻ പാതിരി ഒരിക്കൽ ഖാദിയാനിൽ വന്നു. ലൗകികവും ആത്മീയവുമായുള്ള വിദ്യകളാൽ അവൻ നിറയ്ക്കപ്പെടും എന്ന പ്രവചനത്തിന്റെ ഉദാഹരണം കൂടിയാണിത്. 1914-ൽ നടന്ന സംഭവമാണ്. അയാൾ ചില അഹ്മദികളോടു മതപരമായ ചില ചോദ്യങ്ങൾ ചോദിച്ചു. അത് വളരെ പ്രധാനപ്പെട്ടതായിരുന്നു. അതിനോടൊപ്പം ഇങ്ങനേയും പറഞ്ഞു, ഞാൻ അമേരിക്കയിൽനിന്ന് നടന്ന് ഇവിടംവരെ വന്നിരിക്കുകയാണ്. ഞാൻ പല ഉലമായോടും ഈ ചോദ്യം ചോദിച്ചിരുന്നു. പക്ഷേ, ഇതിന് തൃപ്തികരമായ മറുപടി കിട്ടിയിട്ടില്ല. ഞാൻ ഈ ചോദ്യങ്ങൾ നിങ്ങളുടെ ഖലീഫയോടു ചോദിക്കാനാണ് വന്നിട്ടുള്ളത്. അദ്ദേഹം എന്ത് മറുപടിയാണ് തരുന്നതെന്ന് കാണാമല്ലോ? മൗലവി ഉമുറുദ്ദീൻ ശിംലവി സാഹിബ് പറയുന്നു, 'ചോദ്യങ്ങൾ എത്രമാത്രം വിഷമമുള്ളതും അത്ഭുതപ്പെടത്തുന്നതും ആയിരുന്നുവെന്നാൽ, അവ കേട്ട്, ഹദ്റത്ത് സാഹിബ് ഇപ്പോൾ യുവാവാണെന്നും ഇലാഹിയാത്തിനെ സംബന്ധിച്ച് കൃത്യമായി ഒന്നും പഠിച്ചിട്ടില്ലെന്നും പ്രായം ചെറുതാണെന്നും പരിചയക്കുറവും നന്നേ കുറവാണെന്നും അതുകൊണ്ട് അദ്ദേഹത്തിന് ഈ ചോദ്യങ്ങൾക്കു മറുപടി കൊടുക്കാൻ കഴിയുകയില്ലെന്നും എനിക്ക് ഉറപ്പുണ്ടായിരുന്നു. അങ്ങനെയായാൽ അത് ജമാഅത്തിന് ചീത്തപ്പേരിനു കാരണമാകും!' (ലോകം മുഴുവൻ അപമാനമുണ്ടാകും).'കാരണം ഹദ്റത്ത് സാഹിബിന് മറുപടി കൊടുക്കാൻ കഴിഞ്ഞില്ലെങ്കിൽ ഈ അമേരിക്കൻ പാതിരി തിരിച്ചുപോയി അഹ്മദികളുടെ ഖലീഫയ്ക്ക് ഒന്നും അറിയുകയില്ലെന്നും ക്രിസ്ത്യാനികൾക്കെതിരിൽ ഉറച്ചു നില്ക്കാൻ കഴിയുകയില്ലെന്നും പേരിനുമാത്രം ഒരു ഖലീഫയാണെന്നും മണൽത്തരി അറിവുപോലുമില്ലെന്നും എല്ലായിടത്തും പറഞ്ഞുപരത്തുന്നതാണ്.'(ഇതായിരുന്നു മൗലവി സാഹബിന്റെ ധാരണ). 'ഈ പരിതഃസ്ഥിതിയിൽ ഞാൻ അങ്ങേയറ്റം വിഷമിച്ചു. ഹദ്റത്ത് സാഹിബുമായി കൂടിക്കാഴ്ച നടക്കാതെ അയാൾ മടങ്ങിപ്പോകുന്നതിനുവേണ്ടി ഞാൻ വളരെ പരിശ്രമിച്ചു. എന്നാൽ, എന്റെ ഈ ശ്രമത്തിൽ ഞാൻ പരാജയപ്പെട്ടു. കാരണം താൻ കണ്ടേ പോകൂ എന്ന പിടിവാശിയിലായിരുന്നു പാതിരി. അങ്ങനെ ഞാൻ ഹദ്റത്ത് സാഹിബിന്റെ അടുത്തുപോയി.അമേരിക്കൻ പാതിരി വന്നിട്ടുണ്ടെന്നും കുറച്ച് ചോദ്യങ്ങൾ ചോദിക്കണമെന്ന് പറയുന്നുണ്ടെന്നും എന്താണ് ചെയ്യേണ്ടതെന്നും ചോദിച്ചു. ഹദ്റത്ത് സാഹിബ് ഒരു താമസവും കൂടാതെ വിളിക്കാൻ പറഞ്ഞു. അദ്ദേഹം പറയുന്നു: ഞാൻ അദ്ദേഹത്തേയും കൂട്ടി ഹാജരായി. അവർ രണ്ടുപേക്കുമിടയിൽ ദ്വിഭാഷി ഞാൻ തന്നെയായിരുന്നു. അദ്ദേഹം പറയുന്നു, കുറച്ചു ആചാരപരമായ സംഭാഷണത്തിനുശേഷം പാതിരി തന്റെ ചോദ്യങ്ങൾ ചോദിക്കാൻ തുടങ്ങി. അതിന്റെ തർജമ ഞാൻ കേൾപിച്ചു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)അങ്ങേയറ്റം സമാധാനത്തോടെ ആ ചോദ്യങ്ങൾ കേൾക്കുകയും ഉടനെതന്നെ എത്രമാത്രം തൃപ്തികരമായ മറുപടിയാണ് നല്കിയതെന്നാൽ, ഞാൻ അത് കേട്ട് അത്ഭുതപ്പെട്ടു. ആ ചോദ്യത്തിന് ഇങ്ങനെ അതുല്യവും ജ്ഞാനനിർഭരവുമായ മറുപടി ഹദ്റത്ത് സാഹിബ് നല്കുമെന്ന് എനിക്ക് വിശ്വസിക്കാൻ പറ്റിയിരുന്നില്ല. ഈ മറുപടി ഞാൻ ഇംഗ്ലീഷിൽ അമേരിക്കൻ പാതിരിയെ കേൾപിച്ചപ്പോൾ അയാളും അത്ഭുതപ്പെട്ടു. അദ്ദേഹം പറഞ്ഞു: 'ഞാനിന്നുവരെ ഇത്തരം ബുദ്ധിപരമായ സംസാരങ്ങളും പ്രമാണമുൾക്കൊള്ളുന്ന പ്രസംഗങ്ങളും ആരുടെ വായിൽനിന്നും കേട്ടിട്ടില്ല. നിങ്ങളുടെ ഖലീഫ വളരെ വലിയ സ്കോളറാണെന്ന് തോന്നുന്നു. ലോകമതങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ദൃഷ്ടി വളരെ ആഴമുള്ളതാണ്.' ഇതുപറഞ്ഞുകൊണ്ട് അദ്ദേഹം വളരെ ആദരവോടുകൂടി ഹദ്റത്ത് സാഹിബിന്റെ കൈയിൽ മുത്തുകയും മടങ്ങിപ്പോകുകയും ചെയ്തു.(ഖാലിദ് മാസിക സയ്യിദുനാ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് നമ്പർ ജൂൺ, ജൂലായ് 2008 പേജ് 319-320)

1945 ഫെബ്രുവരിയിൽ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അഹ്മദിയ്യാ ഹോസ്പിറ്റൽ ലാഹോറിൽ 'ഇസ്‌ലാമിലെ സാമ്പത്തികവ്യവസ്ഥിതി' എന്ന പേരിൽ പ്രൗഢഗംഭീരമായ ഒരു പ്രസംഗം ചെയ്തു. പ്രസംഗത്തിനുശേഷം യോഗാധ്യക്ഷൻ ജനാബ് ലാല റാംചന്ദ് മചന്ദാ സാഹിബ് ഒരു ഹ്രസ്വഭാഷണം നടത്തി. അതിൽ അദ്ദേഹം പറഞ്ഞു: 'ഞാൻ എന്നെ വളരെ ഭാഗ്യവാനായി മനസ്സിലാക്കുന്നു. എനിക്ക് ഇത്തരം വിലപിടിച്ച പ്രസംഗം കേൾക്കാൻ

## ഹദീസുന്നബവി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

## ഹദീസുന്നബവി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

സൗഭാഗ്യം കിട്ടി. നിങ്ങൾ ഇപ്പോൾ കേട്ട പ്രസംഗത്തിൽ അങ്ങേയറ്റം വിലപിടിച്ചതും നവംനവങ്ങളായ കാര്യങ്ങളുമാണ് ഹുദൂർ വിവരിച്ചത്. എനിക്ക് ഈ പ്രസംഗംകൊണ്ട് വളരെ നേട്ടമുണ്ടായി. നിങ്ങളും ഈ വിലപിടിച്ച അറിവുകളിൽനിന്ന് ധാരാളം ഫലമെടുത്തിട്ടുണ്ടാവുമെന്ന് ഞാൻ മനസ്സിലാക്കുന്നു. മുസ്‌ലീംകൾ മാത്രമല്ല ഈ ജൽസയിൽ അമുസ്‌ലീംകളും പങ്കെടുത്ത് കണ്ടതിൽ എനിക്ക് സന്തോഷം തോന്നി. മുസ്‌ലീംകളും അമുസ്‌ലീംകളും തമ്മിലുള്ള ബന്ധങ്ങൾ നന്നായിത്തീരുന്നതിലും ഞാൻ സന്തോഷിക്കുന്നു. അഹ്മദിയ്യാ ജമാഅത്തിലെ ധാരാളം ആദരണീയരായ വ്യക്തികളുമായി അഭിപ്രായ വിനിമയം ചെയ്യാൻ എനിക്ക് അവസരം കിട്ടിക്കൊണ്ടിരുന്നു. ഈ ജമാഅത്ത് ഇസ് ലാമിനു നല്കുന്ന വ്യാഖ്യാനം ഈ രാജ്യത്തിന് അങ്ങേയറ്റം ഫലപ്രദമാണ്. ഇസ്‌ലാം കേവലം അതിന്റെ നിയമങ്ങളിൽ മുസ്‌ലീംകളെയാണ് ശ്രദ്ധിക്കുന്നതെന്നും അമുസ്‌ലീംകളെ ഒന്നും പരിഗണിക്കുന്നില്ലെന്നും ആദ്യം ഞാൻ മനസ്സിലാക്കിയിരുന്നു. അതെന്റെ തെറ്റായിരുന്നു. എന്നാൽ, ഇന്ന് അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ പ്രഭാഷണത്തിൽനിന്ന് ഇസ്‌ലാം എല്ലാ മനുഷ്യരോടും സമഭാവനയോടെ പെരുമാറാനുള്ള അധ്യാപനമാണ് നല്കുന്നതെന്ന് മനസ്സിലായി. ഇതുകേട്ട് എനിക്ക് ഏറെ സന്തോഷമുണ്ടായി. ഇത്തരത്തിലുള്ള ഇസ്‌ലാമിനെ ആദരിക്കുന്നതിലും ബഹുമാനിക്കുന്നതിലും നിങ്ങൾക്ക് എന്ത് ഒഴികഴിവാണുള്ളത്? എന്ന് ഞാൻ അമുസ്‌ലിം സുഹൃത്തുക്കളോടു ചോദിക്കുന്നതായിരിക്കും. നിങ്ങൾ എത്രമാത്രം ഗൗരവത്തോടും സമാധാനത്തോടും കൂടിയാണ് രണ്ടരമണിക്കൂർവരെ ഹുദൂറിന്റെ പ്രഭാഷണം കേട്ടുകൊണ്ടിരുന്നത്. ഏതെങ്കിലും യൂറോപ്യൻ ഇക്കാര്യം കണ്ടിരുന്നെങ്കിൽ ഇന്ത്യ ഇത്രമാത്രം അഭിവൃദ്ധിപ്പെട്ടു എന്നോർത്ത് അത്ഭുതപ്പെടുമായിരുന്നു. നിങ്ങൾ സമാധാനത്തോടുകൂടി പ്രസംഗം കേട്ടതിന് നിങ്ങൾക്ക് ഞാൻ നന്ദി പറയുന്നതിനോടൊപ്പം ഞാൻ എനിക്കുവേണ്ടിയും നിങ്ങൾക്കുവേണ്ടിയും അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന് ആവർത്തിച്ചാവർത്തിച്ച് ലക്ഷോപലക്ഷം നന്ദി പറഞ്ഞുകൊള്ളുന്നു. അദ്ദേഹം അങ്ങേയറ്റം വിലപിടിച്ച അറിവുകൾകൊണ്ടും പ്രസംഗംകൊണ്ടും നമ്മെ ധന്യരാക്കിയിരിക്കുന്നു.'(താരീഖെ അഹ്മദിയ്യത്ത് വാള്യം 10 പേജ് 495–496 ഖാദിയാൻ 2007).

ജനാബ് അഖ്തർ ഔറേനവി സാഹിബ് (എം.എ പറ്റ്ന യൂണിവേഴ്സിറ്റി ഉർദുവകുപ്പിന്റെ അധ്യക്ഷൻ), പ്രൊഫസർ അബ്ദുൽമന്നാൻ ബേദൽ സാഹിബിന്റെ(ഫാർസി വകുപ്പിന്റെ മുൻ സദ്ർ)തഫ്സീർ കബീറിനെ കുറിച്ചുള്ള തന്റെ ഒരു ദൃക്സാക്ഷ്യത്തിന്റെ സംഭവം വിവരിക്കുന്നു. പറയുന്നു: 'ഞാൻ ഒന്നിനു പിറകെ ഒന്നായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനിയുടെ തഫ്സീർ കബീറിന്റെ കുറച്ചു വാള്യങ്ങൾ പറ്റ്ന കോളേജിലെ ഫാർസി വകുപ്പിന്റെ മുൻ സദ്ർ പ്രൊഫസർ അബ്ദുൽമന്നാൻ ബേദൽ സാഹിബിന്–ഇപ്പോൾ അദ്ദേഹം പറ്റ്ന ശബീന കോളേജിന്റെ പ്രിൻസിപ്പാളാണ് കൊടുത്തു. ആ തഫ്സീറുകൾ വായിച്ച് എത്രമാത്രം ആകർഷിതനായെന്നാൽ അദ്ദേഹം മദ്റസ അറബിയ്യ ശംസുൽ ഹുദാ പറ്റ്നയിലെ ശേയ്ഖുമാർക്കും തഫ്സീറിന്റെ ചില വാള്യങ്ങൾ വായിക്കുന്നതിനു കൊടുത്തു. ഒരു ദിവസം പല ശേയ്ഖുമാരേയും വിളിച്ച് അദ്ദേഹം അവരുടെ അഭിപ്രായങ്ങൾ ആരാഞ്ഞു. ഒരാൾ പറഞ്ഞു: 'ഫാർസി തഫ്സീറുകളിൽ ഇത്തരം തഫ്സീർ കിട്ടുകയില്ല.' പ്രൊഫസർ അബ്ദുൽ മന്നാൻ സാഹിബ് ചോദിച്ചു: 'അറബി തഫ്സീറുകളെക്കുറിച്ച് എന്താണ് അഭിപ്രായം?' ശേയ്ഖന്മാർ മൗനംപാലിച്ചു. കുറച്ചുനേരം കഴിഞ്ഞ് അതിൽ ഒരാൾ പറഞ്ഞു: 'പറ്റ്നയിൽ എല്ലാ അറബി തഫ്സീറും കിട്ടുന്നില്ല. മിസ്റിലേയും ശാമിലേയും എല്ലാ തഫ്സീറുകളും വായിച്ചതിനുശേഷമേ ശരിയായ അഭിപ്രായം പറയാൻ പറ്റുകയുള്ളൂ.' പ്രൊഫസർ സാഹിബ് പുരാതന അറബി തഫ്സീറുകളുടെ ചർച്ച ആരംഭിച്ചു. എന്നിട്ടു പറഞ്ഞു: 'മിർസാ മഹ്മൂദിന്റെ തഫ്സീറിന്റെ നിലയിലുള്ള ഒരു തഫ്സീറും ഒരു ഭാഷയിലും കിട്ടുകയില്ല. നിങ്ങൾ മിസ്റിൽനിന്നും ശാമിൽനിന്നും പുതിയ തഫ്സീറുകളും വാങ്ങുക. കുറച്ചു മാസങ്ങൾക്കുശേഷം ഞാനുമായി സംസാരിക്കുക. അറബി–ഫാർസി ഉലമാ നിശബ്ദരായിപ്പോയി.'(താരീഖെ അഹ്മദിയ്യത്ത് വാള്യം 9 പേജ് 158–159 ഖാദിയാൻ 2007).

ഖുറയ്ശീ അബ്ദുർറഹ്മാൻ സാഹിബ് സഫർ ഖലീഫത്തുൽ മസീഹ് ഥാനിയുടെ മാസ്മരികമായ വൈജ്ഞാനിക വ്യക്തിത്വത്തെ കുറിച്ച് പറയുന്നു: ഹുദൂറിന്റെ സഫർ എന്ന സ്ഥലത്തെ താമസത്തിന്നിടയിൽ എല്ലാ സ്നേഹിതന്മാരും ജമാഅത്തിൽപ്പെടാത്ത തങ്ങളുടെ സുഹൃത്തുക്കളെ ഹുദൂറുമായി കൂടിക്കാഴ്ചയ്ക്കു കൊണ്ടുവരുമായിരുന്നു. തന്റെ അറിവിൽ പൊങ്ങച്ചം കാണിക്കുന്ന ഒരു വ്യക്തിയെ ഞാൻ കൊണ്ടുവന്നു. ഹുദൂർ മജ്ലിസിൽ ഇരിക്കുകയായിരുന്നു. സ്നേഹിതന്മാർ ചില ചോദ്യങ്ങൾ ചോദിക്കുകയും ഹുദൂർ അതിന് മറുപടി നല്കിക്കൊണ്ടിരിക്കുകയുമായിരുന്നു. പക്ഷേ, ഞാൻ കൊണ്ടുവന്ന വ്യക്തി ആദ്യംമുതൽ അവസാനം വരെ നിശബ്ദനായിരുന്നു. താങ്കൾ ഒരു ചോദ്യവും ചോദിച്ചില്ലല്ലോ എന്നു ഞാൻ പറഞ്ഞു. അദ്ദേഹം ഒരു സങ്കോചവും കൂടാതെ പറഞ്ഞു: ഇവിടെ സംസാരിക്കുക എന്നത് സ്വന്തം അവസ്ഥ വെളിപ്പെടുത്തുന്ന കാര്യമായിരിക്കും. അയാൾ ഒരു കഠിനവിരോധിയായിരുന്നു. എന്നാൽ, ഹുദൂറിന്റെ സംസാരം എത്രമാത്രം ആകർഷണീയമായിരുന്നുവെന്നാൽ, അയാൾ പറഞ്ഞു, എങ്ങനെ എങ്കിലും എന്റെ ഈമാൻ സലാമത്തായിട്ടു ഇവിടെനിന്ന് കൊണ്ടുപോകാൻ കഴിഞ്ഞാൽ അത് വലിയ കാര്യമായിരിക്കുമെന്ന് ഞാൻ മനസ്സിലാക്കുകയായിരുന്നു.(സവാനെ ഫള്‌ലെ ഉമർ വാള്യം 5 പേജ് 553)

പാരീസ് വീക്കിലിയുടെ എഡിറ്റർ ലാല കരംചന്ദ് കുറച്ചു പത്രപ്രവർത്തകരേയും കൂട്ടി ഖാദിയാനിൽ വന്നു. ഹുദൂറിൽ വളരെയധികം ആകർഷിതനായി തിരിച്ചുവന്ന് തന്റെ പത്രത്തിൽ അതിനെ സംബന്ധിച്ച് ലേഖനമെഴുതി. അദ്ദേഹം പറഞ്ഞു: 'ഞങ്ങൾ സഫ്റുല്ലാഹ് ഖാനെയാണ് വലിയ മനുഷ്യനായി കരുതിയിരുന്നത്. എന്നാൽ, ബശീറുദ്ദീൻ മഹ്മൂദ് അഹ്മദിന്റെ മുമ്പിൽ സ്കൂളിൽ പഠിക്കുന്ന ഒരു കുട്ടിയാണ് അദ്ദേഹം. സഫ്റുല്ലാഹ് ഖാനെക്കാൾ എല്ലാ കാര്യത്തിലും ഇദ്ദേഹം ഉത്തമമായ അഭിപ്രായം ഉൾക്കൊള്ളുന്നയാളാണ്. ഉദാത്തമായ തെളിവുകൾ സമർപിക്കുന്നു. ഇദ്ദേഹത്തിലുള്ള സംഘടനാപരമായ കഴിവുകൾ അതുല്യമാണ്. ഇത്തരം മനുഷ്യന് ഏതു ഭരണകൂടത്തേയും സുഗമമായ നിലയിൽ അത്യുന്നതസ്ഥാനംവരെ കൊണ്ടുപോകാൻ കഴിയും.'(സവാനെ ഫള്‌ലെ ഉമർ വാള്യം 5 പേജ് 538)

ഒരു പണ്ഡിതസുഹൃത്ത് ഖാദിയാനിലെ ജൽസയിൽ പങ്കെടുത്തു. അദ്ദേഹം ഹദ്റത്ത് മുസ്‌ലിഹ് മൗഊദിനേയും അദ്ദേഹത്തിന്റെ അനുയായികളേയും സംബന്ധിച്ച് തന്റെ അഭിപ്രായങ്ങൾ പറഞ്ഞു: 'ഞാൻ വളരെ ചിന്തയോടെ കണ്ട മറ്റൊരു കാര്യം ഇതായിരുന്നു. ആ എല്ലാ സംഘവും എല്ലാ ജമാഅത്തും എല്ലാ ആൾക്കൂട്ടവും ആ പരിശുദ്ധ മാനസനായ ഖലീഫയുടെ ഒരു ചെറിയ വിരലിന്റെ ആംഗ്യത്തിൽ നടക്കുകയായിരുന്നു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിനെ സംബന്ധിച്ച് ഞാനെത്തിയത്, ഈ വ്യക്തി തൂലികയിൽ സമ്പന്നനും പ്രസംഗത്തിൽ ഉന്നതസ്ഥാനത്തിനുടമയും സംഘടനയുടെ ഉന്നതപദവിയിലുള്ള ഗവർണറുമാണ്.'(സവാനെ ഫള്‌ലെ ഉമർ വാള്യം 5 പേജ് 538).

അല്ലാമ നിയാസ് ഫത്ഹ്പൂരിസാഹിബ് തഫ്സീർ കബീർ വാള്യം 3 വായിച്ചതിനുശേഷം എഴുതുന്നു: 'തഫ്സീർ കബീർ വാള്യം 3 ഈയിടെ എന്റെ മുമ്പിലുണ്ട്. ഞാൻ അതിനെ അഗാധമായ ദൃഷ്ടിയോടെയാണ് നോക്കിക്കൊണ്ടിരിക്കുന്നത്. വിശുദ്ധ ഖുർആൻ പാരായണത്തിന്റെ തികച്ചും പുതിയൊരു ചിന്താസരണി താങ്കൾ സൃഷ്ടിച്ചിരിക്കുന്നു എന്നതിൽ സംശയമില്ല. ഈ തഫ്സീർ അതിന്റെ സ്വഭാവത്തിന്റെ അടിസ്ഥാനത്തിൽ പൂർണമായും ആദ്യത്തെ തഫ്സീറാണ്. ഇതിൽ ബുദ്ധിപരവും പ്രമാണപരവുമായ തെളിവുകൾ വളരെ മനോഹരമായ നിലയിൽ കൂട്ടി ഇണക്കപ്പെട്ടിരിക്കുന്നു. അങ്ങയുടെ അഗാധമായ ജ്ഞാനവും വിശാല ദൃഷ്ടിയും അസാധാരണമായ ചിന്തയും സൂക്ഷ്മബുദ്ധിയും അങ്ങയുടെ സുന്ദരമായ സമർഥന പാടവവും അങ്ങയുടെ ഓരോരോ വാക്കിൽനിന്നും വ്യക്തമാണ്. ഈ സമയംവരെ അത് അറിയാൻ കഴിയാതിരുന്നതിൽ എനിക്ക് വിഷമമുണ്ട്; അഹോ കഷ്ടം, എനിക്ക് അതിന്റെ എല്ലാ വാള്യങ്ങളും കാണാൻ കഴിഞ്ഞിരുന്നെങ്കിൽ! സൂറ ഹൂദിന്റെ തഫ്സീറിൽ ഹദ്റത്ത് ലൂത്(അ)ലുള്ള അങ്ങയുടെ ചിന്താഗതികൾ അറിഞ്ഞ് മനസ്സ് വിറച്ചുപോയി. അനിയന്ത്രിതമായി ഇതെഴുതാൻ നിർബന്ധിതനായി. അങ്ങ് ഹാ ഉലാഇ ബനാത്തീ എന്നതിന്റെ തഫ്സീർ എഴുതിക്കൊണ്ട് പൊതുവെയുള്ള മുഫസ്സിരീംകളിൽനിന്ന് വേറിട്ടൊരു ചർച്ചയുടെ വശമാണ് സ്വീകരിച്ചിട്ടുള്ളത്. അതിനെ പ്രശംസിക്കുക എന്നത് എന്റെ കഴിവിൽപ്പെട്ടതല്ല. അല്ലാഹു താങ്കളെ ദീർഘകാലം സലാമത്തോടുകൂടി വെക്കുമാറാകട്ടെ.'(തഫ്സീറെ കബീർ വാള്യം 7–ൽ നിന്നെടുത്തത്)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)നെ നേരിൽകണ്ട് അവിടത്തെ വ്യക്തിത്വത്തിന്റെ അഗാധമായ സ്വാധീനം തങ്ങളിലുണ്ടായ സ്വന്തക്കാരുടേയും അന്യരുടേയും അഭിപ്രായങ്ങൾ ഇതൊക്കെയാണ്. അവിടത്തെ പ്രത്യേകതകളെ കുറിച്ച് അറിഞ്ഞപ്പോൾ അതെല്ലാവരേയും അത്ഭുതത്തിൽ അകപ്പെടുത്തി. ഇതെല്ലാം പ്രവചനത്തിന്റെ സത്യസാക്ഷ്യത്തിനുള്ള പരസ്യമായ പ്രകടനമാണ്. ഇപ്പോൾ നടന്നുവരുന്ന യോഗങ്ങളിൽ പ്രവചനത്തിന്റെ സ്മരണകളും അവിടത്തെ പ്രവർത്തനത്തിന്റെ കാര്യങ്ങളുംകേട്ട് നമ്മൾ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ന്റെ ദർജകൾ വർധിച്ചുകൊണ്ടുപോകുന്നതിന് ദുആ ചെയ്യുന്നതിനോടൊപ്പം ആത്മപരിശോധനയും നടത്തേണ്ടതാണ്. അഹ്മദിയ്യത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി ഒരു ദൃഢനിശ്ചയത്തോടുകൂടി ഓരോ ജമാഅത്തംഗത്തിനും തങ്ങളുടെ എല്ലാ കഴിവുകളും ശോഭിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്യേണ്ട ആവശ്യമുണ്ട്. നമ്മൾ ഇങ്ങനെ ചെയ്യുകയാണെങ്കിൽ അഹ്മദിയ്യത്തിന്റെ അഭിവൃദ്ധി മുമ്പത്തെക്കാളുപരി പൂർത്തിയാകുന്നത് നമ്മുടെ ജീവിതത്തിൽ കാണുന്നതായിരിക്കും. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.

( പേജ് 2ൽനിന്ന്)

അദ്ദേഹത്തോടു പറഞ്ഞു: 'നിങ്ങളുടെ വായന വിശാലമാക്കുന്നതിനുവേണ്ടി അഹ്മദിയ്യാ ജമാഅത്തിന്റെ കൂടുതൽ സാഹിത്യങ്ങൾ വായിക്കുക. നിങ്ങളുടെ വായനയിൽ അതുൾപ്പെടുത്തുക.' സംഘത്തിലുണ്ടായിരുന്ന ഒരു അമേരിക്കൻ അഹ്മദി വനിത ജമീല Rolstad സാഹിബ തന്റെ അഭിപ്രായം ഇങ്ങനെ പ്രകടിപ്പിച്ചു. 'ജൽസയുടെ മുഴുവൻ പരിപാടിയിലും ഞാൻ വളരെ ആകർഷിതയാണ്. എല്ലാ കാര്യങ്ങളും വളരെ നല്ല രീതിയിൽ നടക്കുന്നുണ്ടായിരുന്നു. ഞാൻ മുപ്പത്തിയെട്ടായിരമാളുകളുടെ ഇടയിലാണിരിക്കുന്നതെന്ന വിചാരംതന്നെ എനിക്കുണ്ടായിരുന്നില്ല. ഇത്രയധികം ആളുകളുണ്ടായിരുന്നിട്ടും എല്ലാതരത്തിലുള്ള സൗകര്യവുമുണ്ടായിരുന്നു. ജൽസയിലെ സാഹോദര്യവും വിവരണാതീതമാണ്. ഞാൻ ധാരാളം പുതിയ സഹോദരിമാരുമായി കൂടിക്കാഴ്ച നടത്തി. പല സഹോദരിമാരുമായി ഒരു പ്രത്യേക ബന്ധവുമുണ്ടായി. അഹ്മദിയ്യാ ജമാഅത്ത് ഒരു ആഗോള ജമാഅത്താണെന്ന് ഞാൻ കേട്ടിരുന്നു. പക്ഷേ, ഈ ജൽസയിൽ പങ്കെടുത്തതിനുശേഷം എനിക്ക് അഹ്മദിയ്യത്തിന്റെ ആഗോളതയുടെ യാഥാർഥ്യം ബോധ്യമായി. വിവിധ രാജ്യങ്ങളുടെ മനോഹരമായ പതാകകൾ പാറിപറക്കുന്നതുകണ്ട് അത്ഭുതകരമായൊരു അവസ്ഥയായിരുന്നു. ആ പതാകകളെക്കാളുപരി വിവിധ രാജ്യങ്ങളിൽനിന്നുള്ള ആളുകളുമായി കണ്ട് വളരെ നല്ല അവസ്ഥയാണുണ്ടായത്. ഈ ജൽസയുടെ ഓർമ എന്റെ ജീവിതം മുഴുവൻ നിലനില്ക്കുന്നതാണ്. ഇതെന്റെ അവസാന ജൽസയാണെന്ന് ഞാൻ കരുതുന്നില്ല. പക്ഷേ, ആദ്യ ജൽസയുടെ ഓർമകൾ എന്നെന്നും എന്നോടൊപ്പമുണ്ടാകും.' **(തുടരും)**

## അടിയന്തര സർക്കുലർ

കടലാസിന്റെ വിലയും അച്ചടിയും പോസ്റ്റിംഗും മറ്റുചെലവുകളും വർധിച്ച കാരണത്താൽ സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലാഹുയുടെ അനുവാദത്തോടെ ബദ്ർ വീക്കിലിയുടെ വാർഷിക വരിസംഖ്യയിൽ വർധന വരുത്താൻ ഞങ്ങൾ നിർബന്ധിതരായിരിക്കുകയാണ്. പുതുക്കിയ വരിസംഖ്യ 500 രൂപയായിരിക്കുമെന്ന് അറിയിക്കുന്നു. 2018 ഏപ്രിൽമാസം മുതൽ പുതുക്കിയ നിരക്കനുസരിച്ച് വരിസംഖ്യ കൊടുക്കാൻ വായനക്കാരോട് അപേക്ഷിക്കുകയാണ്. ഇതനുസരിച്ച് തുടർന്ന് വരിസംഖ്യ പിരിക്കാൻ ബദ്ർ പ്രതിനിധികളോടും അപേക്ഷിക്കുന്നു.

**(മാനേജർ ബദ്ർ വീക്കിലി, ഖാദിയാൻ)**

# ഖുത്‌ബ ജുമുഅ

**ഇസ്‌ലാമിൽ ഉൽകൃഷ്ടസ്വഭാവം സ്വായത്തമാക്കുന്നതിനും സൽസ്വഭാവം എല്ലാ അവസരങ്ങളിലും പ്രകടിപ്പിക്കുന്നതിനും വീടുകളിലും സമൂഹങ്ങളിലും എല്ലാ തലങ്ങളിലും ഉൽകൃഷ്ട സ്വഭാവം കാണിക്കുന്നതിനും സ്വന്തക്കാരോടും അന്യരോടും സൽസ്വഭാവത്തിന്റെ പ്രകടനം നടത്തുന്നതിനും എത്രമാത്രം അധ്യാപനം നല്കപ്പെട്ടിരിക്കുന്നുവോ മറ്റൊരു മതത്തിലും അതുപോലെ വിശദമായി വിവരിക്കപ്പെട്ടിട്ടില്ല. പക്ഷേ, ദൗർഭാഗ്യവശാൽ ഇതിന്റെ അടിസ്ഥാനത്തിൽ മുസ്‌ലിംകൾ തന്നെയാണ് പൊതുവെ ഏറ്റവും താഴേകിടയിൽ മനസ്സിലാക്കപ്പെടുന്നത്.**

**തന്റെ ഉമ്മത്ത് സ്വഭാവങ്ങളുടെ ഉന്നത നിലവാരം കരസ്ഥമാക്കുന്നതിന് നബി(സ)തിരുമേനി തന്റെ കർമംകൊണ്ടും വിവിധ അവസരങ്ങളിലും ആവർത്തിച്ചാവർത്തിച്ചും സമ്മർദം ചെലുത്തുകയുണ്ടായി. മുസ്‌ലീംകൾ പൊതുവെ റസൂലിനോടു സ്നേഹമുണ്ടെന്ന് എന്തായാലും വാദിക്കുന്നവരാണ്. പക്ഷേ, നബി(സ)തിരുമേനിയുടെ കാര്യങ്ങളും സുന്നത്തുമനുസരിച്ചുള്ള കർമങ്ങൾ ഇല്ലാത്തതിനു തുല്യമാണ്. മുസ്‌ലീംകളുടെ ഇതേ അവസ്ഥ മുന്നിൽ കണ്ടുകൊണ്ട്–ഈ അവസ്ഥ ഉണ്ടാകേണ്ടതായിരുന്നുവല്ലോ– അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചു. പക്ഷേ, ഈ ഭാഗത്തേക്കും ശ്രദ്ധ നല്കുന്നത് നിഷേധിക്കുന്ന കൂട്ടരാണിവർ.**

**അവരുടെ ഈ അവസ്ഥ അഹ്‌മദികളായ നമ്മുടെ ശ്രദ്ധ, എല്ലാവിധ കഴിവുകളോടുംകൂടി ഉൽകൃഷ്ടസ്വഭാവങ്ങളെ സ്വായത്തമാക്കാൻ പരിശ്രമിക്കുന്ന ഭാഗത്തേക്ക് പതിപ്പിക്കുന്നതാക്കണം. അത് ഇസ്‌ലാമിന്റെ അധ്യാപനമാണ്. അതിന്റെ മാതൃക നബി(സ)തിരുമേനി നമ്മുടെ മുമ്പിൽ സ്ഥാപിച്ചിരിക്കുന്നു. പലരീതിയിലും ഇക്കാര്യങ്ങളെ കുറിച്ച് ഉപദേശങ്ങൾ നല്കിയിരിക്കുന്നു.**

**നബി(സ)തിരുമേനിയുടെ നിർദേശങ്ങൾ ഉദ്ധരിച്ച് ചില അടിസ്ഥാനപരമായ സൽസ്വഭാവങ്ങളുടെ അധ്യാപനവും അവിടത്തെ ഉന്നതവും ഉദാത്തവുമായ സ്വഭാവങ്ങളുടെ പരിശുദ്ധ മാതൃകകളുടെ ചർച്ചയും. ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിർദേശങ്ങൾ ഉദ്ധരിച്ച് സൽസ്വഭാവങ്ങളുടെ നിർവചനവും വിവിധ സ്വഭാവങ്ങൾ സ്വായത്തമാക്കാനുള്ള ഉപദേശങ്ങളും.**

**കറാച്ചിയിലെ ഡിഫൻസ് സൊസൈറ്റി ഹൽഖയിലുള്ള ശേയ്ഖ് അബ്ദുൽ ഹമീദ് സാഹിബിന്റെ മകൻ ശേയ്ഖ് അബ്ദുൽ മജീദ് സാഹിബിന്റെ വഫാത്തും അനുസ്മരണവും ജനാസ ഗാഇബും**

**ഖുത്‌ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്‌മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

**ഖുത്‌ബ ജുമുഅ 2018 മാർച്ച് 02/1397 അമാൻ 02**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَرَسُوْلُهٗ

اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ-

اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ- الرَّحْمٰنِ الرَّحِيْمِ- مٰلِكِ يَوْمِ الدِّيْنِ- اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ-

اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ- صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ-

ഇസ്‌ലാമിൽ ഉൽകൃഷ്ട സ്വഭാവം സ്വായത്തമാക്കുന്നതിനും സൽസ്വഭാവം എല്ലാ അവസരങ്ങളിലും പ്രകടിപ്പിക്കുന്നതിനും വീടുകളിലും സമൂഹങ്ങളിലും എല്ലാ തലങ്ങളിലും ഉൽകൃഷ്ട സ്വഭാവം കാണിക്കുന്നതിനും സ്വന്തക്കാരോടും അന്യരോടും സൽസ്വഭാവത്തിന്റെ പ്രകടനം നടത്തുന്നതിനും എത്രമാത്രം അധ്യാപനം നല്കപ്പെട്ടിരിക്കുന്നുവോ മറ്റൊരു മതത്തിലും അതുപോലെ വിശദമായി വിവരിക്കപ്പെട്ടിട്ടില്ല. പക്ഷേ, ദൗർഭാഗ്യവശാൽ ഇതിന്റെ അടിസ്ഥാനത്തിൽ മുസ്‌ലിംകൾ തന്നെയാണ് പൊതുവെ ഏറ്റവും താഴേകിടയിൽ മനസ്സിലാക്കപ്പെടുന്നത്. അമുസ്‌ലീംകൾ അവരുടെ നേരെ വിരൽ ചൂണ്ടുന്നു. കാരണം അവരുടെ കർമങ്ങൾ അവരെന്തൊന്ന് പറയുന്നുവോ അതിനു വിരുദ്ധമാണ്.

തന്റെ ഉമ്മത്ത് സ്വഭാവങ്ങളുടെ ഉന്നത നിലവാരം കരസ്ഥമാക്കുന്നതിന് നബി(സ)തിരുമേനി തന്റെ കർമംകൊണ്ടും വിവിധ അവസരങ്ങളിലും ആവർത്തിച്ചാവർത്തിച്ചും സമ്മർദം ചെലുത്തുകയുണ്ടായി. മുസ്‌ലീംകൾ പൊതുവെ റസൂലിനോടു സ്നേഹമുണ്ടെന്ന് എന്തായാലും വാദിക്കുന്നവരാണ്. പക്ഷേ, നബി(സ) തിരുമേനിയുടെ കാര്യങ്ങളും സുന്നത്തുമനുസരിച്ചുള്ള കർമങ്ങൾ ഇല്ലാത്തതിനു തുല്യമാണ്. മുസ്‌ലീംകളുടെ ഇതേ അവസ്ഥ മുന്നിൽ കണ്ടുകൊണ്ട്–ഈ അവസ്ഥ ഉണ്ടാകേണ്ടതായിരുന്നുവല്ലോ–അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അയച്ചു. പക്ഷേ, ഈ ഭാഗത്തേക്കും ശ്രദ്ധ നല്കുന്നത് നിഷേധിക്കുന്ന കൂട്ടരാണിവർ. എന്നല്ല ചിലയാളുകൾ ചിലയിടത്ത് അല്ലെങ്കിൽ ചില രാജ്യങ്ങളിൽ എതിർപിന്റെ പാരമ്യതയിലെത്തിയിരിക്കുകയാണ്. സാധാരണ രീതിയിലുള്ള നല്ല സ്വഭാവങ്ങളിൽനിന്നുപോലും മാറി എന്നല്ല സൽസ്വഭാവങ്ങൾ തീണ്ടിയിട്ടില്ലാത്ത മനുഷ്യരെക്കാൾ മോശക്കാരായി അങ്ങേയറ്റം വൃത്തികെട്ടതും മലീമസവുമായ ഭാഷ ഹദ്റത്ത് മസീഹ് മൗഊദ്(അ)നും ആ മഹാത്മാവിനെ വിശ്വസിക്കുന്നവർക്കുമെതിരിൽ ഇവർ ഉപയോഗിക്കുന്നു. ഇതിന്റെ ഫലവും ഇവർ എല്ലായിടത്തും അനുഭവിച്ചുകൊണ്ടിരിക്കുന്നുണ്ട്. ഞാൻ പറഞ്ഞതുപോലെ അമുസ്‌ലിലീംകൾ അവരുടെ നേരെ വിരൽ ചൂണ്ടുന്നു. അവരുടെ ഈ അവസ്ഥ അഹ്‌മദികളായ നമ്മുടെ ശ്രദ്ധ, എല്ലാവിധ കഴിവുകളോടുംകൂടി ഉൽകൃഷ്ട സ്വഭാവങ്ങളെ സ്വായത്തമാക്കാൻ പരിശ്രമിക്കുന്ന ഭാഗത്തേക്ക് പതിപ്പിക്കുന്നതാക്കണം. അത് ഇസ്‌ലാമിന്റെ അധ്യാപനമാണ്. അതിന്റെ മാതൃക നബി(സ)തിരുമേനി നമ്മുടെ മുമ്പിൽ സ്ഥാപിച്ചിരിക്കുന്നു. പലരീതിയിലും ഇക്കാര്യങ്ങളെ കുറിച്ച് ഉപദേശങ്ങൾ നല്കിയിരിക്കുന്നു. ഇല്ലെങ്കിൽ പിന്നെ നമ്മൾ അഹ്‌മദിയാണെന്നതിലോ അഹ്‌മദിയാണെന്ന് പറയുന്നതിലോ ഒരു കാര്യവുമില്ല.

നബി(സ)തിരുമേനിയുടെ കർമത്തെ നമ്മൾ നോക്കുകയാണെങ്കിൽ അത്ഭുതകരമായ നിലവാരമാണ് നമുക്ക് കാണാൻ കഴിയുന്നത്. അവിടത്തെ കുടുംബപരമായ അവസ്ഥ നോക്കിയാലും, ചിലയിടത്ത് അവിടന്ന് ഒരു ഭാര്യയെക്കാൾ രണ്ടാമത്തെ ഭാര്യയ്ക്ക് പൊക്കം കുറവായകാരണത്താൽ അവരെ പരിഹസിക്കുന്നതിൽ കഠിനമായ വെറുപ്പ് പ്രകടിപ്പിക്കുകയും ആരേയും മാനസികമായി വിഷമിപ്പിക്കരുതെന്ന് പറയുകയും ചെയ്യുന്നു.(സുനൻ അബൂദാവൂദ്, കിതാബുൽ അദബ്, ബാബ് ഫിൽഗീബത്തിഹീ, ഹദീഥ് 487)

ചിലപ്പോൾ രണ്ടാമത്തെ ഭാര്യയുടെ ജോലിയിൽ നിസാരമായ ഇഷ്ടക്കേടുപോലും ഒരു ഭാര്യക്ക് ഉണ്ടാകാൻ പാടില്ലെന്ന് മനസ്സിലാക്കിക്കൊടുക്കുന്നു.(സുനൻ ഇബ്നുമാജ, കിതാബുൽ അഹ്ക്കാം ഹദീഥ് 2333).

ചിലപ്പോൾ അവിടന്ന് കുട്ടികളുടെ സ്വഭാവം നന്നാക്കുന്നതിനുവേണ്ടി, മറ്റുള്ളവരുടെ ഫലവൃക്ഷത്തെ കല്ലെറിഞ്ഞ് പാകമാകാത്ത ഫലങ്ങൾ നഷ്ടപ്പെടുത്തികളയരുതെന്ന് ഉപദേശിക്കുന്നു. സഹിക്കാൻപറ്റാത്ത വിശപ്പാണെങ്കിൽ താഴെ വീണുകിടക്കുന്ന പഴുത്തപഴം തിന്നുകൊള്ളുക എന്ന് അവിടന്ന് ഒരു കുട്ടിയോടു പറയുന്നു. പക്ഷേ, അതിനോടൊപ്പം ഉപദേശിച്ചു, ഏറ്റവും നല്ല കാര്യമെന്താണെന്നാൽ, താഴെനിന്ന് ഈത്തപ്പഴം പെറുക്കിത്തിന്നുകയും അതിന് നിർബന്ധിതരാകുകയും ചെയ്യുന്ന അവസ്ഥ തന്നെ നിങ്ങൾക്ക് ഉണ്ടാകാതിരിക്കട്ടെ എന്ന് ഞാൻ ദുആ ചെയ്യുന്നു; അല്ലാഹു നിങ്ങൾക്ക് നല്ല സാഹചര്യങ്ങൾ ഏർപാടാക്കിത്തരുമാറാകട്ടെ.(സുനൻ അബീദാവൂദ് കിതാബുൽജിഹാദ് ഹദീഥ് 2622)

ഈ ദുആയോടുകൂടി, തങ്ങളുടെ ആവശ്യം പൂർത്തിയാക്കുന്നതിനുവേണ്ടി അല്ലാഹുവിലേക്ക് മടങ്ങുക എന്നും തെറ്റായ രീതിയിൽ ജനങ്ങളുടെ സാധനങ്ങൾ എടുക്കരുതെന്നും കുട്ടികൾക്കും പറഞ്ഞു കൊടുത്തു. കാരണം നിർബന്ധിതാവസ്ഥയിൽ ചിലപ്പോൾ താഴെക്കിടക്കുന്ന അധിക വസ്തുക്കൾ അനുവദനീയവുമാകാറുണ്ട്. പക്ഷേ, അവിടന്ന് പറഞ്ഞു:ഉൽകൃഷ്ടസ്വഭാവം കൈവരിക്കുക, ഇതാണ് നന്മ. പിന്നീട് ഒരു കുട്ടി വേഗത്തിൽ തിന്നുന്നതും ഭക്ഷണ പ്ലേറ്റിൽ കൈയിട്ട് പരത്തുന്നതും കണ്ട് പറഞ്ഞു: 'ആദ്യം ബിസ്മില്ലാഹ് ചൊല്ലുക, പിന്നീട് വലതുകൈകൊണ്ട് തിന്നുക, മുൻഭാഗത്തുനിന്ന് ഭക്ഷിക്കുക.'(സ്വഹീഹുൽ ബുഖാരി, കിതാബുൽ അത്അമത്തി, ബാബു തസ്മിയ്യ അലത്വആമി, ഹദീഥ് 5376) വലുതാകുമ്പോൾ ഉൽകൃഷ്ട സ്വഭാവം കുട്ടികളിൽ ഉണ്ടാകുന്നതിനുവേണ്ടി ചെറുപ്പത്തിൽ അവരുടെ ശിക്ഷണവും ഈ രീതിയിൽ നടത്തേണ്ടതാണ്.

കളവ് ഒരു പാപമാണ്. സത്യം ഒരു നന്മയാണ്. അത് ചെറുപ്പന്നേ മുതൽ കുട്ടികളിൽ നിലനിറുത്തുന്നതിനുവേണ്ടി അവിടന്ന് ഇങ്ങനെ ഉപദേശിച്ചു. ഒരു സ്വഹാബി തന്റെ കുട്ടിക്കാലത്തെ ഒരു സംഭവം വിവരിക്കുന്നു: ഒരിക്കൽ നബി(സ) തിരുമേനി ഞങ്ങളുടെ വീട്ടിൽ വന്നു. കുട്ടിയായ കാരണത്താൽ കുറച്ചുകഴിഞ്ഞ് അവിടന്ന് വീട്ടിൽ ഇരിക്കുമ്പോൾത്തന്നെ ഞാൻ പുറത്തു പോകാനൊരുങ്ങി. അപ്പോൾ ആ അനുഗൃഹീത അന്തരീക്ഷത്തിൽനിന്ന് പോകുന്നതിനെ തടയുന്നതിനുവേണ്ടി എന്റെ ഉമ്മ എന്നോടു "ഇവിടെ വരിക. ഇവിടെത്തന്നെ നില്ക്കുക, ഞാൻ നിനക്കൊരു സാധനം തരാം" എന്നു പറഞ്ഞു. അതുകേട്ട് നബി(സ) തിരുമേനി, "യഥാർഥത്തിൽ നീ അവന് എന്തെങ്കിലും കൊടുക്കാൻ ആഗ്രഹിക്കുന്നുണ്ടോ?"എന്നു ചോദിച്ചു. എന്റെ ഉമ്മ പറഞ്ഞു: "ഞാൻ അവന് ഒരു കാരക്ക കൊടുക്കുന്നതാണ്." നബി(സ) തിരുമേനി പറഞ്ഞു: "ഈ ഉദ്ദേശ്യം നിനക്കില്ലായിരുന്നെങ്കിൽ, കുട്ടിയെ വിളിച്ച് ഇവിടെ നിറുത്തുന്നതിനുവേണ്ടി മാത്രം അങ്ങനെ പറഞ്ഞതാണെങ്കിൽ നീ പാപം ചെയ്യുന്നവളാകുമായിരുന്നു." (സുനൻ അബീദാവൂദ് കിതാബുൽഅദബ് ഹദീഥ് 4991). ഇപ്പോൾ ആ കുട്ടിക്കും ആ ചെറുപ്രായത്തിൽ സത്യസന്ധതയുടെ പ്രാധാന്യവും കളവിനോടുള്ള വെറുപ്പും വ്യക്തമായി. പ്രായമാകുന്നതുവരെ അദ്ദേഹം ഇക്കാര്യം ഓർമവെക്കുകയും വിവരിക്കുകയും ചെയ്തു.

ഒരിക്കൽ ഒരാളോടു പറഞ്ഞു: "നിനക്ക് എല്ലാ തിന്മകളും ഉപേക്ഷിക്കാൻ കഴിയുന്നില്ലെങ്കിൽ കളവ് പറയുന്നതു മാത്രം ഉപേക്ഷിക്കുക."(തഫ്സീറെ കബീർ ഇമാം റാസി വാല്യം 8 ഭാഗം 16 പേജ് 176 ബേറൂത്ത് 2004).

ഇത്രമാത്രം സൂക്ഷ്മതയോടെ കളവിൽനിന്ന് രക്ഷപ്പെടുകയും സത്യത്തെ നിലനിറുത്തുകയും ചെയ്യുന്ന അവസ്ഥയാണോ ഇക്കാലത്തെ മുസ്‌ലിംകളുടേത്? എന്നല്ല നമ്മുടെ നിലവാരമെന്താണെന്ന് നമ്മൾ ആത്മപരിശോധന നടത്തേണ്ടതാണ്. ഒരു നിവേദനം വരുന്നുണ്ട്. നബി(സ) തിരുമേനി വൻപാപങ്ങളെക്കുറിച്ച് പ്രതിപാദിച്ചുകൊണ്ട് പറഞ്ഞു: "വൻപാപങ്ങൾ ഇവയാണ്; അല്ലാഹുവിന് പങ്കാളികളെ ചേർക്കുക. മാതാപിതാക്കളെ ധിക്കരിക്കുക." പിന്നീട് നിവേദകൻ പറയുന്നു. അവിടന്ന് ചാരിയിരുന്നുകൊണ്ടാണ് ഇക്കാര്യങ്ങൾ പറഞ്ഞത്. പെട്ടെന്ന് എഴുന്നേറ്റിരുന്നുകൊണ്ട് പറഞ്ഞു: "ശ്രദ്ധയോടെ കേട്ടുകൊള്ളുവിൻ! കളവ് പറയലും കള്ളസാക്ഷ്യം പറയലും!" അവിടന്ന് ഇക്കാര്യം പലവട്ടം ആവർത്തിച്ചു. ആവർത്തിച്ചുകൊണ്ടേയിരുന്നു. നിവേദകൻ പറയുന്നു: "നബി(സ) തിരുമേനി നിശബ്ദനായിരുന്നെങ്കിലെന്ന് ഞങ്ങൾ ആഗ്രഹിച്ചുപോയി!"(സ്വഹീഹുൽബുഖാരി കിതാബുൽ അദബ് ഹദീഥ് 5976)

നമ്മൾ ഇങ്ങനേയും നബി(സ) തിരുമേനിയുടെ ഉത്കൃഷ്ട സ്വഭാവങ്ങളുടെ പ്രകടനം കാണുന്നുണ്ട്. സഹനത്തിന്റേയും ക്ഷമയുടേയും നിലവാരമെന്തായിരുന്നു. എങ്ങനെയാണ് അവിടന്ന് ഉപദേശിച്ചിരുന്നത്. ഒരു ബദ്ദു മസ്ജിദിൽ മൂത്രമൊഴിക്കാൻ തുടങ്ങി. അത് തടയുന്നതിനുവേണ്ടി ആളുകൾ അദ്ദേഹത്തിന്റെ അടുക്കലേക്കോടി. നബി(സ) തിരുമേനി പറഞ്ഞു: "അയാളെ വിട്ടയക്കുക. മൂത്രമൊഴിച്ച സ്ഥലത്ത് വെള്ളമൊഴിക്കുക." പിന്നീട് അവിടന്ന് പറഞ്ഞു: "ജനങ്ങൾക്ക് എളുപ്പത്തിനാണ് നിങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്; പ്രയാസമുണ്ടാക്കുന്നതിനല്ല." അതുകേട്ട് ആ ബദ്ദു (ഗ്രാമീണ അറബി) എപ്പോഴും നബി(സ) തിരുമേനിയുടെ വാത്സല്യത്തെക്കുറിച്ച് പറയുമായിരുന്നു. (സുനനുത്തുർമുദി അബ് വാബുത്വഹാറത്തി ഹദീഥ് 147)

ഈയിടെയായി നമുക്ക് തോന്നുന്നത് മുസ്‌ലിം ഭരണകൂടങ്ങളും ഉലമായും സംഘടനകളും ലോകത്ത് ബുദ്ധിമുട്ടുണ്ടാക്കുന്നതിൽ എല്ലാവരെക്കാളും മുമ്പിലാണെന്നാണ്. ചെറിയ കാര്യത്തിലോ വലിയ കാര്യത്തിലോ എളുപ്പമുണ്ടാക്കുന്നവരല്ല. ഒരവസരത്തിൽ നബി(സ) തിരുമേനി പറഞ്ഞു: "നിങ്ങൾ ചെയ്തുകൊണ്ടിരുക്കുന്നത് നന്മയാണോ ദോഷമാണോ എന്നറിയണമെങ്കിൽ നിങ്ങളുടെ അയൽവാസികളിലേക്ക് നോക്കുക, നിങ്ങളെക്കുറിച്ചുള്ള അവരുടെ അഭിപ്രായമെന്താണെന്ന്!"(സുനൻ ഇബ്നുമാജ കിതാബുസ്സുഹ്ദ് ഹദീഥ് 4222). പിന്നീട് ഓഫീസർമാരോട് പറഞ്ഞു: "നിങ്ങളുടെ ഉത്കൃഷ്ടസ്വഭാവങ്ങളെ കുറിച്ച് അറിയാൻ കഴിയുന്നത് നിങ്ങൾ നിങ്ങളെ ജനതയുടെ സേവകരായി മനസ്സിലാക്കുമ്പോഴാണ്. നിങ്ങളുടെ എല്ലാ കഴിവുകളോടുംകൂടി പൊതുജനങ്ങളെ സേവിക്കുമ്പോഴാണ്."(കൻസുൽഉമ്മാൽ വാല്യം 6 പേജ് 710 ഹദീഥ് 17517) നമ്മുടെ ഓഫീസർമാരിലും ലീഡർമാരിലും ഇതെവിടെയാണ് കാണാൻ കഴിയുന്നത്? അതിനാൽ നമ്മുടെ ജമാഅത്തിന്റെ ഭാരവാഹികളും ഇക്കാര്യത്തിലേക്ക് ശ്രദ്ധിക്കേണ്ടതാണ്.

സകല ശക്തികളും നബി(സ)തിരുമേനിക്ക് ലഭിക്കുകയും അറബികളുടെമേൽ വിജയങ്ങളുണ്ടാകുകയും ചെയ്ത മക്കാവിജയത്തിന്റെ അവസരത്തിൽ നബി(സ)തിരുമേനിയുടെ ഉത്കൃഷ്ടസ്വഭാവങ്ങളുടെ പ്രകടനം ഉണ്ടായതെങ്ങനെയാണ്. അവിടന്ന് സകല ശത്രുക്കൾക്കും മാപ്പുകൊടുത്തു. അവർ വർഗശത്രുക്കളായിരുന്നു. അവർ നിരന്തരം ഉപദ്രവിച്ചുകൊണ്ടിരുന്നു. പിന്നീട് അതേ മാപ്പുകൊടുക്കൽ നൂറുക്കണക്കിനാളുകൾ ഇസ്‌ലാമിൽ വരാൻ നിമിത്തമായി. നബി(സ) തിരുമേനിയുടെ ഏറ്റവും ഉത്കൃഷ്ടമായ സ്വഭാവങ്ങളുടെ നിലവാരത്തെ പ്രതിപാദിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു:

"പ്രതാപവാനായ അല്ലാഹു നമ്മുടെ നബി(സ)തിരുമേനിയെ സംബോധന ചെയ്തുകൊണ്ടു പറയുന്നു: *വ ഇന്നക്ക ലഅലാ ഖുലുഖിൻ അളീം*(68:5) നീ മഹത്തായൊരു സ്വഭാവത്തിലാണ് നിലകൊള്ളുന്നത്. അതുകൊണ്ട് ഈ വിശദീകരണമനുസുരിച്ച് ഇതിന്റെ അർഥം അതായത് സ്വഭാവങ്ങളുടെ ഈ എല്ലാ ഇനവും(ഏതെല്ലാം ഇനങ്ങളാണ്) 'ദാനശീലത, ധീരത, നീതി, കരുണ, ഉപകാരം, സത്യസന്ധത, സമാർഥ്യം തുടങ്ങിയവ'(അതായത് സഹിഷ്ണുതയോടെ ഏതെങ്കിലും കാര്യം ക്ഷമിക്കുക)നിന്നിൽ സമ്മേളിച്ചിരിക്കുന്നു എന്നാണ്." ചുരുക്കിപ്പറഞ്ഞാൽ എത്രത്തോളം മനുഷ്യന്റെ മനസ്സിൽ പ്രവർത്തനശക്തികളുണ്ടാകുന്നുവോ, ഉദാഹരണത്തിന് മര്യാദ, വിശ്വസ്തത, മനുഷ്യത്വം, ധാർമികരോഷം, സ്ഥൈര്യം, ചാരിത്രശുദ്ധി, സ്വാത്മപരിത്യാഗത, മധ്യാവസ്ഥ, സഹതാപം അതുപോലെതന്നെ ധീരത, ദാനശീലത, മാപ്പുകൊടുക്കൽ, ക്ഷമാഗുണം, പ്രത്യുപകാരം, സത്യസന്ധത, കൂറ് തുടങ്ങിയവ. ഈ എല്ലാ സ്വാഭാവികമായ അവസ്ഥകളും ബുദ്ധിയുടേയും ചിന്തയുടേയും അഭിപ്രായത്തോടുകൂടി സാഹചര്യവും സന്ദർഭവും അനുസരിച്ച് പ്രകടിപ്പിക്കുമ്പോൾ എല്ലാത്തിന്റേയും പേര് സൽസ്വഭാവം എന്നായിരിക്കും. ഈ എല്ലാ സ്വഭാവഗുണങ്ങളും യഥാർഥത്തിൽ മനുഷ്യന്റെ സ്വാഭാവികമായ അവസ്ഥകളും സ്വാഭാവികമായ വികാരങ്ങളുമാണ്. സന്ദർഭത്തിന്റേയും അവസരത്തിന്റേയും അടിസ്ഥാനത്തിൽ ഉദ്ദേശ്യത്തോടുകൂടി അവ ഉപയോഗിക്കുന്ന നേരത്ത് സ്വഭാവഗുണങ്ങളുടെ പേരിൽ വിളിക്കപ്പെടുന്നുവെന്ന് മാത്രം. (ഇസ്‌ലാമീ ഉസ്വൂൽ കി ഫിലോസഫി, റൂഹാനീ ഖസാഇൻ, വാല്യം 10, പേജ് 333). ഒരു ശീലമെന്ന നിലയിലല്ല;പ്രത്യുത, എല്ലാ ഓരോ സ്വഭാവഗുണത്തെയും, അതിന് സൽഫലമുണ്ടാകണമെന്നതിന്റെ അടിസ്ഥാനത്തിൽ ഉപയോഗിക്കുക. ചില ഘട്ടങ്ങളിൽ ശിക്ഷ നല്കേണ്ടിവന്നാൽ സൽഫലമുളവാകണമെന്ന ഉദ്ദേശ്യത്തോടെ ശിക്ഷിക്കുക.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉത്കൃഷ്ടമായ സ്വഭാവങ്ങൾ കാണിക്കുന്നതിന്റെ വിവിധ അവസ്ഥകളെ പ്രതിപാദിച്ചുകൊണ്ട് പറയുന്നു:ഉന്നതസ്വഭാവഗുണങ്ങൾ രണ്ടവസ്ഥയിൽ അറിയാൻ കഴിയുന്നു. പരീക്ഷണത്തിന്റേയും ഞെരുക്കത്തിന്റേയും അവസ്ഥയിലും, പാരിതോഷികത്തിന്റേയും ഐശ്വര്യസമൃദ്ധിയുടേയും അവസ്ഥയിലും. പരീക്ഷണത്തിലും ഞെരുക്കത്തിലും ക്ഷമിക്കുകയും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് മാതൃക കാണിക്കുകയും ചെയ്യുക. അവൻ ഉന്നതമായ സ്വഭാവഗുണത്തിന്റെ ഉടമസ്ഥനാണ്. അനഗ്രഹത്തിലും ഭരണത്തിലും വിനയവും നീതിയും സ്ഥാപിക്കുക എന്നത് ഉന്നതസ്വഭാവഗുണമുള്ളവൻ എന്ന് പറയിപ്പിക്കാവുന്നതാണ്. ഈ രണ്ടവസ്ഥകളും നമ്മുടെ നബി(സ) തിരുമേനിയിൽ തെളിമയാർന്ന നിലയിൽ പ്രകടമായി. ഞാൻ മുമ്പേയും പറഞ്ഞതുപോലെ, എങ്ങനെയാണ് മക്ക വിജയത്തിന്റെ അവസരത്തിൽ തന്റെ വർഗശത്രുവിനും മാപ്പുകൊടുത്തത്!

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "മനുഷ്യന്റെ സ്വഭാവങ്ങൾ എപ്പോഴും രണ്ടുതരത്തിൽ പ്രകടമാകാവുന്നതാണ്. ഒന്നുകിൽ പരീക്ഷണത്തിന്റെ അവസ്ഥയിൽ അല്ലെങ്കിൽ പാരിതോഷികത്തിന്റെ അവസ്ഥയിൽ! ഒരേയൊരു വശമുണ്ടാകുകയും രണ്ടാമത്തേത് ഇല്ലാതിരിക്കുകയുമാണെങ്കിൽ ഉത്കൃഷ്ടസ്വഭാവത്തെ കുറിച്ച് അറിയാൻ കഴിയുകയില്ല. കാരണം നബി(സ)തിരുമേനിയുടെ സ്വഭാവങ്ങൾ അല്ലാഹുവിന് എന്തായാലും പൂർണമാക്കേണ്ടതുണ്ടായിരുന്നു. അതുകൊണ്ട് അവിടത്തെ ജീവിതത്തിന്റെ കുറച്ച് ഭാഗം മക്കത്തും കുറച്ച് മദീനത്തുമാണ് ഉണ്ടായത്. മക്കയിലെ ശത്രുക്കളുടെ വലിയ വലിയ ഉപദ്രവങ്ങളുണ്ടായപ്പോൾ അവിടന്ന് ക്ഷമയുടെ മാതൃക കാണിച്ചു. അവർ കഠിനതരമായ നിലയിൽ പെരുമാറിയിട്ടും അവിടന്ന് അവരോട് സഹിഷ്ണുതയോടും സൗമ്യതയോടുംകൂടി പെരുമാറി. അല്ലാഹുവിൽനിന്ന് കൊണ്ടുവന്ന സന്ദേശം പ്രചരിപ്പിക്കുന്നതിൽ വീഴ്ച വരുത്തിയില്ല. പിന്നീട് മദീനയിൽ നബി(സ)തിരുമേനിക്ക് ഐശ്വര്യം കരസ്ഥമാകുകയും അതേ ശത്രുക്കളെ അറസ്റ്റ് ചെയ്ത് ഹാജരാക്കുകയും ചെയ്തപ്പോൾ അവരിലധികമാളുകൾക്കും മാപ്പു നല്കി. പകരംവീട്ടാനുള്ള എല്ലാ ശക്തിയും ഉണ്ടായിരുന്നിട്ടും പകരം വീട്ടിയില്ല."(മൽഫൂദാത്ത് വാല്യം 6 പേജ് 195-196, 1985 ലണ്ടൻപതിപ്പ്)

നബി(സ)തിരുമേനിയുടെ ഉൽകൃഷ്ട സ്വഭാവങ്ങൾ കൂടുതൽ വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു:

ഇക്കാര്യങ്ങൾ ശ്രദ്ധയോടുകൂടി കേൾക്കേണ്ടതാണ്. മിക്ക ആളുകളേയും ഞാൻ കാണുകയും അവരെ കുറിച്ച് കൂലങ്കഷമായി പഠിക്കുകയും ചെയ്തിട്ടുണ്ട്. ചിലർ ദാനം ചെയ്യാറുണ്ട്. പക്ഷേ, അതിനോടൊപ്പം ദ്വേഷക്കാരും വെറുപ്പുള്ളവരുമാണ്. (വലിയ ദാനശീലരാണ്. ജനങ്ങൾക്ക് ദാനം കൊടുക്കുകയും ചെയ്യുന്നു. പക്ഷേ, അതിനോടൊപ്പം കോപവുമുണ്ടാകുന്നു. നിസാരകാര്യങ്ങളിൽ വെറുപ്പുമുണ്ടാകുന്നു. വെറുപ്പുണ്ടാകുമ്പോൾ ആർക്കെങ്കിലും കൊടുത്തത് എടുത്തുപറഞ്ഞ് വീമ്പിളക്കും). ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ചിലർ സഹനശീലരാണ്. പക്ഷേ, ലുബ്ധരും. ചിലർ കോപത്തിന്റേയും ദ്വേഷത്തിന്റേയും അവസ്ഥയിൽ ലാത്തികൊണ്ടടിച്ച് മുറിവേല്പിക്കുന്നു; എളിമയും വിനയവും പേരിനുപോലുമുണ്ടാവില്ല! താഴെക്കിടയിലുള്ള എളിമയും വിനയവും ചിലരിൽ കണ്ടിട്ടുണ്ട്; എന്നാൽ, ധൈര്യം അവരിലില്ല.' (വിനയമുണ്ട്, എളിമയുണ്ട്. പക്ഷേ, ധൈര്യമില്ല. എന്തെങ്കിലും നിസാരകാര്യമുണ്ടായാൽ ഉടൻ ഭീരുത്വം കാണിക്കാൻ തുടങ്ങുന്നു). ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'എല്ലാ മനുഷ്യരിലും എല്ലാ സവിശേഷഗുണങ്ങളും ഉണ്ടാകുകയില്ല. ഇത് ശരിയാണ്. പക്ഷേ, എങ്കിലും അവർ തികച്ചും പിന്തള്ളപ്പെട്ടവരുമല്ല.' പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ), നബി(സ)തിരുമേനിയെ സ്മരിച്ചുകൊണ്ട് പറയുന്നു: ഉത്കൃഷ്ടസ്വഭാവങ്ങളെക്കുറിച്ച് ഏറ്റവും തികവുറ്റമാതൃകയും ഉദാഹരണവും നബി(സ) തിരുമേനിയുടേതാണ്. അദ്ദേഹം എല്ലാ സവിശേഷഗുണങ്ങളിലും സമ്പൂർണനായിരുന്നു. അതുകൊണ്ടാണ് ആ മഹാത്മാവിന്റെ തേജോവിലാസത്തിൽ പറഞ്ഞത് ഇന്നക്ക ലഅലാ ഖുലുഖിൻ അളീം.' (മൽഫൂദാത്ത്, വാല്യം 1, പേജ് 132-133, ലണ്ടൻ പതിപ്പ്)

അതിനാൽ ബുദ്ധിമുട്ടുകളുടെ കാലത്തും അവിടന്ന് ഉൽകൃഷ്ട സ്വഭാവം കാണിച്ചു, ലോകം അത്ഭുതപ്പെട്ടുപോകുമാറുള്ള ക്ഷമയാണ് അവിടന്ന് പ്രകാശിപ്പിച്ചത്. അറേബ്യയിലെ സകല ഭരണവും ആ മഹാത്മാവിന് കിട്ടി; പറഞ്ഞതുപോലെ അക്രമം ചെയ്ത എല്ലാവർക്കും മാപ്പ് കൊടത്തു. ഇതാണ് സൽസ്വഭാവങ്ങളുടെ ഉന്നതനിലവാരം. അത് എല്ലാ അവസ്ഥയിലും ഒരു യഥാർഥ മുസ്‌ലിം, നബി(സ) തിരുമേനിയെ വിശ്വസിക്കുന്നയാൾ മുന്നിൽ വെക്കേണ്ടതാണ്; കാണിക്കേണ്ടതാണ്. ഇതുസംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) നമുക്കെങ്ങനെയാണ് മാർഗദർശനം നല്കിയത്. നബി(സ) തിരുമേനിയുടെ ഉൽകൃഷ്ടമായ സ്വഭാവങ്ങളെ സ്മരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു:

"ഈ ഉത്കൃഷ്ട സ്വഭാവം എങ്ങനെയുള്ളതായിരുന്നുവെന്നാൽ, അവ ജനങ്ങളെ ആസക്തിയുള്ളവരാക്കുകയും ഒരു അമാനുഷികത കാണിക്കുകയും ചെയ്തു." ഹദ്റത്ത് മസീഹ് മൗഊദ്(അ) നമ്മളോട് പറയുന്നു: "നിങ്ങൾ ഈ സുന്നത്തിലൂടെ നടന്നുകൊണ്ട് നിങ്ങളുടെ സ്വഭാവങ്ങൾ നന്നാക്കുകയും എല്ലാ സ്വഭാവത്തേയും സന്ദർഭോചിതം ഉപയോഗിക്കുകയുമാണെങ്കിൽ നിങ്ങളും ദിവ്യാത്ഭുതം കാണിക്കുന്നവരായിത്തീരുന്നതാണ്."

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "അത്ഭുതസിദ്ധിയിൽ ഏതെങ്കിലുമൊക്കെ രീതിയിൽ ആളുകൾ ഒഴികഴിവ് പറയാറുണ്ട്. അതിനെ ഇല്ലാതാക്കാനാഗ്രഹിക്കുയും ചെയ്യുന്നു. പക്ഷേ, സ്വഭാവപരമായ അവസ്ഥ എങ്ങനെയുള്ള കറാമത്ത് അഥവാ അമാനുഷികതയാണെന്നാൽ അതിന്റെ നേരെ വിരൽചൂണ്ടാൻ ആർക്കും സാധിക്കുകയില്ല. ഇക്കാരണത്താലാണ് നമ്മുടെ നബി(സ)തിരുമേനിക്ക് ഏറ്റവും വലുതും സാമൂഹികപരവുമായ അമാനുഷികതയായി സൽസ്വഭാവങ്ങൾതന്നെ നല്കപ്പെട്ടിട്ടുള്ളത്. *വ ഇന്നക്ക ലഅലാ ഖുലുഖിൻ അളീം* എന്നു പറഞ്ഞതുപോലെ." ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: "നബി(സ)തിരുമേനിയുടെ എല്ലാ ഓരോതരത്തിലുള്ള അമാനുഷികതയും തെളിവിന്റെ കരുത്തിൽ എല്ലാ നബിമാരുടേയും ദിവ്യാത്ഭുതങ്ങളെക്കാൾ സ്വയം വലുതാകുന്നതിനു പകരം അവിടത്തെ സ്വഭാവപരമായ അത്ഭുതങ്ങളുടെ നമ്പർ അവരെക്കാളെല്ലാം ഒന്നാമതായിരുന്നു. അതിന്റെ തുല്യത ലോകചരിത്രത്തിൽ പറയാൻ സാധിക്കുകയില്ല; സമർപിക്കാനും കഴിയുകയില്ല." ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'തങ്ങളുടെ ദുഃസ്വഭാവങ്ങളെ ഉപേക്ഷിച്ചുകൊണ്ട് (ചീത്തസ്വഭാവങ്ങളെ ഉപേക്ഷിച്ചുകൊണ്ട്) നിന്ദ്യമായ ശീലങ്ങൾ കൈവെടിഞ്ഞുകൊണ്ട് സൽസ്വഭാവങ്ങൾ കൈക്കൊള്ളുന്ന എല്ലാ ഓരോരുത്തർക്കുമുള്ള കറാമത്ത് അതുതന്നെയാണെന്ന് ഞാൻ മനസ്സിലാക്കുന്നു. ഉദാഹരണത്തിന് കാർക്കശ്യസ്വഭാവത്തിന്റേയും കോപത്തിന്റേയും ദുശ്ശീലങ്ങൾ ഉപേക്ഷിക്കുകയും സഹനവും മാപ്പുകൊടുക്കലും സ്വീകരിക്കുകയും ചെയ്യുക. അല്ലെങ്കിൽ പിശുക്ക് ഉപേക്ഷിച്ച് ധർമവും അസൂയക്ക് പകരം സഹതാപവും കരസ്ഥമാക്കുക. ഇത് അത്ഭുതദൃഷ്ടാന്തമാണെന്നതിൽ സംശയമില്ല. അപ്രകാരംതന്നെ ആത്മപ്രശംസയും സ്വാർഥതയും ഉപേക്ഷിച്ച് വിനയവും എളിമയും കൈക്കൊള്ളുമ്പോൾ അത് കറാമത്ത് അഥവാ അമാനുഷിക പ്രവൃത്തിയായിത്തീരുന്നു."(സ്വയം പുകഴ്ത്തൽ അല്ലെങ്കിൽ തന്നെ എന്തെങ്കിലുമൊക്കയാക്കി പ്രകടിപ്പിക്കൽ അല്ലെങ്കിൽ മറ്റാരെയെങ്കിലുംകൊണ്ട് പ്രശംസിപ്പിക്കൽ ഇതെല്ലാം ഉപേക്ഷിച്ച് വിനയം കൈക്കൊള്ളുക എന്നത് കറാമത്തായിത്തീരുന്നു).

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: "കറാമത്തു കാണിക്കാനാഗ്രഹിക്കാത്ത ആരെങ്കിലും നിങ്ങളിലുണ്ടോ? മനുഷ്യൻ സ്വഭാവപരമായ അവസ്ഥ നന്നാക്കിത്തീർക്കേണ്ടതാണ്. കാരണം ഇത് എങ്ങനെയുള്ള കറാമത്താണെന്നാൽ, അതിന്റെ സ്വാധീനം ഒരിക്കലും മാഞ്ഞുപോകുകയില്ല. മറിച്ച് ഫലം ദൂരവരെ

എത്തുന്നു. മുഅ്മിൻ സൃഷ്ടികളുടേയും സ്രഷ്ടാവിന്റേയും പക്കൽ കറാമത്തുള്ളവരായിത്തീരേണ്ടതാണ്. ധാരാളം അധർമികളേയും സുഖലോലുപരേയും കണ്ടിട്ടുണ്ട്. അവർ അമാനുഷികങ്ങളായ ഒരു അടയാളത്തിലും വിശ്വസിക്കുന്നില്ല. പക്ഷേ, സ്വഭാവപരമായ കറാമത്തുകൾക്കു മുമ്പിൽ അവർ തലകുനിച്ചു; സമ്മതിക്കുകയും വിശ്വസിക്കുകയുമല്ലാതെ നിർവാഹമുണ്ടായില്ല. ധാരാളമാളുകളുടെ ചരിത്രത്തിൽ, അവർ സ്വഭാവപരമായ കറാമത്തുകൾ കണ്ടിട്ടാണ് സത്യം സ്വീകരിച്ചിരുന്നതെന്ന കാര്യം കാണാം." (മൽഫൂദാത്ത്, വാള്യം 1, പേജ് 141–142, 1985 ലണ്ടൻ പതിപ്പ്) ബാഹ്യമായി നോക്കുമ്പോൾ പൊതുവെ ലൗകികനും സൽസ്വഭാവങ്ങൾ കാണിക്കാറുണ്ട്. പക്ഷേ, ഏതൊരു കാര്യത്തിനാണോ അവർ സൽസ്വഭാവമെന്ന് പറയുന്നുവോ അത് യഥാർഥത്തിൽ പൊതുവെ ഒരു പ്രദർശനപരതയാണ്. തന്നെ സ്വയം നന്നാക്കി കാണിക്കുന്നതിനുവേണ്ടി മാത്രമാണ് അവർ ഇങ്ങനെ ചെയ്തുകൊണ്ടിരിക്കുന്നത്. സ്വന്തം നേട്ടമൊന്നുമില്ലെങ്കിലും സ്വയം തന്നെ നന്നായി അവതരിപ്പിക്കുന്നു. മനസ്സിൽ വേറൊന്നായിരിക്കുമുണ്ടാകുക. ചിലപ്പോൾ ഏതെങ്കിലും വലിയ ഓഫീസറുടെ മുമ്പിൽ അല്ലെങ്കിൽ വലിയ സമ്പന്നന്റെ മുമ്പിൽ വളരെ നല്ല സ്വഭാവമാണെന്ന നിലയിൽ പ്രകടിപ്പിക്കുന്നു. വാസ്തവത്തിൽ അത് മുഖസ്തുതി ചെയ്യലാണ്. ബലഹീനമായ കാര്യമാണ്. പേടിയോ ഭീരുത്വമോ കാരണത്താൽ അത്തരം കാര്യങ്ങൾ പറയുകയായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "ഇത് ഇസ്‌ലാമിക അധ്യാപനമല്ല. കാരണം ഇത് ഇസ്‌ലാമിന്റെ സത്യസന്ധമായ സൽസ്വഭാവമല്ല. കാര്യത്തിന്റെ പ്രകടനം ഹൃദയത്തിൽനിന്ന് ഉണ്ടാകുന്നതാണ് ഉന്നതമായ സ്വഭാവഗുണം. അനുകമ്പയാണെങ്കിൽ ഹൃദയപൂർവമായിരിക്കണം. മറ്റു കാര്യങ്ങളുടെ പ്രകടമാണെങ്കിൽ ഹൃദയത്തിൽനിന്നുണ്ടാകണം."

ഇക്കാര്യം വിവരിച്ചുകൊണ്ട് ഒരു അവസരത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "സ്വഭാവങ്ങൾ രണ്ടുതരമുണ്ട്. ഒന്ന് ഇക്കാലത്തെ ആധുനികവിദ്യാസമ്പന്നർ സമർപ്പിക്കുന്ന സ്വഭാവങ്ങളാണ്. അതായത് കൂടിക്കാഴ്ച തുടങ്ങിയവയിൽ നാവുകൊണ്ട് മുഖസ്തുതിയോടും പൊങ്ങച്ചത്തോടുംകൂടി പെരുമാറുന്നു. മനസ്സുകളിൽ കപടതയും പകയും നിറഞ്ഞിട്ടുണ്ടാകും. ഈ സ്വഭാവം വിശുദ്ധഖുർആനിനെതിരാണ്.

"രണ്ടാമത്തെ സ്വഭാവം സത്യസന്ധതയോടെ സഹതാപം കാണിക്കുക എന്നതാണ്. മനസ്സിൽ കപടത ഉണ്ടാകുകയില്ല. മുഖസ്തുതിയോടും പൊങ്ങച്ചത്തോടും പ്രവർത്തിക്കാതിരിക്കുക. *ഇന്നല്ലാഹ യഅ്മുറു ബിൽഅദ്‌ലി വൽഇഹ്സാനി വ ഈതാഇദിൽ ഖുർബാ (16:91)* എന്ന് അല്ലാഹു പറഞ്ഞതുപോലെ. ഇത് സമ്പൂർണമാർഗമാണ്.' (നീതി പാലിക്കുക. ശരിയായ വിധിയോടെ പ്രവർത്തിക്കുക. യാഥാർഥ്യം വിവരിക്കുക. നന്മയ്ക്കു പകരം നന്മ ചെയ്യുക. പ്രത്യുപകാരത്തിൽ കവിഞ്ഞ് മാതാവ് കുട്ടികളോടെന്നപോലെ പെരുമാറുക; അല്ലെങ്കിൽ ഏതെങ്കിലും വളരെ അടുത്തബന്ധുവിനോട് ചെയ്യുന്നതുപോലെ.) ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: "ഇത് സമ്പൂർണമാർഗമാണ്. എല്ലാ ഓരോ സമ്പൂർണമാർഗവും സന്മാർഗവും അല്ലാഹുവിന്റെ ഗ്രന്ഥത്തിലുണ്ട്. അതിൽനിന്ന് മുഖം തിരിക്കുന്നവൻ മറ്റൊരിടത്തും സന്മാർഗം പ്രാപിക്കുകയില്ല. നല്ല അധ്യാപനം അതിന്റെ സ്വാധീനം ചെലുത്തുന്നതിന് മനഃപരിശുദ്ധി ആഗ്രഹിക്കുന്നു. ഇതിൽനിന്ന് അകന്നവരെ സൂക്ഷ്മദൃഷ്ടിയോടെ നോക്കുകയാണെങ്കിൽ അവരിൽ തീർച്ചയായും മാലിന്യം കാണാൻ കഴിയുന്നതാണ്."(മൽഫൂദാത്ത് വാള്യം 6 പേജ് 200, 1985 ലണ്ടൻ പതിപ്പ്).

"അതിന് മനഃപരിശുദ്ധിയുടെ ആവശ്യമുണ്ട്. സ്വയമേവ അല്ലാഹുവിന്റെ തൃപ്തിയിലൂടേയും അവന്റെ കല്പനകളിലൂടേയും തന്നെ നടത്തേണ്ട ആവശ്യമുണ്ട്." ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: "ജീവിതത്തിന് ഒരു നിശ്ചയവുമില്ല. നമസ്കാരത്തിലും സത്യസന്ധതയിലും അഭിവൃദ്ധിപ്പെടുക." (മൽഫൂദാത്ത്, വാള്യം 6, പേജ് 200, 1985 ലണ്ടൻ പതിപ്പ്). നിങ്ങളുടെ ആരാധനകളിൽ അഭിവൃദ്ധിപ്പെടുക. സത്യസന്ധതയുടെ നിലവാരമുയർത്തുക. നിങ്ങളുടെ എല്ലാ കാര്യങ്ങളിലും സത്യസന്ധത ഉണ്ടാക്കുക. നന്മകളെന്താണെന്ന് ചിലയാളുകൾ ചോദിക്കാറുണ്ട്. ബാഹ്യമായ നമസ്കാരങ്ങളും ആരാധനകളും തന്നെയാണ് നന്മയെന്ന് ചിലർ മനസ്സിലാക്കുന്നു; അല്ലെങ്കിൽ നിസ്സാരമായ സൽസ്വഭാവം കാണിച്ചാൽ വലിയ നന്മയായിരിക്കുമെന്ന്. മറ്റുള്ള അടിസ്ഥാനപരമായ ധാരാളം സൽസ്വഭാവങ്ങളെ അലക്ഷ്യമായി വിടുന്നു.

അതിൽ മനോഹരമായ നിലയിൽ വെളിച്ചംവീശിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "സൽസ്വഭാവങ്ങൾ മറ്റു നന്മകളുടെ താക്കോലാണ്." (അതിന്റെ ഒരു താക്കോലാണ്) "സ്വഭാവങ്ങൾ പരിഷ്കരിച്ചെടുക്കാത്തവർ പതുക്കെപ്പതുക്കെ നന്മ ഇല്ലാത്തവരായി പോകുന്നു."(അവരിൽനിന്ന് പിന്നെ നന്മയൊന്നുമുണ്ടാകുകയില്ല. ഫലവുമുണ്ടാകുകയില്ല). ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "ലോകത്തിലെ എല്ലാ ഓരോ വസ്തുവും പ്രയോജനപ്പെടുന്നു എന്നതാണ് എന്റെ മതം. വിഷവും മാലിന്യവുംപോലും പ്രയോജനപ്പെടുന്നു. പാഷാണവും പ്രയോജനപ്പെടുന്നു. ഇത് നാഡിഞരമ്പുകളിൽ സ്വാധീനമുണ്ടാക്കുന്നു. എന്നാൽ, മനുഷ്യൻ ഉത്കൃഷ്ടസ്വഭാവങ്ങൾ കൈവരിച്ച് ഫലം പ്രദാനം ചെയ്യുന്ന അസ്തിത്വമാകാത്തിടത്തോളം അവൻ ഒന്നിനും കൊള്ളുകയില്ല."(വിഷവും പ്രയോജനപ്പെടുന്നതാണ്. മാലിന്യവും പ്രയോജനപ്പെടുന്നതാണ്. പക്ഷേ, ഉൽകൃഷ്ടമായ സ്വഭാവങ്ങൾ കരസ്ഥമാക്കേണ്ടതാണ്. മനുഷ്യൻ അങ്ങനെ ചെയ്യുന്നില്ലെങ്കിൽ, ജനങ്ങൾക്ക് ഫലമെത്തിക്കുന്നില്ലെങ്കിൽ) ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു, ഒന്നിനും കൊള്ളാത്തവനായിത്തീരുന്നു. (അതിനാൽ മനുഷ്യൻ പ്രയോജനപ്പെടുന്നത് അവനിൽ ഉത്കൃഷ്ടസ്വഭാവമുണ്ടാകുമ്പോഴാണ്).

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: മൃതപ്രായൻ മൃഗത്തെക്കാൾ മോശക്കാരനായിത്തീരുന്നു. കാരണം മൃഗത്തിന്റെ തൊലിയും എല്ലുമെങ്കിലും പ്രയോജനപ്പെടുന്നുണ്ട്; മനുഷ്യന്റെ തൊലിയും പ്രയോജനപ്പെടുന്നില്ല. മനുഷ്യൻ ബൽഹും അള്ളല്ല. (7:180) എന്നതിന്റെ തെളിവായിത്തീരുന്നു. (അങ്ങേയറ്റം അധഃപതിച്ച വസ്തുവായിത്തീരുന്നു)

"അതിനാൽ ഓർമിക്കുക! സ്വഭാവങ്ങളെ നന്നാക്കേണ്ടത് അത്യാവശ്യമാണ്. കാരണം നന്മകളുടെ മാതാവാണ് സൽസ്വഭാവങ്ങൾ."(മൽഫൂദാത്ത് വാള്യം പേജ് 76 1985 ലണ്ടൻ പതിപ്പ്)

സൽസ്വഭാവങ്ങളുണ്ടായാൽ മറ്റു നന്മകൾ ചെയ്യാനും ഭാഗ്യം കിട്ടുന്നതാണ്. നിത്യജീവിതത്തിൽ ഈ സ്വഭാവങ്ങളെങ്ങനെയാണ് പ്രകടമാകുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ഭിക്ഷക്കാരെകണ്ട് ദ്വേഷപ്പെടുക എന്നത് ചിലയാളുകളുടെ ശീലമാണ്. (ഏതെങ്കിലും യാചകൻ വന്നാൽ അയാളെ കണ്ട് ദ്വേഷം പിടിക്കുന്നു. ഏതെങ്കിലും ആവശ്യത്തിന് ആരെങ്കിലും വന്നാൽ അയാളെ കണ്ട് ദ്വേഷം പിടിക്കുന്നു). 'കുറച്ച് മൗലവിയ്യത്തിന്റെ സ്വഭാവമുണ്ടെങ്കിൽ അയാൾക്ക് എന്തെങ്കിലും കൊടുക്കുന്നതിനുപകരം മസ്അലകൾ മനസ്സിലാക്കിക്കൊടുക്കാൻ തുടങ്ങുന്നു.'(അയാൾക്ക് എന്തെങ്കിലും കൊടുത്തു വിടുന്നതിനുപകരം കർമശാസ്ത്രം വിവരിക്കാൻ തുടങ്ങുന്നു. യാചകൻ വന്നാൽ അയാളോടു വൈജ്ഞാനികമായ കാര്യങ്ങൾ പറയാൻ തുടങ്ങുന്നു. അല്ലെങ്കിൽ യാചിക്കുന്നതിന്റെ നന്മകളോ തിന്മകളോ വിവരിക്കാൻ തുടങ്ങുന്നു). 'അവനിൽ തന്റെ മൗലവിയ്യത്തിന്റെ ഭയം കുടിയിരുത്തി ചില നേരത്ത് അലസനുമാകും. ഒരു സാത്വികനായ മനുഷ്യനു ലഭിക്കുന്ന സൽപ്രകൃതത്തിന്റേയോ നല്ല മനസ്സിന്റേയോ ചിന്തയോ ബുദ്ധിയോ അവർക്കില്ല. യാചകൻ ആരോഗ്യവാനാണെങ്കിൽ അവൻ സ്വയം പാപം ചെയ്യുകയാണെന്ന് പോലും ചിന്തിക്കുന്നില്ല.(ആരോഗ്യമുണ്ടായിട്ടും ഒരാൾ യാചിച്ചു വരുകയാണെങ്കിൽ അതിന്റെ പാപം അവന്റെ തലയിലാണ്. നിങ്ങളുടെ പക്കൽ എന്തെങ്കിലുമുണ്ടെങ്കിൽ കുറച്ച് അവന് കൊടുക്കുക). 'അവനെന്തെങ്കിലും കൊടുക്കുകയാണെങ്കിൽ അത് തീർച്ചയായും പാപമാകുകയില്ല. എന്നല്ല ഹദീഥിൽ *ലൗ അത്താക്ക റാക്കിബൻ* എന്ന വാക്കുകൾ വന്നിരിക്കുന്നു. അതായത് യാചകൻ വാഹനത്തിൽ വന്നാൽപോലും എന്തെങ്കിലും കൊടുക്കേണ്ടതാണ്. വിശുദ്ധഖുർആനിൽ വ *അമ്മസ്സാഇല ഫലാ തൻഹർ* (93:11) എന്ന നിർദ്ദേശമുണ്ട്. അതുകൊണ്ട് ഓർമിക്കുക യാചകനെ വിരട്ടി ഓടിക്കാൻ പാടില്ല. ഇന്ന തരത്തിലുള്ള യാചകനെ വിരട്ടാമെന്നോ ഇന്ന തരത്തിലുള്ളവനെ വിരട്ടാൻ പാടില്ലെന്നോ വ്യക്തമാക്കപ്പെട്ടില്ല. അതുകൊണ്ട് യാചകനെ വിരട്ടരുത്. അതുമുഖേന ഒരുതരത്തിലുള്ള ദുസ്സ്വഭാവത്തിന്റെ ബീജമാണ് വിതയ്ക്കപ്പെടുന്നത്. യാചകനോട് ധിറുതിയിൽ കോപിക്കാൻ പാടില്ലെന്നതാണ് സൽസ്വഭാവം ആഗ്രഹിക്കുന്നത്. ശയ്ത്താൻ ഈ രീതിയിൽ നിങ്ങളെ നന്മയിൽനിന്ന് തടയാനും തിന്മയുടെ അനന്തരാവകാശിയാക്കാനുമാണ് ഇച്ഛിക്കുന്നത്."

വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: 'ചിന്തിക്കുക! ഒരു നന്മയിൽനിന്ന് മറ്റൊരു നന്മയുണ്ടാകുന്നു. ഇപ്രകാരംതന്നെ ഒരു തിന്മ, മറ്റൊരു തിന്മയ്ക്ക് നിമിത്തമായിത്തീരുന്നു; ഒരു വസ്തു മറ്റൊരു വസ്തുവിനെ ആകർഷിക്കുന്നതുപോലെ. ഇപ്രകാരം ഇതും ആകർഷിച്ചെടുക്കുന്ന കാര്യമാണ്.' (ഇത് ആകർഷിക്കുന്ന കാര്യമാണ്). എല്ലാ കർമത്തിലും ഇത് വെക്കപ്പെട്ടിരിക്കുന്നു. യാചകനോടു മൃദുലഭാവത്തോടെ പെരുമാറുമ്പോൾ അതിലൂടെ സൽസ്വഭാവപരമായ ദാനം നല്കപ്പെടുന്നതാണ്). 'അപ്പോൾ ലുബ്ധത അകന്ന് മറ്റ് നന്മകളും ചെയ്യുന്നതാണ്.' (അതായത് മനസ്സിലുണ്ടാകുന്ന ഒരു തടസം അകലുന്നതാണ്. പിന്നെ മറ്റു നന്മകളും ചെയ്യാൻ തൗഫീഖ് കിട്ടും) 'അവനെന്തെങ്കിലും കൊടുക്കുകതന്നെ ചെയ്യും.' (മൽഫൂദാത്ത്, വാള്യം 2, പേജ് 75–76. 1985 ലണ്ടൻ പതിപ്പ്)

നമ്മുടെ സമൂഹത്തിൽ പൊതുവെ മാതാപിതാക്കളെ സംബന്ധിച്ച് ഒരു ചോദ്യമുണ്ട്. മാതാപിതാക്കൾ അഹ്മദിയ്യല്ലെങ്കിലോ അവർ എതിർക്കുകയോ ചെയ്താൽ എങ്ങനെ ബന്ധം നിലനിറുത്തും? ഹദ്റത്ത് മസീഹ് മൗഊദ്(അ) ശെയ്ഖ് അബ്ദുർ റഹ്മാൻ സാഹിബ് ഖാദിയാനിയോടു അദ്ദേഹത്തിന്റെ പിതാവിനെ സംബന്ധിച്ച് ഉപദേശിച്ചത് പിതാവിനുവേണ്ടി ദുആ ചെയ്യാനായിരുന്നു. എല്ലാ രീതിയിലും കഴിയുന്നിടത്തോളം മാതാപിതാക്കളെ സന്തോഷിപ്പിക്കേണ്ടതാണ്. അവരെ ആദ്യത്തേക്കാൾ ആയിരക്കണക്കിന് മടങ്ങധികം സൽസ്വഭാവവും സ്വന്തം പരിശുദ്ധ മാതൃകയും കാണിച്ച് ഇസ്‌ലാമിന്റെ സത്യസാക്ഷ്യം വിശ്വസിപ്പിക്കേണ്ടതാണ്. കാരണം അദ്ദേഹം മുസ്‌ലിമല്ല. അതുകൊണ്ട് അദ്ദേഹം ഇസ്‌ലാമിന്റെ സത്യത സമ്മതിക്കുന്ന ആളാകുന്നതിനുവേണ്ടി അദ്ദേഹത്തിന് സ്വന്തം മാതൃക കാണിച്ചുകൊടുക്കേണ്ടതാണ്. സൽസ്വഭാവപരമായ ദിവ്യദൃഷ്ടാന്തം എങ്ങനെയുള്ളതാണെന്നാൽ, മറ്റു ദിവ്യദൃഷ്ടാന്തങ്ങൾ അതിനോടു കിടപിടിക്കുകയില്ല. മനുഷ്യൻ ഉന്നതമായ സ്ഥാനത്തിന്റെ സൽസ്വഭാവത്തിൽ ആയിത്തീരുന്നതാണ്. ഇതാണ് സത്യഇസ്‌ലാമിന്റെ നിലവാരം. അവൻ ഒരു വേറിട്ട വ്യക്തിയായിത്തീരുന്നു. അല്ലാഹു ഒരുപക്ഷേ, നിങ്ങൾ മുഖേന അവരുടെ മനസ്സിൽ ഇസ്‌ലാമിനോടുള്ള സ്നേഹമിടും. മാതാപിതാക്കളെ സേവിക്കുന്നതിൽനിന്ന് ഇസ്‌ലാം തടയുന്നില്ല. ദീനിനു കുഴപ്പമൊന്നുമുണ്ടാകാത്ത ഭൗതിക കാര്യങ്ങളിൽ അവരെ എല്ലാ രീതിയിലും അനുസരിക്കേണ്ടതാണ്. ഹൃദയംഗമമായ നിലയിൽ സേവിക്കേണ്ടതാണ്.'(മൽഫൂദാത്ത് വാള്യം 4 പേജ് 175 അടിക്കുറിപ്പ് നമ്പർ 1, 1985 ലണ്ടൻ പതിപ്പ്)

മനുഷ്യനും മൃഗവും തമ്മിൽ വ്യത്യാസമുണ്ടാക്കുന്നത് സൽസ്വഭാവം തന്നെയാണെന്ന് അവിടന്ന് ഒരു അവസരത്തിൽ പറഞ്ഞു: ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:"ഒന്നാമതായി നിറത്തിലും സ്ഥിതിഗതിയിലുമുള്ള വ്യത്യാസം കാണാൻ മൃഗങ്ങൾക്കാവില്ല. എന്തൊന്നാണോ മുമ്പിൽ വരുന്നത്, എത്രത്തോളമാണോ മുമ്പിൽ വരുന്നത് തിന്നുകൊണ്ടേപോകുന്നു; നായയെ പോലെ. എത്രത്തോളം തിന്നുന്നുവെന്നാൽ പിന്നീട് ഛർദ്ദിക്കുകയും ചെയ്യുന്നു.(എന്ത് അവസ്ഥയാണ് ഉണ്ടായിരിക്കേണ്ടത്; അത് ഏതവസ്ഥയിലാണുണ്ടാകേണ്ടത് എങ്ങനെയാണ് ഉണ്ടാകേണ്ടത്. അതിലൊന്നും ഒരു വ്യത്യാസവും വരുത്തുകയില്ല. നായയുടെ ഉദാഹരണം നല്കി. എത്ര തിന്നണമെന്ന് അതിന് അറിയില്ല. അത് തിന്നാൽ തുടങ്ങിയാൽ തിന്നുകൊണ്ടേപോകും; അവസാനം ഛർദ്ദിക്കുകയും ചെയ്യും. ഇവിടെ ഇങ്ങനെയുള്ള അവസ്ഥ ചിലയാളുകളിലുള്ളത് നാം കണ്ടിട്ടുണ്ട്. അത്യാഗ്രഹം അവസാനിക്കുന്നേയില്ല. അനുവദനീയവും അനുവദനീയമല്ലാത്തതുമായ മാർഗങ്ങളിലൂടെ– അത് ഭക്ഷണമാണെങ്കിലും വേണ്ടില്ല ജനങ്ങളുടെ ധനമാണെങ്കിലും വേണ്ടില്ല തിന്നാൻ ശ്രമിക്കുന്നു).

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: "രണ്ടാമത്തെ കാര്യം മൃഗം ഹലാലും ഹറാമും തമ്മിൽ വിവേചനം കാണിക്കുന്നില്ല എന്നതാണ്." (ഒന്ന് അതിന് വിവേചനമറിയുകയില്ലെന്നതാണ്. എങ്ങനെയുള്ള അവസ്ഥയിലിരിക്കണം. ഏതുരീതിയിലിരിക്കണം. ആത്മീയത എന്താണ് പറയുന്നത്. ഏതു പരിധിവരെയാണ് നിങ്ങൾക്ക് അനുവദനീയമായത് തിന്നാനും സമ്പാദിക്കാനും അനുവാദം തന്നത്. പോക്കറ്റുകൾ നിറച്ചു കൊണ്ടുപോകുക എന്നതു മാത്രമല്ല; സ്വന്തം ഖജനാവ് നിറച്ചുകൊണ്ടുപോകുക എന്നത് മാത്രമല്ല; മറിച്ച് അതിന് അളവുണ്ടായിരിക്കേണ്ടതാണ്).

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "രണ്ടാമത്തെ കാര്യം മൃഗം ഹലാലും ഹറാമും തമ്മിൽ വിവേചനം കാണിക്കുന്നില്ല എന്നതാണ്. അവിടന്ന് പറഞ്ഞു: 'ഒരു കാള(കാളയുടെ ഉദാഹരണം നല്കുകയാണ്)യ്ക്ക് ഒരിക്കലും അത് അയൽവാസിയുടെ വയലാണെന്നോ അതിൽ കടക്കാൻ പാടില്ലെന്നോ വിവേചിച്ചറിയാൻ കഴിയില്ല." (അഴിച്ചുവിട്ട കാളയാണ്; മൃഗമാണ്. തന്റെ വയലിൽനിന്ന് പുല്ല് തിന്നുകൊണ്ടി

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 05-12 April 2018 Issue-14-15

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

രിക്കുന്നു. വയറുനിറഞ്ഞില്ലെങ്കിൽ അയൽവാസിയുടെ വയലിൽപോയും തിന്നുന്നതാണ്. അതിന് വിവേചനം തന്നെയില്ല) ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'ഇപ്രകാരംതന്നെയാണ് ഭക്ഷണത്തിന്റെ അടിസ്ഥാനത്തിലുള്ള കാര്യവും.' ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ധാർമികമായ അടിസ്ഥാനതത്ത്വങ്ങളെ ലംഘിക്കുന്നവരും അത് വകവെക്കാത്തവരും മനുഷ്യരല്ല. പരിശുദ്ധവും അശുദ്ധവുമായ അവസ്ഥയെന്താണെന്നാൽ അറബികൾ ചത്തപട്ടിയെ തിന്നാറുണ്ടായിരുന്നു." (വീണ്ടും അവിടന്ന് ഉദാഹരണം നല്കി. ഇക്കാലഘട്ടത്തിലും ആളുകൾ തിന്നാറുണ്ട്. പിന്നീട് പറഞ്ഞു:) യത്തീംകളുടെ സ്വത്തു തിന്നുന്നതിന് ഒരു മടിയുമില്ല, തീറ്റപ്പുല്ല് പശുവിന്റെ മുന്നിൽ വെക്കുകയാണെങ്കിൽ ഒരു മടിയുംകൂടാതെ അതു തിന്നും.' (അതായത് പശുവിന്റെ മുമ്പിൽ തീറ്റപ്പുല്ലു വെച്ചുകൊടുത്താൽ അത് അനുവദനീയമോ അനുവദനീയമല്ലാത്തതോ ആയ വഴിയിലൂടെ വന്നതാണെങ്കിലും പശു അതു തിന്നുന്നതാണ്. ഇപ്രകാരമാണ് ചിലയാളുകൾ യതീംകളുടെ മുതൽ അനുവദനീയവും അല്ലാത്തതുമായ മാർഗത്തിൽ തിന്നുന്നത്) പറഞ്ഞു: 'ഇങ്ങനെതന്നെയാണ് ഈയാളുകളുടെ അവസ്ഥ. *വന്നാറു മഥ്വൻല്ലഹും* എന്നതിന്റെ അർഥമിതാണ്; നരകമാണ് അവരുടെ പാർപ്പിടം. (47:13) അനുവദനീയമല്ലാത്ത മാർഗത്തിലൂടെ തിന്നുമ്പോൾ അത്തരം മനുഷ്യരുടെ സങ്കേതം നരകമായിത്തീരുന്നു. പറഞ്ഞു: 'ഓർമിക്കുക. രണ്ടുവശമുണ്ട്. ഒന്ന് ദൈവമഹത്വത്തിന്റേത്. എന്താണോ അതിനെതിരിലുള്ളത് അതും സൽസ്വഭാവത്തിന് എതിരാണ്. രണ്ടാമത്തേത് ദൈവസൃഷ്ടികളോടുള്ള അനുകമ്പ. എന്തൊന്നാണോ മനുഷ്യകുലത്തിന് വിരുദ്ധമായിട്ടുള്ളത് അതും സൽസ്വഭാവത്തിന് വിരുദ്ധമാണ്.'

(അല്ലാഹുവിനോടുള്ള കടമ നിറവേറ്റുന്നില്ലെങ്കിൽ, അവന്റെ മഹത്ത്വം അംഗീകരിക്കുന്നില്ലെങ്കിൽ, അവനെ ആരാധിക്കുന്നില്ലെങ്കിൽ, അവന്റെ കാര്യങ്ങൾ ശ്രദ്ധയോടെ കേൾക്കുന്നില്ലെങ്കിൽ, അവന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് ശ്രമിക്കുന്നില്ലെങ്കിൽ അപ്പോഴും ഇത് സൽസ്വഭാവമല്ല. ജനങ്ങളോടുള്ള കടമ നിറവേറ്റുന്നില്ലെങ്കിൽ, അനുവദനീയമല്ലാത്ത രീതിയിൽ അവരുടെ ധനം തിന്നുകയാണെങ്കിൽ, നഷ്ടം വരുത്താൻ ശ്രമിക്കുന്നെങ്കിൽ അല്ലെങ്കിൽ മറ്റേതെങ്കിലും രീതിയിൽ ദുസ്വഭാവം കാണിക്കുന്നെങ്കിൽ ഇതും സൽസ്വഭാവത്തിന്നെതിരാണ്). ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "മനുഷ്യന്റെ ജീവിതത്തിന്റെ യഥാർഥ ഉദ്ദേശ്യവും ലക്ഷ്യവുമായ ഇക്കാര്യങ്ങളിൽ ചിന്തിക്കുന്നവർ വളരെ കുറച്ചേയുള്ളൂ."(മൽഫൂദാത്ത് വാല്യം 2 പേജ് 78–79, 1985 ലണ്ടൻ പതിപ്പ്)

പിന്നീടുള്ള ഒരു തിന്മയാണ് അഹങ്കാരം. അത് നന്മകളിൽനിന്ന് തടയുന്നു. എന്നല്ല അല്ലാഹുവിന്റെ കോപത്തിന് പാത്രമാക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "മനുഷ്യന്റെ ഉള്ളിൽ നീചമായ സ്വഭാവങ്ങളുടെ ധാരാളം ജിന്നുകളുണ്ടെന്ന് സ്വൂഫികൾ പറയാറുണ്ട്.'(മനുഷ്യന്റെ ഉള്ളിൽ തരംതാണ സ്വഭാവത്തിന്റെ ധാരാളം ജിന്നുകളുണ്ട്). 'ഇതു പുറത്തുവരാൻ തുടങ്ങിയാൽ നിരന്തരം വന്നുകൊണ്ടേയിരിക്കും. എന്നാൽ, അവനിൽ ഇരിക്കുന്ന ഏറ്റവും അവസാനത്തെ ജിന്ന് അഹങ്കാരമാണ്. അല്ലാഹുവിന്റെ കൃപയും മനുഷ്യന്റെ സത്യസന്ധമായ അത്യധ്വാനവും ദുആകളും മുഖേന മാത്രമേ അത് പുറത്തുചാടുകയുള്ളൂ." ഹദ്റത്ത് മസീഹ് മൗഊദ്(അ)പറയുന്നു: "ധാരാളമാളുകൾ തങ്ങളെ വിനയരെന്ന് മനസ്സിലാക്കാറുണ്ട്.(വളരെ വിനയം കാണിക്കുന്നു. താൻ വലിയ വിനയാണെന്ന് മനസ്സിലാക്കുന്നു). 'പക്ഷേ, അവരിലും ഏതെങ്കിലും തരത്തിലുള്ള അഹങ്കാരമുണ്ടാകുന്നു. അതുകൊണ്ട് അഹങ്കാരത്തിന്റെ അതിസൂക്ഷ്മമായ ഇനങ്ങളിൽനിന്നുപോലും രക്ഷപ്പെടേണ്ടതാണ്. ചിലപ്പോൾ ഈ അഹങ്കാരമുണ്ടാകുന്നത് സമ്പത്തുകൊണ്ടാണ്. അഹങ്കാരിയായ ധനികൻ മറ്റുള്ളവരെ യാചകനായി മനസ്സിലാക്കുന്നു. തന്നെ നേരിടാൻ ഇവനാരാണെന്ന് ചോദിക്കുന്നു. ചിലപ്പോൾ കുടുംബത്തിന്റേയും വ്യക്തിത്വത്തിന്റേയും അഹങ്കാരമുണ്ടാകുന്നു. തന്റെ വ്യക്തിത്വം വലുതാണെന്നും ഇവന്റേത് ചെറുതാണെന്നും മനസ്സിലാക്കുന്നു. അറിവുകൊണ്ടും ചിലപ്പോൾ അഹങ്കാരമുണ്ടാകുന്നു; ഒരാൾ തെറ്റ് പറയുമ്പോൾ ഉടനെ അവന്റെ ന്യൂനത പിടിച്ചെടുക്കുന്നു. ഇവന് ശരിയായ ഒരു വാക്കുപോലും പറയാൻ അറിയില്ലെന്ന് പറഞ്ഞ് ബഹളമുണ്ടാക്കുന്നു!ചുരുക്കിപ്പറഞ്ഞാൽ വിവിധതരം അഹങ്കാരമുണ്ട്. ഇതെല്ലാം മനുഷ്യനെ നന്മയിൽനിന്ന് തടയുന്നതാണ്. ജനങ്ങളെ നന്മ ചെയ്യുന്നതിൽനിന്ന് തടയുന്നു. ഇതിൽനിന്നെല്ലാം രക്ഷപ്പെടേണ്ടതാണ്."(മൽഫൂദാത്ത് വാല്യം 6 പേജ് 402, 1985 ലണ്ടൻ പതിപ്പ്).

പിന്നീട് അവിടന്ന് പറയുന്നു: 'ആർക്കും സൽസ്വഭാവത്തിന്റെ ഒരു കഴിവും നല്കപ്പെട്ടിട്ടില്ല. എന്നാൽ, അവന് ധാരാളം നന്മകൾ ചെയ്യാൻ കഴിവു കിട്ടിയിരിക്കുന്നു. സൽസ്വഭാവം ഉപേക്ഷിക്കൽതന്നെയാണ് തിന്മയും പാപവും.' (പറഞ്ഞു. നന്മകൾ ചെയ്യാൻ മനുഷ്യന് കഴിവു ലഭിക്കുന്നു. സൽസ്വഭാവം ഉപേക്ഷിക്കുക എന്നതാണ് തിന്മയും പാപവും. സൽസ്വഭാവം ഉപേക്ഷിക്കുമ്പോൾ അത് തിന്മയും ദോഷവുമായിത്തീരുന്നു. അതുമുഖേന നന്മ ചെയ്യാനുള്ള കഴിവും അവസാനിക്കുന്നു). പറഞ്ഞു: 'ഒരാൾ വ്യഭിചരിക്കുന്നു. അവളുടെ ഭർത്താവിന് എത്രമാത്രം വിഷമമാണുണ്ടാകുന്നതെന്ന് അയാൾക്കറിയില്ല.' (ഏതെങ്കിലും വിവാഹിതയുമായി വ്യഭിചരിക്കുന്നു). അയാൾ ഭർത്താവിനുണ്ടാകുന്ന വിഷമം മനസിലാക്കിയിരുന്നെങ്കിൽ, സൽസ്വഭാവത്തിന്റെ ഭാഗം കിട്ടിയിരുന്നെങ്കിൽ അത്തരം നിന്ദ്യമായ കാര്യം ചെയ്യുമായിരുന്നില്ല. അത്തരം വൃത്തികെട്ട മനുഷ്യന് ഈ ദുഷ്കർമം ചെയ്യുന്ന കാരണത്താൽ മനുഷ്യകുലത്തിന് എന്തെങ്കിലും ഭയാനകമായ ഫലങ്ങളാണുണ്ടാകുന്നതെന്ന് വിചാരമുണ്ടായിരുന്നെങ്കിൽ പിന്മാറുമായിരുന്നു. പറഞ്ഞു: ഒരാൾ മോഷ്ടിക്കുന്നു. രാത്രിയിൽ തിന്നുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുള്ള ഭക്ഷണത്തിൽനിന്നും (ഏതെങ്കിലും പാവപ്പെട്ടവന്റെ വീട്ടിൽ മോഷണം നടത്തുന്നു) വീട്ടുകാരനുവേണ്ടി അല്പംപോലും ആ അക്രമിയായ മോഷ്ടാവ് ബാക്കി വെക്കുന്നില്ല. പാവപ്പെട്ടവൻ വർഷങ്ങളായി സ്വരുക്കൂട്ടിവെച്ചത് എടുത്തുകൊണ്ടുപോകുന്നത് പലപ്പോഴും കണ്ടിട്ടുണ്ട്. അവിടന്ന് പറയുന്നു: 'ആ അവസ്ഥകളെക്കുറിച്ച് അറിഞ്ഞിരുന്നുവെങ്കിൽ, ധാർമികാവസ്ഥയിൽ അന്ധകാനാതിരുന്നുവെങ്കിൽ മോഷ്ടിക്കുമായിരുന്നോ. ഈയിടെ ദിനപത്രങ്ങളിൽ വേദനാജനകമായ മരണങ്ങളുടെ വാർത്തകൾ വന്നുകൊണ്ടിരിക്കുന്നു. ഇന്ന കുട്ടി ആഭരണം കാരണത്താൽ വധിക്കപ്പെട്ടു. ഇന്നയിടത്ത് സ്ത്രീയെ കൊല ചെയ്തു.... ഇനി ചിന്തിച്ചു നോക്കുക. ധാർമികാവസ്ഥ നേരെയായിരുന്നെങ്കിൽ ഇത്തരം വിപത്തുകളുണ്ടാകുന്നതെങ്ങനെ? നമ്മളെപ്പോലുള്ള മനുഷ്യന്റെമേൽ മുസ്വീബത്തുയരുന്നു; ഇവർ മനസ്സിലാക്കുന്നുമില്ല.' (മൽഫൂദാത്ത്, വാല്യം 2, പേജ് 77, 1985 ലണ്ടൻ പതിപ്പ്) സൽസ്വഭാവമില്ലാത്തതുകൊണ്ടും ബോധമില്ലാത്തതുകൊണ്ടും അല്ലാഹുവിനോടുള്ള ഭയമില്ലാത്തതുകൊണ്ടുമാണ് ഈ അവസ്ഥ ഉണ്ടാകുന്നത്. അല്ലാഹുവിനോടു ഭയമുണ്ടെങ്കിൽ മനുഷ്യത്വം മനുഷ്യനിൽ ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ ആരും ചെയ്യുകയില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ ജമാഅത്തിനെ ഉപദേശിച്ചുകൊണ്ട് പറയുന്നു: "ആരാണോ തന്റെ അയൽവാസികളെ തന്റെ സ്വഭാവത്തിൽ മാറ്റം വരുത്തി കാണിക്കുന്നത്, ആദ്യം എന്താണെന്നും ഇപ്പോൾ എന്താണെന്നും, അവൻ ഒരു ദിവ്യാത്ഭുതം കാണിക്കുകയാണ് ചെയ്യുന്നത്. അതിന്റെ സ്വാധീനം അയൽവാസികളിൽ ഉന്നതനിലയിലുണ്ടാകുന്നു. തങ്ങൾക്കറിയില്ല എന്തു അഭിവൃദ്ധിയാണുണ്ടായതെന്ന് പറഞ്ഞ് നമ്മുടെ ജമാഅത്തിനുമേൽ ആക്ഷേപം ഉന്നയിക്കുന്നു."(തങ്ങൾക്കറിയില്ല ജമാഅത്തിന് എന്ത് അഭിവൃദ്ധിയാണ് ഉണ്ടായിട്ടുള്ളതെന്ന് പറഞ്ഞ് എതിരാളികൾ ആക്ഷേപിക്കുന്നു)."കറ്റുകെട്ടിലും കോപത്തിലും ദ്വേഷത്തിലും അകപ്പെട്ടുകിടക്കുകയാണെന്ന് അപവാദം പറയുന്നു."(കോപത്തിലും ദ്വേഷത്തിലും അകപ്പെട്ടുകിടക്കുകയാണെന്നും കറ്റുകെട്ടി പറയുകയാണെന്നും ആക്ഷേപിക്കുന്നു).'മനുഷ്യൻ നല്ലതെന്ന് മനസ്സിലാക്കി ഈ ജമാഅത്തിൽ ചേർന്നിട്ടുള്ളത് അവർക്ക് നാണക്കേടല്ലേ?" (ഇത്തരം പ്രവർത്തനങ്ങൾ ചെയ്തുനടക്കുന്നവർ ലജ്ജിക്കേണ്ടതാണ്). ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: ഒരു മാന്യനായ കുട്ടി തന്റെ പിതാവിന്റെ നല്ല നാമം പ്രകടിപ്പിക്കുന്നു. കാരണം ബയ്ത്തു ചെയ്യുന്നവൻ മകന്റെ സ്ഥാനത്താണുള്ളത്.....'(അതുകൊണ്ട് ബയ്അത്തു ചെയ്തിട്ടുള്ള നിങ്ങളും ഇതാണ് അതാണ് എന്നു പറഞ്ഞ് ആക്ഷേപം ഉന്നയിക്കുന്നവരുടെ വാദം ശരിയാണെന്ന് വിചാരിക്കരുത്). പറഞ്ഞു:'ആത്മീയപിതാവ് ആകാശത്തിൽ കൊണ്ടുപോകുന്നു.'(എപ്രകാരം ശാരീരിക പിതാവ് ഭൂമിയിൽ കൊണ്ടുവരാൻ കാരണക്കാരനാകുന്നുവോ അതുപോലെ ആത്മീയ പിതാവ് ആകാശത്ത് കൊണ്ടുപോകാൻ കാരണക്കാരനാകുന്നു.)'അത് യഥാർഥ കേന്ദ്രത്തിലേക്ക് വഴികാട്ടുന്നു.' പറയുന്നു:'ഏതെങ്കിലും മകൻ തന്റെ പിതാവിന് ദുഷ്പേരുണ്ടാക്കുന്നത് നിങ്ങൾ ഇഷ്ടപ്പെടുന്നുണ്ടോ?; വ്യഭിചാരിണികളുടെ അടുക്കൽ പോകുന്നത്? ചൂതാട്ടവുമായി നടക്കുന്നത്? മദ്യപിക്കുന്നത്? പിതാവിനു ദുഷ്പേരുണ്ടാക്കുന്ന അത്തരത്തിലുള്ള മറ്റു ദോഷങ്ങൾ ചെയ്യുന്നത്?' പറഞ്ഞു: ഈ പണികൾ ആരും ഇഷ്ടപ്പെടുകയില്ലെന്ന് എനിക്കറിയാം. പക്ഷേ, ദുഷ്ടനായ പുത്രൻ അത്തരം കാര്യം ചെയ്യുമ്പോൾ പിന്നെ ആളുകളുടെ വായ അടയുകയില്ല. ആളുകൾ അവന്റെ പിതാവിനെ കുറിമാനമാക്കിക്കൊണ്ടു പറയും ഇന്നയാളുടെ മകൻ ഇന്ന പണി ചെയ്തുവെന്ന്! ആ ദുഷ്ടനായ മകൻ പിതാവിന്റെ ദുഷ്പേരിന് നിമിത്തമായിത്തീരുന്നു. ഇപ്രകാരം ഏതെങ്കിലും വ്യക്തി ഒരു ജമാഅത്തിൽ ചേരുകയും ആ ജമാഅത്തിന്റെ മഹത്ത്വത്തേയും മാന്യതയേയും ഗൗനിക്കാതെ അതിനെതിരിൽ പ്രവർത്തിക്കുകയുമാണെങ്കിൽ അല്ലാഹുവിന്റെ പക്കൽ അവൻ പിടിക്കപ്പെടുന്നതാണ്. കാരണം അവൻ, തന്നെ മാത്രമല്ല നാശത്തിലിടുന്നത് മറിച്ച് മറ്റുള്ളവർക്ക് ചീത്ത മാതൃകയായിക്കൊണ്ട്, അവരെ സൗഭാഗ്യത്തിൽനിന്നും സന്മാർഗത്തിൽനിന്നും തടയുകയും ചെയ്യുന്നു. (ചീത്ത മാതൃക ജനങ്ങൾ കാണുമ്പോൾ അവർ ഈ ജമാഅത്തിൽനിന്ന് അകന്നുപോകും. അവർ അടുത്തു വരികയില്ല. പിന്നീട് ഈ ജമാഅത്തിൽ ചേരുന്നതുകൊണ്ടുള്ള സൗഭാഗ്യങ്ങളിൽനിന്ന് അവർ പിന്തള്ളപ്പെടും). അതിനാൽ നിങ്ങൾക്ക് കഴിയുന്നിടത്തോളം അല്ലാഹുവിനോടു സഹായം തേടുക. നിങ്ങളുടെ മുഴുവൻ ശക്തിയും നിശ്ചയദാർഢ്യവുംകൊണ്ട് ബലഹീനതകൾ അകറ്റാൻ ശ്രമിക്കുകയും ചെയ്യുക. പരാജയമടയുന്ന സ്ഥലങ്ങളിൽ സത്യസന്ധതയോടും ദൃഢവിശ്വാസത്തോടുംകൂടി കൈ ഉയർത്തുക. കാരണം ഭക്തിവിനയാദിനമ്രഭാവങ്ങളാൽ ഉയരുന്ന കൈകൾ, സത്യസന്ധതയുടേയും ദൃഢവിശ്വാസത്തിന്റേയും ആഹ്വാനത്താൽ ഉയരുന്നതുകൊണ്ട് ശൂന്യമായി തിരിച്ചയക്കപ്പെടുകയില്ല. നാം അനുഭവത്തിലൂടെ പറയട്ടെ, നമ്മുടെ ആയിരക്കണക്കിന് ദുആകൾ സ്വീകരിക്കപ്പെട്ടിട്ടുണ്ട്, സ്വീകരിക്കപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നു." പറഞ്ഞു:'ഏതെങ്കിലും വ്യക്തി തന്റെ ഉള്ളിൽ തന്റെ വർഗത്തോടു അനുകമ്പയുടെ ആവേശം കാണുന്നില്ലെങ്കിൽ അവൻ ലുബ്ധനാണെന്നത് ഉറപ്പായ കാര്യമാണ്.'(മറ്റു മനുഷ്യരോടു അനുകമ്പയുടെ ആവേശമില്ലെങ്കിൽ അവൻ പിശുക്കനും ലുബ്ധനുമാണ്).'നന്മയുടേയും ക്ഷേമത്തിന്റേയും ഏതെങ്കിലും കാര്യം കണ്ടാൽ വിളിച്ച് വിളിച്ച് ജനങ്ങളെ അറിയിക്കുക എന്നത് എന്റെ നിർബന്ധ കടമയാണ്. ആരെങ്കിലും അതനുസരിച്ച് പ്രവർത്തിക്കുന്നുണ്ടോ ഇല്ലേ എന്ന് നോക്കേണ്ട കാര്യമമില്ല.(മൽഫൂദാത്ത് വാല്യം 1 പേജ് 146 –147, 1985 ലണ്ടൻ പതിപ്പ്)

പിന്നീട് അവിടന്ന് പറയുന്നു:'മനുഷ്യൻ മുജാഹദ ചെയ്യാത്തിടത്തോളം ദുആയോടുകൂടി പ്രവർത്തിക്കാത്തിടത്തോളം മനസ്സിൽ പതിയുന്ന ആ കടുത്ത വേദന അകലുകയില്ല. അല്ലാഹു പറഞ്ഞു:*ഇന്നല്ലാഹ ലാ യുഗയ്യിറു മാ ബി ഖൗമിൻ ഹത്താ യുഗയ്യിറു മാ ബി അൻഫുസിഹിം*(13:12)സമൂഹത്തിന്റെ മേൽവരുന്ന എല്ലാത്തരം വിപത്തുകളേയും നാശങ്ങളേയും അല്ലാഹു അകറ്റുകയില്ല, ആ സമൂഹം അതകറ്റു ( **ശേഷം പേജ് 7ൽ**)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin